
www.malankaralibrary.com

മണിവിളക്ക്
www.manivilaku.com
ലക്കം 4 | ഏപ്രിൽ 2024



ധന്യൻ മാർ ഇവാനിയോസ് പിതാവേ...
ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ...

www.malankaralibrary.com

# മണിവിളക്ക്

ലക്കം 4 | ഏപ്രിൽ 2024 | Private Circulation

A complete Digital Magazine.

Inspiration
Rev .FR ABAHAM KADAMALA

copyright @
manivilaku.com

Email : editor@manivilaku.com
Phone: 9947825254.

Managing Editor and Published by
TOJO P THOMAS
Parankammoottil H Valakuzhy. P O,
Vennikulam, Pathanamthitta, and
BIJU GEEVARGHESE CHANDANAPALLY

Cover and layout Design
SA SOLUTIONS
Malamukal, Trivandrum -13
sasolution19@gmail.com
9746008226

## ഉള്ളടക്കം

എഡിറ്റോറിയൽ 02
മദ്ബഹോശോ 06
അവരോടൊപ്പം 12
മലങ്കര സഭാചരിത്രം 14
കനിവേറും കരങ്ങൾ 16
There's A Place for you 24
ശ്രദ്ധിയ്ക്കാം 27
ഓർമ്മയിൽ 33
പദ പ്രശ്നം. 34
നാമഹേതുക പെരുന്നാൾ 35
ആരോഗ്യം ജങ്ക് ഫുഡ് 36
വംശീയത 38
Stay Cool and be Aware 39
ഓർക്കാം 40
സാത്താൻ സേവ 41
കചടതപ 44
എഫാത്താ 46
ടൈംലൈൻ 53

























Cover Painting
FR. SHAIJU MATHEW
MEPPURATH OIC

Medium
OIL ON CANVAS



www.malankaralibrary.com

# Editorial



റ്റോജോ പി തോമസ്
എഡിറ്റർ

## 'ധന്യമീ ജീവിതം...'

സഭായൊന്നാകെയുള്ള പ്രാർത്ഥന (...'സാർവത്രിക സഭയ്ക്ക് പൊതുവായി മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് പ്രത്യേകമായും ഒരു വിശുദ്ധന്റെ മാദ്ധ്യസ്ഥംകൂടി ലഭിയ്ക്കുന്നതിനുമായി...') സ്വർഗ്ഗം തുറന്ന് ശ്രവിച്ചിരിയ്ക്കുന്നു എന്നതിന്റെ സാക്ഷ്യപ്പെടുത്തലായിരുന്നു ആ പ്രഖ്യാപനം.

1953 ജൂലൈ 15 നാണ് ധന്യൻ മാർ ഇവാനിയോസ് മെത്രാപ്പോലീത്താ കാലം ചെയ്തത്. വിശുദ്ധ പദവിയിലേക്കുള്ള നാമകരണ നടപടികൾക്കായുള്ള പ്രവർത്തനങ്ങൾ പരിശുദ്ധ സിംഹാസനവുമായി 1998 ഭാഗ്യസ്മരണീയനായ സിറിൽ മാർ ബസേലിയോസ് കാതോലിക്കാ ബാവായുടെ നേതൃത്വത്തിൽ തുടക്കമിടുകയുണ്ടായി. തുടർന്ന്, മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് ക്ലീമ്മീസ് കാതോലിക്ക ബാവാ തിരുമേനി നാമകരണ നടപടികൾക്കായുള്ള എല്ലാവിധ രേഖകൾ സമർപ്പിയ്ക്കുകയും, പ്രത്യേകമായി പ്രാർത്ഥിച്ചും, പ്രാർത്ഥന അഭ്യർത്ഥിച്ചും ഈ വിഷയത്തിൽ പ്രത്യേകമായി ആഗ്രഹിച്ച് പ്രവർത്തിയ്ക്കുകയും 2007 ജൂലൈ 14 നു 'ദൈവദാസൻ' ആയി പ്രഖ്യാപിയ്ക്കുകയുണ്ടായി. റോമിലെ തിരുസംഘത്തിന്റെ പഠനങ്ങൾക്കും അന്വേഷണങ്ങൾക്കും മറ്റെല്ലാവിധമായ നടപടികൾക്ക് ശേഷം ദൈവ ദാസൻ മാർ ഈവാനിയോസ് തിരുമേനിയെ 'ധന്യൻ' (Venerable) ആയി 2024 മാർച്ച് 14നു ഫ്രാൻസിസ് മാർപാപ്പ ഔദ്യോഗികമായി പ്രഖ്യാപിച്ചു. ധന്യൻ മാർ ഈവാനിയോസ് പിതാവ് വാഴ്ത്തപ്പെട്ടവനും വിശുദ്ധനുമായി പ്രഖ്യാപിയ്ക്കപ്പെടുന്ന നാളുകൾ അകലെയല്ല. 1932ൽ മാർ ഇവാനിയോസ് പിതാവ് നടത്തിയ വത്തിക്കാൻ സന്ദർശന വേളയിൽ വിശുദ്ധ കുർബാന അർപ്പിച്ച ബസിലിക്കയാണ് മോറാൻ മോർ ബസേലിയോസ് ക്ലീമ്മീസ് കാതോലിക്ക ബാവാ തിരുമേനിയെ കർദിനാളായി ഉയർത്തപ്പെട്ടശേഷം കൃതജ്ഞതാ ബലിയർപ്പണത്തിന് ലഭിച്ചതെന്ന ദൈവനിയോഗം ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുന്നു.

ഇനി മറ്റൊരു ചിന്തകൂടി പങ്കുവയ്ക്കാമെന്ന് കരുതുന്നു...
ഇപ്പോൾ 'ആട് ജീവിതം' ആണല്ലോ ട്രെന്റ്. ചുട്ടുപൊള്ളുന്ന മരുഭൂമിയിലൂടെ തലയൊളിപ്പിക്കാൻ തണലില്ലാതെ, ദാഹത്തിനിറ്റു വെള്ളമില്ലാതെ നടന്നു പോകുന്ന നിരവധി ആടുജീവിതങ്ങളുണ്ട് നമ്മുടെ ചുറ്റുപാടും. മരുഭൂമിയിൽ മാത്രമല്ല ആടുജീവിതം നയിക്കുന്നവർ എസിമുറികളിൽ ഇരുന്നും ഇപ്രകാരം ജീവിക്കുന്ന നിരവധിപേർ നമ്മുടെ മുമ്പിലുണ്ട്. അത്തരക്കാർ പൊടുന്നനെ ഒരു മരുപ്പച്ചയിലെത്തിയാൽ ഉണ്ടാകുന്ന ആശ്വാസം എത്ര വലുതായിരിക്കും?! നിലവാരമുള്ള ജീവിത സാഹചര്യങ്ങൾ ഉള്ളപ്പോൾ പോലും സ്വയമേ ആടുജീവിതം ഏറ്റെടുക്കുന്ന മൂഢനായ മനുഷ്യരെയും നമ്മുക്ക് കാണാൻ സാധിയ്ക്കും. പ്രമുഖ സഞ്ചാര പ്രമുഖന്റെ ഡയലോഗ് ഇപ്പോൾ വൈറലാണ്. 'ഭൂമിയിൽ ഒന്നും ചെയ്യാൻ കഴിവില്ലാത്ത ദൈവത്തിന് സ്വർഗത്തിൽ എന്ത് വാഴക്കായ ചെയ്യാനാ പറ്റുന്നത്...' നിരീശ്വരവാദമാണോ ഇവിടെ പ്രകടമാകുന്നത്? അല്ല. ദൈവമുണ്ടെന്ന് മറ്റുള്ളവരെ മനസ്സിലാക്കിക്കാൻ നമ്മുക്ക് കഴിയുന്നുണ്ടോ? ചേർത്ത് നിർത്തലിന്റെ കരങ്ങളും, ആശ്വാസ വാക്കുകളും, എന്തിന് ഒരു ചിരി പോലും നമ്മിൽ നിന്നും നമ്മുടെ കൂട്ടായ്മകളിൽ നിന്നും നഷ്ട്ടപെട്ടിരിയ്ക്കുന്നു. ഓരോ വിശ്വാസിയിലും സഭയും സഭാപിതാക്കന്മാരും നടത്തുന്ന ഇടപെടലിന്റെ മരുപ്പച്ചയിൽ ഉണ്ടായ വ്യതിയാനങ്ങൾ എത്രത്തോളം പലസാഹചര്യത്തിലൂടെയും ആടുജീവിതം നയിക്കുന്നവരുടെ ജീവിതം മാറ്റിയിട്ടുണ്ടായിരുന്നു... എന്താവശ്യങ്ങൾക്കും വൈദീകരെയൊ സന്ന്യസ്തരെയൊ സമീപിച്ചിരുന്ന നമ്മുടെ രീതികളിൽ മാറ്റം വന്നിട്ടുണ്ടോ? എന്താണ് കാരണം...

www.malankaralibrary.com



ഫാ. ഡോ. ഗീവർഗ്ഗീസ് കുറ്റിയിൽ ഒ.ഐ.സി
Superior general of bethany ashram

# ധന്യൻ മാർ ഈവാനിയോസ്

## തലമുറകളിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്ന പ്രചോദനം





**ബഥനി** സന്ന്യാസ സമൂഹസ്ഥാപകൻ പുണ്യപിതാവായ മാർ ഈവാനിയോസ് പിതാവിനെ ധന്യരുടെ പദവിയിലേക്കുയർത്തിയെന്നുള്ള സന്തോഷ വാർത്ത, ആഗോള കത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷൻ പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ 2024 മാർച്ച് 14ാം തീയതി പുറപ്പെടുവിച്ച ഡിക്രിയിലൂടെ നമ്മെ അറിയിച്ചു. കത്തോലി ക്കാസഭയുടെ കാനോനിക നടപടിക്രമങ്ങളുടെ (Canonization Process) ഭാഗമായിട്ടുള്ള ആദ്യഘട്ടമായ “ദൈവദാസൻ’ എന്ന പദവിയിൽ നിന്നും, തുടർ ഘട്ടമായ ‘ധന്യരുടെ’ പദവിയിലേക്കാണ് അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവിനെ സാർവ്വത്രിക സഭയിൽ പരിശുദ്ധ പിതാവ് ഉയർത്തിയിരിക്കുന്നത്. ദൈവദാസൻ എന്ന പദവിയിൽ നിന്നും, ധന്യരുടെ പദവിയിലേക്കും തുടർന്ന് വാഴ്ത്തപ്പെട്ടവരുടെയും വിശുദ്ധരുടെയും ഗണത്തിലേക്കും ഉയർത്തപ്പെടുന്നതിനായി സഭാമക്കൾ ഏവരും പ്രാർത്ഥനയോടെ കാത്തിരിക്കുകയായിരുന്നു.

www.malankaralibrary.com

# ദൈവാത്മാവിന്റെ നടത്തിപ്പ്

മാർ ഈവാനിയോസ് പിതാവിന്റെ ജീവിതവഴികളിലെല്ലാം പരിശുദ്ധാത്മാവിന്റെ വലിയ നടത്തിപ്പുണ്ടായിരുന്നതായി ആ പുണ്യപിതാവിന്റെ ജീവിതത്തെ അടുത്തറിയുന്നവർക്ക് മനസ്സിലാക്കുവാൻ വലിയ ബുദ്ധിമുട്ട് ഉണ്ടാവുകയില്ല. ചെറുപ്പകാലം മുതൽ മാർ ഈവാനിയോസ് പിതാവിന്റെ ജീവിതത്തിലെ പ്രധാനപ്പെട്ട എല്ലാസംഭവങ്ങളോടും ചേർന്ന് ദൈവാത്മാവിന്റെ ഈ നടത്തിപ്പിനെ പറ്റി രേഖപ്പെടുത്തിയിട്ടുണ്ട്. "ഞാൻ വയ്ക്കുന്ന ഓരോ കാലടിയിലും നല്ലവനായ ദൈവം എന്നെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നു എന്നുള്ള പരിപൂർണ്ണ വിശ്വാസം എനിക്കുണ്ട്' എന്നാണ് മാർ ഈവാനിയോസ് പിതാവ് ദൈവിക നടത്തിപ്പിനെപ്പറ്റി തന്റെ ആത്മകഥയിൽ കുറിച്ചിട്ടിട്ടുള്ളത്. മാർ ഈവാനിയോസ് പിതാവ് കത്തോലിക്കാ സഭയിൽ ചേർന്നതിനുശേഷം യാക്കോബായ ഓർത്തഡോക്സ് സഹോദരങ്ങൾ പിതാവിനെപ്പറ്റി പറഞ്ഞു പരത്തിയ അപവാദങ്ങളും നുണപ്രചരണങ്ങളും അനവധിയാണ്. പിതാവിനെ കള്ളനെന്നും ചതിയനെന്നും സഭയെ വഞ്ചിച്ചവനെന്നും പറഞ്ഞ് അധിക്ഷേപിച്ചതും ഭീഷണിപ്പെടുത്തിയും കയ്യേറ്റം നടത്തിയും തളർത്താൻ ശ്രമിച്ചതും ചരിത്രത്തിന്റെ ഏടുകളിൽ എഴുതപ്പെട്ടിട്ടുള്ളതാണ്. ഓർത്തഡോക്സ് സഭയെ വഞ്ചിച്ചവൻ കത്തോലിക്കാസഭയെയും പറ്റിക്കും എന്നു പറഞ്ഞവരോട് പിതാവ് നൽകിയ മറുപടി ആരെയും അതിശയിപ്പിക്കുന്നതാണ്. "യാക്കോബായ ഓർത്തഡോക്സ് സഭകളിലെ വഴക്കും മത്സരവും അഹങ്കാരവും അനുസരണമില്ലായ്മയും ഉപേക്ഷിച്ചു പോരുന്നതിൽ പരിശുദ്ധ റൂഹാ നമ്മെ പറ്റിക്കതന്നെ ചെയ്തു. യാക്കോബായഓർത്തഡോക്സ് സഹോദരങ്ങൾ അവരുടെ മനസ്സിനെ ദൈവത്തിൽ സമർപ്പിക്കുന്ന പക്ഷം പരിശുദ്ധ റൂഹാ അവരെയും പറ്റിക്കുമെന്നാണ് നമ്മുടെ ബോധ്യം." ആരെയും മുറിപ്പെടുത്താതെയും അതേസമയം ദൈവാത്മാവിന്റെ പ്രേരണയോടു ചേർന്നു നിൽക്കുവാൻ പ്രചോദനം നൽകുകയും ചെയ്യുന്ന വാക്കുകളാണിവ. വലിയ എതിർപ്പുകളുടെ മധ്യത്തിൽ നിൽക്കുമ്പോഴും ശാന്തത കൈവെടിയാതെ സമചിത്തതയോടെയും ബഥനി ആശ്രമത്തിന്റെ ആകൃതിക്കുള്ളിൽ നിന്നും ആവാഹിച്ചെടുത്ത സന്ന്യാസജീവിതത്തിന്റെ പക്വമായ ആത്മീയതയുടെ നിറവിലും അവയൊക്കെ അതിജീവിക്കുന്നതിന് വന്ദ്യപിതാവിന് സാധിച്ചു.



www.malankaralibrary.com

കൊടുങ്കാറ്റിൽപ്പെട്ട് വള്ളം ആടിയുലഞ്ഞപ്പോഴും തിരമാലകൾ വഞ്ചിയിലേക്ക് ആഞ്ഞടിച്ച് കയറി വഞ്ചിയിൽ വെള്ളം നിറഞ്ഞു കൊണ്ടിരുന്നപ്പോഴും അമരത്ത് തലയിണ വച്ച് ശാന്തമായി ഉറങ്ങുകയായിരുന്ന യേശുവിനെപ്പോലെ (മർക്കോ 4:3541) ഏതു പ്രതികൂല സാഹചര്യങ്ങളെയും തരണം ചെയ്യുവാനുള്ള ആത്മീയ കരുത്ത് ഇതിനോടകം മാർ ഈവാനിയോസ് പിതാവിന് കൈവന്നിരുന്നു.

പ്രാർത്ഥനയുടെയും ധ്യാനത്തിന്റെയും പിൻബലത്തിൽ തന്റെ മനസ്സിനെ ദൈവത്തിൽ സമർപ്പിച്ച് ദൈവാത്മാവിനാൽ പ്രചോദിതനായിട്ടാണ് തന്റെ ഓരോ ചുവടുവയ്ക്കുമെന്ന് മാർ ഈവാനിയോസ് പിതാവിന്റെ ജീവിതത്തിലെ ഓരോ സംഭവങ്ങളും നമ്മെ ഓർമ്മപ്പെടുത്തുന്നു. ഏതൊരു സഭാവിശ്വാസിയും പിൻതുടരേണ്ട ജീവിത മാതൃകയാണ് പുണ്യപിതാവ് നമുക്ക് കാട്ടിത്തരുന്നത്. ശക്തമായ പ്രതിഷേധങ്ങളും പ്രതിബന്ധങ്ങളും തനിക്കുചുറ്റും വട്ടമിട്ടു പറക്കുമ്പോഴും അവയെയൊക്കെ സധൈര്യം നേരിടുന്നതിനും പുനരൈക്യപ്രസ്ഥാനത്തിന് നേതൃത്വം നൽകുന്നതിനും അങ്ങനെ സാർവ്വത്രിക സഭയുടെ അനന്ത വിഹായസ്സിലേക്ക് പറന്നുയരുന്ന തിനും മാർ ഈവാനിയോസ് പിതാവിന് സാധിച്ചത് ദൈവാത്മാവിന്റെ നടത്തിപ്പിലൂടെയാണ്.

സാർവ്വത്രിക ഭാവം വിശുദ്ധിയുടെ അടയാളം എല്ലാവരെയും ഉൾക്കൊള്ളുന്ന സാർവ്വത്രിക ഭാവത്തിലേക്കുള്ള വളർച്ചയാണ് ആത്മീയ പക്വതയുടെ ലക്ഷണം. തടസ്സങ്ങൾ സൃഷ്ടിക്കുന്നവനല്ല, തടസ്സങ്ങൾ മാറ്റുന്ന വനായിരിക്കണം ഓരോ ക്രിസ്തു ശിഷ്യനും. ക്രിസ്തുവിന്റെ മനസിനോളം ഓരോ ക്രിസ്തു ശിഷ്യന്റെയും മനസ് വിശാലമാ കുമ്പോൾ മാത്രമാണ് ഈ സ്വപ്നം പൂവണിയുന്നത്. മാർ ഈവാനിയോസ് പിതാവ് പരിശുദ്ധാത്മാവിന്റെ നടത്തിപ്പിന് വിധേയപ്പെട്ട് ക്രിസ്തുവിന്റെ മനസിനെ സ്വന്തമാക്കി. വ്യക്തിഗതമായ നേട്ടങ്ങൾക്ക് സഭയെ കരുവാക്കുകയും ഭിന്നിപ്പിന്റെ സ്വരം ഉയർത്തുകയും ചെയ്യുന്നവർക്ക് മാർ ഈവാനിയോസ് പിതാവ് ഉയർത്തുന്ന ഈ വെല്ലുവിളി കൂടുതൽ അസ്വസ്ഥത ഉളവാക്കുമെന്നുള്ളതിന് സംശയമില്ല. ദൈവത്തോടും ദൈവീക നിയോഗങ്ങളോടുമല്ലാതെ ഒന്നിനോടും കടപ്പാടില്ലാതെ മുന്നേറുവാനുള്ള ധൈര്യം ഉണ്ടാകണം എന്നാണ് ഇവിടെ വിവക്ഷിക്കുന്നത്.

ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ ജീവിതം മുഴുവൻ ദൈവാത്മാവിനാൽ നയിക്കപ്പെട്ടതായിരുന്നു. ഇപ്രകാരം പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നവർക്കു മാത്രമേ മാർ ഈവാനിയോസ് പിതാവിനെപ്പോലെ ഇപ്രകാരം പറയുവാൻ സാധിക്കുകയുള്ളു: "എല്ലാറ്റിന്റേയും അടിസ്ഥാനം ദൈവകരുണ തന്നെ. അവിടുന്ന് തുടങ്ങി, അവിടുന്ന് നടത്തി, നാം ഒന്നും ചെയ്തില്ല, ചെയ്യിച്ചുമില്ല." അതുകൊണ്ടാണ് തലമുറകളിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്ന ഒരു പ്രചോദനമായി മാർ ഈവാനിയോസ് പിതാവിന്റെ ജീവിതം മാറുന്നത്. പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ "ആനന്ദത്തിന്റെ സാക്ഷികൾ' എന്ന അപ്പസ്തോലിക ലേഖനത്തിൽ നമ്മെ ഓർമ്മിപ്പിക്കുന്നതുപോലെ "കൂടുതൽ മഹത്തായ കാര്യങ്ങൾ ചെയ്യുന്നതിനുവേണ്ടി പരിശുദ്ധാത്മാവ് നിങ്ങളെ അയയ്ക്കുന്ന ഭാവിയിലേക്ക് നോക്കുക. ദൈവാത്മാവിനാൽ പ്രചോദിതനായി മുന്നേറിയ മാർ ഈവാനിയോസ് പിതാവിന്റെ ജീവിതം ഏതു കാലഘട്ടത്തിൽ ജീവിക്കുന്നവർക്കും ജ്വലിച്ചു നിൽക്കുന്ന ഒരു പ്രകാശസ്തംഭമാണെന്നുള്ളതിന് സംശയമില്ല



www.malankaralibrary.com



റവ. ഫാ. എബ്രഹാം കാടമല

ܡܕܪܫܐ

# മദ്റോശോ

2024 ഏപ്രിൽ 7

## പുതുഞായറാഴ്ച

യോഹ. 20 : 19 - 29

**ച**രിത്രാതീതകാലം മുതൽ വിശുദ്ധ ദിവസവും വിശ്രമ ദിവസവും എഴാം ദിവസമായിരുന്നല്ലോ (ഉല്പ 2/3). യഹൂദരെ സംബന്ധിച്ചു പറഞ്ഞാൽ ഇത്ര നിഷ്ഠയോടെ ആചരിച്ചിരുന്ന മറ്റൊരു ദിനമോ മറ്റൊരു കല്പനയോ കാണുകയില്ല. ഒരു പക്ഷേ റോമാ ചക്രവർത്തി ഒരു കല്പന പുറപ്പെടുവിച്ചിരുന്നെങ്കിൽ പോലും ശാബത്ത് ആഴ്ചയുടെ ഒന്നാം ദിവസമാക്കാൻ ഇസ്രായേൽ ജനത തയ്യാറാകുമായിരുന്നില്ല. ആരും പ്രത്യേകിച്ച് കല്പിക്കുകയോ നിർബന്ധിക്കുകയോ ചെയ്യാതെ തന്നെ എത്ര നിശബ്ദമായും സ്വാഭവികമായുമാണ് ആ പരിവർത്തനം സംഭവിച്ചതെന്നു നോക്കുക. ലോകചരിത്രത്തിൽ ഇതിനു മുൻപ് ഒരിക്കലും സംഭവിച്ചിട്ടില്ലാത്തതും മനുഷ്യ ജീവിതത്തിൽ മറ്റെന്തിനേക്കാൾ സുപ്രധാനമായ ഒരു സംഭവമാണ് അന്നുണ്ടായത്. മരിച്ച് കാലയവനികക്കപ്പുറത്തേക്ക് മറഞ്ഞ ഒരു ചരിത്ര പുരുഷൻ ആ മറ നീക്കി ചരിത്രത്തിലേക്ക് തിരികെ വരികയും തന്റെ സ്നേഹിതന്മാരെയും ശിഷ്യരെയും സംഘടിപ്പിച്ച് ഒരു പുതിയ ഭൂമിയും ഒരു പുതിയ ആകാശവും നിർമ്മിച്ചു കൊണ്ടേയിരിക്കുന്നു. ഇതു തന്നെയാണ് ക്രിസ്തു ഉയർത്തെഴുന്നേറ്റു എന്നതിന്റെ ഏറ്റം പ്രധാനപ്പെട്ട ഒരു തെളിവ്.

ടെലഫോൺ വിളികളും സ്വകാര്യ സംഭാഷണങ്ങളു മൊക്കെ ഒളിക്യാമറകളിലൂടെ ഒപ്പിടുത്ത് നാടൊട്ടുക്ക് പ്രചരിപ്പിക്കുന്ന ഇക്കാലത്ത് അവയെക്കാൾ വ്യക്തമായ രീതിയിൽ ദൈവ സന്നിധിയിൽ രേഖപ്പെടുത്തപ്പെടുന്നുണ്ട് എന്ന വസ്തുത വിശ്വസിക്കാൻ പ്രയാസമില്ലല്ലോ. അപ്പസ്തോലനായ തോമസ് യേശുവിന്റെ തിരുമുറിവുകൾ തനിക്കും കാണണമെന്ന് ശാഠ്യം പിടിച്ചപ്പോൾ അതറിഞ്ഞ യേശു വീണ്ടും പ്രത്യക്ഷപ്പെടുകയും തോമസിനെ പ്രത്യേകം പരിഗണിക്കുകയും ചെയ്യുകവഴി എല്ലാവർക്കും ബോദ്ധ്യപ്പെടുത്തി കൊടുത്ത ഒരു മഹാസത്യം ഇതാണ്. ഇനി മുതൽ താൻ മറഞ്ഞിരുന്നാലും ആർക്കും തന്റെ ദൃഷ്ടിയിൽ നിന്ന് മറഞ്ഞിരിക്കാൻ പറ്റില്ല. ദൈവരാജ്യത്തിന്റെ പരമാധികാരിക്ക് ചാരന്മാരുടെ രഹസ്യാന്വേഷണ വകുപ്പിന്റെ സഹായം ആവശ്യമില്ല. ഒരു ക്രിസ്തുശിഷ്യന് ആശ്വാസവും ആത്മധൈര്യവും പകരുന്നതു പോലെ തന്നെ ഭയത്തോടും വിറയലോടും കൂടി സൂക്ഷിക്കാൻ പ്രേരണ നൽകുന്ന ദൈവിക വെളിപാടാണത്. ഈശോയുടെ ഈ പ്രത്യക്ഷപ്പെടൽ വഴി ഒട്ടേറെ സുപ്രധാനമായ ദിവ്യ സത്യങ്ങൾ തന്റെ ശിഷ്യന്മാർക്ക് വെളിപ്പെടുത്തി കൊടുക്കുന്നുണ്ട്.



www.malankaralibrary.com

ലോകത്തിന്റെ പാപത്തെ നീക്കിക്കളയുവാനും മനുഷ്യ മക്കളെ ദൈവമക്കളായി രൂപീകരിച്ചെടുക്കുവാനുമായി പിതാവായ ദൈവം തന്റെ പ്രിയ പുത്രനെ ലോകത്തിലേക്കയച്ചതു പോലെ, അതേ ദൗത്യവുമായി യേശു തന്റെ ശിഷ്യന്മാരെ ലോകത്തിന്റെ അതിർത്തികളോളം ചുമത ലപ്പെടുത്തി അയച്ചിരിക്കുന്നു. ഈ ദൗത്യ നിർവ്വഹണത്തിന് ദിവ്യഗുരു നമ്മെ പഠിപ്പിച്ച വഴിയും ജീവിത മാതൃകയും തന്നെയാണ് നമുക്കും ആധാരം (20/22).

ആയിരക്കണക്കിന് ചാനൽ പ്രോഗ്രാമുകൾ അന്തരീക്ഷത്തിലുണ്ടെങ്കിലും അവ നമുക്കാസ്വദിക്കണമെങ്കിൽ അവയെ സ്വീകരിക്കാൻ പറ്റിയ സജ്ജീകരണങ്ങൾ നമ്മുടെ പക്കൽ വേണം. മാത്രമല്ല നമ്മുടെ ഉപകരണങ്ങളും നാം തന്നെയും അതിനായി ട്യൂൺ ചെയ്യപ്പെടണം. ഈ സന്നദ്ധത, ദൈവകൃപ സ്വീകരിക്കുന്നതിനാവശ്യമായ മനസ്സൊരുക്കത്തിനാണ് നാം വിശ്വാസം എന്ന പദം ഉപയോഗിക്കുന്നത്. ഓരോ വ്യക്തിയും, സമൂഹവും, കുടുംബവും ദൈവോന്മു ഖമായി ട്യൂൺ ചെയ്യാൻ പ്രാപ്തരാക്കുക എന്നതാണ് ഓരോ ക്രിസ്തു ശിഷ്യന്റെയും മിഷനറിയുടെയും ചുമതല. യേശുവിനെ സ്വന്തം കർത്താവും രക്ഷിതാവും ദൈവവുമായി ഏറ്റു പറയുകയും അനുസരിക്കു കയും ആത്മ സമർപ്പണം ചെയ്യുകയും വേണം. അത്തരമൊരു വിശ്വാസം അതല്ലേ എല്ലാം.

2024 ഏപ്രിൽ 14

**ഉയർപ്പിനുശേഷം 2-ാം ഞായർ**

യോഹ. 21 : 1 - 14

# 153 മത്സ്യങ്ങൾ 7 ശിഷ്യന്മാർ; യേശു ഒരുക്കിയ പ്രഭാത ഭക്ഷണം

**യോ**ഹന്നാന്റെ സുവിശേഷം 20/30 ലും 21/25 ലും സൂചിപ്പിച്ചിരിക്കുന്നതുപോലെയുള്ള മറ്റനേകം കാര്യങ്ങളുടെ ഒരു സാമ്പിൾ 21ാം അദ്ധ്യായത്തിൽ പ്രത്യേകം രേഖപ്പെടുത്തുവാനുള്ള പ്രധാന കാരണം ഒരു കാരണ വശാലും ക്രിസ്തീയ സഭയിൽ ഗ്രൂപ്പിസമോ വേർതിരിവോ ഭിന്നതയോ ഉണ്ടാകാതിരിക്കാൻ വേണ്ട മുൻകരുതൽ എടുക്കേണ്ടത് അത്യാവശ്യമാണെന്ന് സൂചിപ്പിക്കാനാണ്.

യോഹന്നാന്റെ സുവിശേഷത്തിൽ വിവരിച്ചിരിക്കുന്ന ഓരോ അത്ഭുതവും ദൈവം മനുഷ്യനെ വെളിപ്പെടുത്താൻ ആഗ്രഹിക്കുന്ന ദൈവിക സത്യങ്ങളുടെ അടയാളങ്ങളാണല്ലോ. ഈ അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്ന അത്ഭുതകരമായ മീൻപിടുത്തം ക്രിസ്തു ശിഷ്യന്മാരുടെ മിഷനറി പ്രവർത്തനത്തിലൂടെ നേടിയെടുക്കാൻ പോകുന്ന വിജയം എപ്രകാരമായിരിക്കുമെന്ന് വ്യക്തമാക്കുന്നു.

ഏഴ് സമ്പൂർണ്ണതയെ കുറിക്കുന്നതാകയാൽ തിരുസഭയെ ഒന്നാകെ സൂചിപ്പിക്കുകയാണ്. ഏഴ് അപ്പസ്തോലന്മാർ ഒന്നാകെ മത്സ്യബന്ധനത്തിലേർപ്പെടുന്നു. അവർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്ന യേശു അവരോടൊപ്പം ചേരുന്നതോടെ വലനിറച്ച് മത്സ്യങ്ങൾ, അതും അന്നുവരെ അറിയപ്പെട്ടിരുന്ന എല്ലാത്തരം മത്സ്യങ്ങൾ (153 ന്റെ സൂചന ശ്രദ്ധിക്കുക) വലിയ മത്സ്യങ്ങൾ തന്നെ അപ്പോസ്തലന്മാരുടെ വലയിൽ അകപ്പെട്ടു. ഇത്രയും വലിയ ഒരു മീൻ പിടിത്തം ലോകചരിത്രത്തിൽ വേറെയില്ല. യേശുക്രിസ്തു എന്നോടൊപ്പമുണ്ടെങ്കിൽ ഞാൻ ഹീറോ. യേശുക്രുസ്തു ഇല്ലെങ്കിൽ ഞാൻ വെറും സീറോ.

സമൃദ്ധിയുടെ ഈ അത്ഭുതാരവങ്ങൾക്കിടയിലും വിസ്മരിക്കപ്പെടാൻ പാടില്ലാത്ത മറ്റൊരത്ഭുതമായി കാണേണ്ടത് അവരുടെ

www.malankaralibrary.com

വല കീറിപ്പോയില്ല എന്നതാണ്. വ്യത്യസ്ത തകൾക്കും വൈവിധ്യങ്ങൾക്കും യാതൊരു പഞ്ഞവും ഇല്ലെങ്കിലും 120 കോടി കത്തോലിക്കർ ഒരു ചരടിൽ കോർത്തെടുത്ത മുത്തുമണികൾ പോലെ ഐക്യത്തിലും സ്നേഹത്തിലും അനുസരണയിലും സഹകരണത്തിലും നിശബ്ദമായി മുന്നേറുന്നെങ്കിൽ അത് പരിശുദ്ധാത്മാവിന്റെ അതിശക്തമായ സാന്നിദ്ധ്യത്തിന്റെ തെളിവാണ്. പലരും തിരുസഭയെ നോക്കി കാണുന്നത് ഒരു മാനുഷിക സംഘടന എന്ന രീതിയിലാണ്. വളരെ അപകടകരമായ ഒരു കാഴ്ചപ്പാടണത്. മനുഷ്യർ അവരുടെ പരിമിതമായ കഴിവുകളും ആസൂത്രണ പാടവവും ഭരണ നൈപുണ്യവും കൊണ്ട് നിലനിർത്തിപ്പോരുന്ന ഒരു സംഘടനയായി തിരുസഭയെ പരിമിതപ്പെടുത്തുന്നതുകൊണ്ടാണ് ബൈബിൾ വായിക്കാനറിയാവുന്ന ഇതൊരാൾക്കുമൊരു സഭ തട്ടിക്കൂട്ടാമെന്ന് കരുതുന്നത്.

പ്രളയത്തിലകപ്പെട്ട് നാമാവശേഷമാകുമായിരുന്ന ജീവജാതിയെ മുഴുവൻ സംരക്ഷിച്ചു രക്ഷിക്കാനായി ദൈവം സ്ഥാപിച്ചു തന്ന നോഹയുടെ പേടകത്തോട് തിരുസഭയെ സാമ്യപ്പെടുത്താം. നാം യാത്രചെയ്യുന്ന കപ്പലോ വിമാനമോ മറ്റെന്തു വാഹനമായാലും അത് ഒന്നായും ബലമായും ഇരിക്കുമ്പോൾ മാത്രമല്ലേ നാം സുരക്ഷിതമായി ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരുകയുള്ളു. മഞ്ഞുമലയിൽ മുട്ടിത്തകർന്ന ടൈറ്റാനിക് എന്ന കപ്പലിന്റെ ദുരവസ്ഥ ചിന്തിച്ചു നോക്കുക തിരുസഭയുടെ ഏകത്വവും പരിശുദ്ധിയും പരിപാലിക്കപ്പെടേണ്ടത് നമ്മുടെ ആവശ്യമാണ്.

ആ പ്രഭാത ഭക്ഷണത്തിലുമുണ്ട് അത്ഭുതകരമായൊരു സഭാത്മക കൂട്ടായ്മയുടെ പരിവേഷം. അപ്പവും വീഞ്ഞുമെന്ന് കേട്ടാൽ ഒരു ക്രൈസ്തവന് വിശുദ്ധ കുർബ്ബാനയുടെ ഓർമ്മ വരാതിരിക്കില്ല. അതിനാൽ പങ്കുചേരുന്നവർ ക്രിസ്തുവിനോടും പരിശുദ്ധ സഭയിലെ ഓരോ അംഗങ്ങളോടും സംബന്ധവും കൂട്ടായ്മയും ഉള്ളവരാകുകയാണല്ലോ.

ഇവിടെ ഇതാ സമാനമായ ഒരു വിരുന്ന്. വിരുന്ന് വിള മ്പിത്തരുന്ന ആതിഥേയൻ ക്രിസ്തു തന്നെയാണെ ന്നുള്ളത് സംഭവത്തിന്റെ സമാനതയും ശക്തിയും വർദ്ധിപ്പിക്കുന്നു. അപ്പവും വീഞ്ഞും എന്നതിനുപകരം അപ്പവും മീനും എന്ന് വളരെ ചെറിയ ഒരു വ്യത്യാസം മാത്രം. ആ വിരുന്നിൽ പങ്കെടുക്കുന്നവരുടെ ശാരീരികമായ വിശപ്പും ക്ഷീണവും മാത്രമാണോ ശമിച്ചത്? അതി രാവിലെ കുളി കഴിഞ്ഞ് തലമുടി ചീകുവാൻ നീലകണ്ണാടിയിൽ നോക്കുമ്പോൾ അതിനുള്ളിൽ നിന്നും ഒരു കപ്പ് ചൂടു ചായയും വഹിച്ചുകൊണ്ട് ഒരു കൈ നമ്മുടെ നേരേ നീട്ടിയാൽ ആ രംഗം ജീവിതത്തിൽ എന്നെങ്കിലും മറക്കാൻ നമുക്ക് കഴിയുമോ. അതിലൊക്കെ എത്രയോ അതിശയകരമായ ഒരനുഭവമാണ് മരിച്ചടക്ക പ്പെട്ടതിനുശേഷം ഉയർത്തെഴുന്നേറ്റ് സ്വർഗ്ഗസ്ഥനായ തന്റെ പിതാവിന്റെ വലതു വശത്ത് ഉപവിഷ്ടനായതിനുശേഷം കാലയ വനിക അല്പമൊന്നു പൊക്കി വീണ്ടും തന്റെ സ്നേഹിതർക്കുവേണ്ടി കനലിൽ ചുട്ടെടുത്ത അപ്പവും മത്സ്യവും സ്വയം വിളമ്പിക്കൊടുത്ത ദിവ്യനാഥന്റെ സൽക്കാരത്തിൽ പങ്കെടുത്തവർക്കുണ്ടായത്!!! ദിവ്യമായൊരനുഭൂതിയിൽ ലയിച്ച് അന്ധാളിച്ചു പോയെങ്കിലും അതു കർത്താവാണെന്ന കാര്യത്തിൽ അവർക്കാർക്കും ലേശവും സംശയമുണ്ടായിരുന്നില്ല. നമ്മുടെ വികാര വിചാരങ്ങൾ ഈ ഭൗതീകതയുടെ പരുക്കൻ മേഖലയിൽ നിന്നും സ്വർഗ്ഗീയ മണ്ഡലങ്ങളിലേക്ക് അല്പം ഉയർത്തുവാൻ കഴിഞ്ഞില്ലെങ്കിൽ നമുക്കെങ്ങനെ വിശുദ്ധ കുർബാന അനുഭവിച്ചറിയാൻ കഴിയും?



www.malankaralibrary.com

2024 ഏപ്രിൽ 21

## ഉയിർപ്പിനുശേഷം 3-ാം ഞായർ

ലൂക്കാ. 24 : 13 - 35

## എമ്മാവൂസ് യാത്രാവിവരണം

ഒരു പക്ഷേ നമുക്കുചുറ്റു മുള്ള മറ്റു മതങ്ങളുടെ സാന്നിദ്ധ്യവും സ്വാധീനവും കൊണ്ടാവാം, നമ്മുടെ മതപരമായ ആചാരങ്ങളും അനുഷ്ഠാനങ്ങളും അനുഭവങ്ങളും ചില പ്രത്യേക സ്ഥലങ്ങളെയോ സമയങ്ങളെയോ കർമ്മങ്ങളെയോ മാത്രം കേന്ദ്രീകരിക്കുന്നതിനും ബാക്കിയുള്ള സമയവും അനുദിന വ്യാപാരവുമെല്ലാം തികച്ചും വേറിട്ടു കാണുവാനും ഇടയാക്കിയിരിക്കുന്നത്. എന്നാൽ ക്രിസ്തീയതയുടെ ഉറവിടവും പ്രേരകശക്തിയും ഉത്ഥാനം ചെയ്ത, ഏത് അട ച്ചിട്ട മുറിയിലും ഏതു സമയത്തും സന്നിഹിതനായിരിക്കുന്ന ക്രിസ്തുവിന്റെ ആത്മാവാകയാൽ രാവെന്നോ പകലെ ന്നോ വ്യത്യാസമില്ലാതെ, പൊതുവഴിയെന്നോ സ്വകാര്യ ഭവനങ്ങളുടെ ഊണു മുറിയെന്നോ നോക്കാതെ ജനമദ്ധ്യത്തിലെന്നോ ഏകാന്തതയിലെന്നോ ഭേദമില്ലാതെ എല്ലാ യിടത്തും എല്ലാ കാര്യങ്ങളിലും വ്യാപിച്ചിരിക്കുന്നുവെന്ന തിരിച്ചറിവുണ്ടാകുവാൻ ഇന്നു നാം പരിചിന്തനത്തിന് വിധേയമാക്കുന്ന എമ്മാവൂസ് യാത്രയുടെ വിവരണം സഹായിക്കുന്നു. പള്ളിയിലോ പ്രാർത്ഥനാമുറിയിലോ മാത്രമല്ല പൊതു വഴിയിലും ചന്ത സ്ഥലത്തും കിടപ്പറയിലും

ഒരു പക്ഷേ നമുക്കുചുറ്റു മുള്ള മറ്റു മതങ്ങളുടെ സാന്നിദ്ധ്യവും സ്വാധീനവും കൊണ്ടാവാം, നമ്മുടെ മതപരമായ ആചാരങ്ങളും അനുഷ്ഠാനങ്ങളും അനുഭവങ്ങളും ചില പ്രത്യേക സ്ഥലങ്ങളെയോ സമയങ്ങളെയോ കർമ്മ ങ്ങളെയോ മാത്രം കേന്ദ്രീകരിക്കുന്നതിനും ബാക്കിയുള്ള സമയവും അനുദിന വ്യാപാരവുമെല്ലാം തികച്ചും വേറിട്ടു കാണുവാനും ഇടയാക്കിയിരിക്കുന്നത്. എന്നാൽ ക്രിസ്തീയതയുടെ ഉറവിടവും പ്രേരകശക്തിയും ഉത്ഥാനം ചെയ്ത, ഏത് അടച്ചിട്ട മുറിയിലും ഏതു സമയത്തും സന്നിഹിതനായിരിക്കുന്ന ക്രിസ്തുവിന്റെ ആത്മാവാകയാൽ രാവെന്നോ പകലെന്നോ വ്യത്യാസമില്ലാതെ, പൊതുവഴിയെന്നോ സ്വകാര്യ ഭവനങ്ങളുടെ ഊണു മുറിയെന്നോ നോക്കാതെ ജനമദ്ധ്യത്തി ലെന്നോ ഏകാന്തതയിലെന്നോ ഭേദമില്ലാതെ എല്ലാ യിടത്തും എല്ലാ കാര്യങ്ങളിലും വ്യാപിച്ചിരിക്കുന്നുവെന്ന തിരിച്ചറിവുണ്ടാകുവാൻ ഇന്നു നാം പരിചിന്തനത്തിന് വിധേയമാക്കുന്ന എമ്മാവൂസ് യാത്രയുടെ വിവരണം സഹായിക്കുന്നു. പള്ളിയിലോ പ്രാർ ത്ഥനാമുറിയിലോ മാത്രമല്ല പൊതു വഴിയിലും ചന്ത സ്ഥലത്തും കിടപ്പറയിലും ജോലിസ്ഥലത്തും എന്നു വേണ്ട എല്ലായിടത്തും ഉത്ഥാനം ചെയ്ത യേശുക്രിസ്തു നിറഞ്ഞു നിൽക്കുന്നു. ഒരു ലെൻസിന്റെ സഹായത്തോടെ സൂര്യപ്രകാശത്തിൽ നിന്ന് തീ കത്തിക്കാൻ സാധിക്കുന്നതുപോലെ നമ്മുടെ ആത്മാവിൽ തീപിടിപ്പിക്കാൻ ഏതെങ്കിലും ചില പ്രത്യേക സ്ഥലമോ സാഹചര്യമോ ആവശ്യമായി വന്നേക്കാം. നനഞ്ഞ പടക്കം പോലെ നമ്മുടെ ആത്മാവ് സജ്ജമല്ലെങ്കിൽ ദൈവിക ജ്വലനം സാദ്ധ്യമാകണമെന്നില്ല. വചനം നമ്മിൽ ജ്വലിക്കാതിരിക്കാൻ കാരണങ്ങളെന്തൊക്കെയാണ് എന്ന് ആത്മ പരിശോധന നടത്തി നോക്കുക.

വെറും രണ്ടു വാക്യങ്ങളിൽ ചുരുക്കിപ്പറയാവുന്ന ഒരു സംഭവം (മർക്കോ. 16/1213) അതിമനോഹരമായ ഒരു യാത്രാ വിവരണവും ഉദാത്തമായ ഒരു ആത്മീയ അനുഭവമായി ഇരുപത്തി മൂന്നു വാക്യങ്ങളിൽ വിശദമാക്കുകയാണിവിടെ ആ എമ്മാവുസ് യാത്രികരായ രണ്ടു ക്രിസ്തു ശിഷ്യന്മാർക്കുണ്ടായതുപോലെയുള്ള ഒരു ആത്മീയ അനുഭവം ഓരോ വിശ്വാസിക്കും അനുഭവവേദ്യമാകണമെന്നുള്ള ഉദ്ദേശത്തോടെയാണ് നമ്മുടെ വിശുദ്ധ കുർബ്ബാനയും മറ്റ് ആരാധനാ ശുശ്രൂഷകളും ക്രമീകരിച്ചിരിക്കുന്നത്.

പഴയ നിയമത്തിൽ നിന്നും അതിനുശേഷം പുതിയ നിയമത്തിൽ നിന്നും സുവിശേഷ ഭാഗത്തു നിന്നും പ്രത്യേകം തെരഞ്ഞെടുത്ത വേദഭാഗങ്ങൾ വായിക്കുന്നതോടു കൂടി

www.malankaralibrary.com

അവർ അപ്പോഴും അശക്തരായി കാണപ്പെട്ടു. കുറ്റവാളികൾക്ക് കഠിനമായ ശിക്ഷ നൽകുന്നത് മനസ്സിലാക്കാം. അവർ അത് അർഹിക്കുന്നുണ്ടെന്ന് സമാധാനിക്കാം. എന്നാൽ നിഷ്ക്കളങ്കന് സഹനം നൽകുന്ന ദൈവനിതിയെന്തെന്നു മനസ്സിലാക്കാൻ ദൈവാത്മാവിന്റെ പ്രകാശം കൂടിയേ തീരു. സകല മനുഷ്യരുടെയും രക്ഷയ്ക്കുവേണ്ടി നമ്മോടുള്ള അനന്തമായ സ്നേഹത്താൽ പ്രേരിതനായി മനുഷ്യരാശി മുഴുവന്റെയും പാപത്തിന്റെ ഫലമായ കഷ്ടതയും മരണവും ക്രിസ്തു സ്വമനസ്സാലെ ഏറ്റെടുക്കുകയായിരുന്നു എന്നതാണ് സഭയുടെ വിശ്വാസം. 'ഇതാ ലോകത്തിന്റെ പാപം വഹിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്' എന്ന് യേശുവിനെ ചൂണ്ടിക്കാണിച്ചുകൊണ്ട് സ്നാപക യോഹന്നാൻ പ്രഖ്യാപിക്കുന്നു. പാലാഴി മഥനത്തിനിടയിൽ കിട്ടിയ കാളകൂടം എന്ന കൊടിയ വിഷം എവിടെ വയ്ക്കണമെന്നറിയാതെ കുഴങ്ങിപ്പോയ ദേവന്മാരുടെ കഥ കേട്ടിട്ടുണ്ടല്ലോ. എവിടെ വച്ചാലും ആ ലോകം നശിച്ചു പോകും എന്നറിഞ്ഞിരുന്ന ദേവന്മാർ പരമശിവനെ ശരണം പ്രാപിച്ചതായിട്ടാണ് ഇതിഹാസ കഥ. വീണ്ടുവിചാരമില്ലാതെ മനുഷ്യൻ വ്യക്തിപരമായും സമൂഹപരമായും ചെയ്തു കൂട്ടുന്ന തിന്മകളെല്ലാം ചേർന്ന് മലിനമാക്കിയ ലോകത്തെ രക്ഷിക്കാൻ വേണ്ടി ലോകത്തിന്റെ പാപഭാരം സ്വന്തം ചുമലിലേറ്റിക്കൊണ്ടാണ് ദൈവപുത്രൻ കാൽവറിയിൽ യാഗമായി തീർന്നത്.

വിശുദ്ധ ബൈബിളിലെ ദൈവനിവേശിതത്വം വെളിപ്പെടുത്തുന്നതാണ് യേശുവിന്റെ വചനവും ജനനവും ജീവിതവും. ദൈവപുത്രൻ എവിടെ പിറക്കുമെന്നും ആരിൽ നിന്ന് ജനിക്കുമെന്നും കൃത്യമായി ഗണിക്കുവാൻ പ്രവാചകന്മാരുടെ വചനങ്ങൾ മതിയായിരുന്നു. (മീഖാ 5/1,3) രക്ഷകൻ ആരിൽ നിന്നു പിറക്കുമെന്ന് മുൻകൂട്ടി പറഞ്ഞിരുന്നു. (ഏശാ. 7/14) അവൻ 2 കള്ളന്മാരുടെ ഇടയിൽ ക്രൂശിക്കപ്പെടുമെന്ന് ഏശായാ 53ാം അദ്ധ്യായത്തിലുണ്ട്. സുവിശേഷകന്മാരെല്ലാവരും തന്നെ ഈശോയുടെ ജീവിതം പ്രവചനങ്ങളുടെ പൂർത്തീകരണമായിട്ടാണ് വിവരിച്ചിരിക്കുന്നത്. 'വിശുദ്ധ ഗ്രന്ഥങ്ങൾ ഗ്രഹിക്കാൻ തക്കവിധം അവരുടെ മനസ്സ് അവൻ തുറന്നു' (ലൂക്കാ. 24/45) ജന്മനാ അന്ധന്മാരായവർക്കുപോലും കാഴ്ച ശക്തി നൽകിയവനാണ് യേശു. സമാനമായ ഒരു അന്ധത മനുഷ്യന്റെ ആത്മാവിലും ഉണ്ടാകാം. നമ്മുടെ ആത്മീയ നേത്രങ്ങൾ തുറന്നു തരാനും നമുക്ക് ക്രിസ്തുവിൽ ആശ്രയിക്കാം. പ്രത്യേകിച്ച് ദൈവാത്മാവിന്റെ പ്രചോദനത്താൽ രേഖപ്പെടുത്തപ്പെട്ട ദൈവ വചനത്തിന്റെ പൊരുൾ തിരിച്ചറിയാനും അതിനൊത്തവണ്ണം നമ്മുടെ ജീവിതത്തെ നയിക്കാനും ആ ദിവ്യാത്മാവിന്റെ പ്രചോദനം അത്യാവശ്യമാണ്.

അന്ധനു കാഴ്ച നൽകിയ വചനമേ സന്തതമരുളുക ഒരു വചനം മാരകമാകുമെന്നാത്മാ വിനന്ധത ആകെയകറ്റി നീ സുഖമേകൂ.

**2024 ഏപ്രിൽ 28**

## ഉയിർപ്പിനുശേഷം 4-ാം ഞായർ

**ലൂക്കാ. 24 : 36 - 49**

യേശുക്രിസ്തു തന്റെ ജീവിതകാലത്ത് തന്റെ ശിഷ്യന്മാരെ പഠിപ്പിക്കാനും പരിശീലിപ്പിക്കാനും ആഗ്രഹിച്ച സുപ്രധാനമായ പാഠങ്ങളിൽ ഒന്ന് തന്റെ സഹനവും മരണവുമായിരുന്നു. എന്നാൽ ശിഷ്യന്മാർക്ക് ഈ വിഷയം ഒട്ടും തന്നെ മനസ്സിലായില്ല എന്നതാണ് സത്യം. വേദപുസ്തകം ഭക്തിപൂർവ്വം പാരായണം ചെയ്യുന്നവരും അനേകം പ്രഭാഷണങ്ങൾ ശ്രവിക്കുകയും പ്രഘോഷിക്കുകയും ചെയ്യുന്നവരായ ബഹുഭൂരിപക്ഷം വിശ്വാസികളുടെയും അവസ്ഥയും അതു തന്നെയാണ്. അതിനാലാണല്ലോ നാഥന്റെ പീഢാനുഭവവും ക്രൂശുമരണവും സംഭവിച്ചതോടെ ശിഷ്യന്മാരുടെ പ്രതീക്ഷകളെല്ലാം വെറും ചീട്ടുകൊട്ടാരം പോലെ വീണടിഞ്ഞു പോയത്. സ്വന്തം ചിതയിൽ നിന്നും ചിറകു വിടർത്തി പറന്നുയരുന്ന ഫിനിക്സ് പക്ഷിയെപ്പോലെ, ഉത്ഥാനം ചെയ്ത് ക്രിസ്തു തന്റെ

www.malankaralibrary.com

ശിഷ്യന്മാർക്ക് മനസ്സിലാകാതെ പോയ ആ പഴയ പാഠം ഒന്നുകൂടി പറഞ്ഞു കൊടുക്കാൻ ശ്രമിക്കുന്നതാണ് ഈ സുവിശേഷ ഭാഗത്ത് കാണുന്നത്. വളരെ ക്രമീകൃതമായ ഒരു പഠന രീതി തന്നെ യേശു ഇവിടെ അവതരിപ്പിക്കുന്നു.

അവർ നേരിട്ടു കണ്ടതും താൻ അനുഭവിച്ചതുമായ പീഢാനുഭവത്തിന്റെയും ക്രൂശു മരണത്തിൻറെയും ഓർമ്മ പുതുക്കാനായി തന്റെ മുറിപ്പാടുകൾ അവരെ കാണിക്കുന്നു. കഠിന പീഢകൾ സഹിച്ച് ക്രൂശിൽ മരിച്ച് അടക്കപ്പെട്ട ഈശോ താൻ തന്നെ എന്ന് അവരെ ബോദ്ധ്യപ്പെടുത്താനായി മരണത്തിനു മുൻപ് നടന്ന സംഭവങ്ങളെല്ലാം കൃത്യമായി അനുസ്മരിപ്പിക്കുന്നു. താൻ വെറും മായയോ ഭൂതമോ അല്ലെന്നു കാണിക്കാനായി അവർ നൽകിയ വറുത്ത മീനും തേനടയും ഭക്ഷിക്കുകയും അതിലൊരംശം ശിഷ്യന്മാർക്ക് പങ്കുവച്ചു കൊടുക്കുകയും ചെയ്യുന്നു. പഴയനിയമ ഗ്രന്ഥത്തിൽ തന്നെക്കുറിച്ച് പറഞ്ഞിട്ടുള്ള പരാമർശങ്ങളൊക്കെ ചൂണ്ടി കാണിക്കുന്നു. പ്രത്യേകിച്ച് തന്റെ സഹനത്തെക്കുറിച്ചുള്ള പ്രവചനങ്ങൾ. അവയൊന്നും ആകസ്മിക സംഭവങ്ങളല്ല, ദൈവം മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള രക്ഷാകര പദ്ധതിയുടെ ഭാഗം മാത്രമാണെന്ന് മനസ്സിലാക്കാമെങ്കിലും അതിന്റെ യഥാർത്ഥ ഉദ്ദേശം എന്തെന്നു ഗ്രഹിക്കാൻ അവർ അപ്പോഴും അശക്തരായി കാണപ്പെട്ടു.

കുറ്റവാളികൾക്ക് കഠിനമായ ശിക്ഷ നൽകുന്നത് മനസ്സിലാക്കാം. അവർ അത് അർഹിക്കുന്നുണ്ടെന്ന് സമാധാനിക്കാം. എന്നാൽ നിഷ്ക്കളങ്കന് സഹനം നൽകുന്ന ദൈവനീതിയെന്തെന്നു മനസ്സിലാക്കാൻ ദൈവാത്മാവിന്റെ പ്രകാശം കൂടിയേ തീരൂ. സകല മനുഷ്യരുടെയും രക്ഷയ്ക്കു വേണ്ടി നമ്മോടുള്ള അനന്തമായ സ്നേഹത്താൽ പ്രേരിതനായി മനുഷ്യരാശി മുഴുവന്റെയും പാപത്തിന്റെ ഫലമായ കഷ്ടതയും മരണവും ക്രിസ്തു സ്വമനസ്സാലെ ഏറ്റെടുക്കുകയായിരുന്നു എന്നതാണ് സഭയുടെ വിശ്വാസം. 'ഇതാ ലോകത്തിന്റെ പാപം വഹിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്' എന്ന് യേശുവിനെ ചൂണ്ടിക്കാണിച്ചുകൊണ്ട് സ്നാപക യോഹന്നാൻ പ്രഖ്യാപിക്കുന്നു. പാലാഴി മഥനത്തിനിടയിൽ കിട്ടിയ കാളകൂടം എന്ന കൊടിയ വിഷം എവിടെ വയ്ക്കണമെന്നറിയാതെ കുഴങ്ങിപ്പോയ ദേവന്മാരുടെ കഥ കേട്ടിട്ടുണ്ടല്ലോ. എവിടെ വച്ചാലും ആ ലോകം നശിച്ചു പോകും എന്നറിഞ്ഞിരുന്ന ദേവന്മാർ പരമശിവനെ ശരണം പ്രാപിച്ചതായിട്ടാണ് ഇതിഹാസ കഥ. വീണ്ടുവിചാരമില്ലാതെ മനുഷ്യൻ വ്യക്തിപരമായും സമൂഹപരമായും ചെയ്തു കൂട്ടുന്ന തിന്മകളെല്ലാം ചേർന്ന് മലിനമാക്കിയ ലോകത്തെ രക്ഷിക്കാൻ വേണ്ടി ലോകത്തിന്റെ പാപഭാരം സ്വന്തം ചുമലിലേറ്റിക്കൊണ്ടാണ് ദൈവപുത്രൻ കാൽവറിയിൽ യാഗമായി തീർന്നത്. വിശുദ്ധ ബൈബിളിലെ ദൈവനിവേശിതത്വം വെളിപ്പെടുത്തുന്നതാണ് യേശുവിന്റെ വചനവും ജനനവും ജീവിതവും. ദൈവപുത്രൻ എവിടെ പിറക്കുമെന്നും ആരിൽ നിന്ന് ജനിക്കുമെന്നും കൃത്യമായി ഗണിക്കുവാൻ പ്രവാചകന്മാരുടെ വചനങ്ങൾ മതിയായിരുന്നു. (മീഖാ 5/1,3) രക്ഷകൻ ആരിൽ നിന്നു പിറക്കുമെന്ന് മുൻകൂട്ടി പറഞ്ഞിരുന്നു. (ഏശാ. 7/14) അവൻ 2 കള്ളന്മാരുടെ ഇടയിൽ ക്രൂശിക്കപ്പെടുമെന്ന് ഏശായാ 53ാം അദ്ധ്യായത്തിലുണ്ട്. സുവിശേഷകന്മാരെല്ലാവരും തന്നെ ഈശോയുടെ ജീവിതം പ്രവചനങ്ങളുടെ പൂർത്തീകരണമായിട്ടാണ് വിവരിച്ചിരിക്കുന്നത്. 'വിശുദ്ധ ഗ്രന്ഥങ്ങൾ ഗ്രഹിക്കാൻ തക്കവിധം അവരുടെ മനസ്സ് അവൻ തുറന്നു' (ലൂക്കാ. 24/45) ജന്മനാ അന്ധന്മാരായവർക്കു പോലും കാഴ്ച ശക്തി നൽകിയവനാണ് യേശു. സമാനമായ ഒരു അന്ധത മനുഷ്യന്റെ ആത്മാവിലും ഉണ്ടാകാം. നമ്മുടെ ആത്മീയ നേത്രങ്ങൾ തുറന്നു തരാനും നമുക്ക് ക്രിസ്തുവിൽ ആശ്രയിക്കാം. പ്രത്യേകിച്ച് ദൈവാത്മാവിന്റെ പ്രചോദനത്താൽ രേഖപ്പെടുത്തപ്പെട്ട ദൈവ വചനത്തിന്റെ പൊരുൾ തിരിച്ചറയാനും അതിനൊത്തവണ്ണം നമ്മുടെ ജീവിതത്തെ നയിക്കാനും ആ ദിവ്യാത്മാവിന്റെ പ്രചോദനം അത്യാവശ്യമാണ്.

അന്ധനു കാഴ്ച നൽകിയ വചനമേ സന്തതമരുളുക ഒരു വചനം
മാരകമാകുമെന്നാത്മാവിനന്ധത
ആകെയകറ്റി നീ സുഖമേകൂ.

www.malankaralibrary.com





ജോസഫ് ജോർജ്
ബഹ്റൈൻ

# അവരോടൊപ്പം

## Disappointment (നിരാശപ്പെടൽ)

വിശുദ്ധ ലൂക്കോസിന്റെ സുവിശേഷം ഇരുപത്തി നാലാം, അദ്ധ്യായം 13 മുതൽ 36 വരെയുള്ള ഭാഗങ്ങൾ എമ്മാ വൂസി ലേക്ക് പോയ ശിഷ്യൻമാരെ കുറിച്ച് പ്രതിപാദിക്കുന്നതാണ്.

മഹത്വത്തിന്റെയും, രക്ഷയുടെയും പ്രതീകമായി കിഴക്ക് സ്ഥിതി ചെയ്യുന്ന ജറുസലേം നഗരത്തിൽ നിന്നും നിരാശ യുടെയും, അസന്തുഷ്ടിയുടെയും പ്രതീക മായി പടിഞ്ഞാറ് സ്ഥിതി ചെയ്യുന്ന എമ്മാവൂസ് ഗ്രാമത്തിലേക്ക് യാത്ര ചെയ്യുന്ന രണ്ട് ശിഷ്യന്മാരുടെ യാത്രാനുഭവം. ജറുസലേമിൽ നിന്നും എമ്മാവൂസിലേക്കുള്ള ദൂരം അറുപത് സ്താദിയോൺ (ഏകദേശം പതിനൊന്ന് കിലോ മീറ്റർ) ആണ്. അന്നത്തെ കാലത്ത് ഓട്ട മത്സരം നടത്തിയിരുന്ന ട്രക്കിന്റെ പേരാണ് സ്താദിയോൺ എന്ന ഗ്രീക്ക് വാക്കിന്റെ അർത്ഥം. വിശ്വാസ ജീവിത മാകുന്ന ട്രാക്കിൽ നിന്ന് കൊണ്ട്, ഉദയ ത്തിന്റെ ദിക്കായ കിഴക്കും നിന്നും അസ്തമയ ത്തിൻെറ ദിക്കായ പടിഞ്ഞാറോട്ട് നടന്ന് നീങ്ങുന്ന 'അവർ സംസാരിക്കുകയും വാദിക്കുകയും ചെയ്തു കൊണ്ടു പോകുമ്പോൾ യേശുവും അടുത്തെത്തി **അവരോടൊപ്പം** യാത്ര ചെയതു. (ലൂക്കാ 24:15). അപ്പോൾ അവിടെ നടക്കുന്ന നാല് കാര്യങ്ങളാണ് ഈ വേദ ഭാഗത്തിന്റെ അടിസ്ഥാനം.

ഗുരുവിനോടൊപ്പം ഏകദേശം മൂന്ന് വർഷക്കാലം ഉണ്ടും ഉറങ്ങിയും നടന്ന പ്പോൾ സാമൂഹ്യ ജീവിതത്തിൽ നിന്നും കിട്ടിയ ആദരവും, ബഹുമാനവും തങ്ങ ളുടെ ഗുരു കുരിശിക്കപ്പെട്ട് മരിച്ചു കഴി ഞ്ഞപ്പോൾ നഷ്ടമാകുന്ന അവസ്ഥയിൽ നിരാശയുടെ അനുഭവത്തിലേക്ക് എത്തി ചേരുന്നു. മനുഷ്യ പുത്രൻ പാപികളുടെ കയ്യിൽ ഏൽപ്പിക്കപ്പെടുകയും ക്രൂശിക്ക പ്പെടുകയും മൂന്നാം ദിവസം ഉയിർ ത്തെഴുന്നേൽക്കുകയും ചെയ്യേണ്ടിയിരി ക്കുന്നു എന്ന് ഗലീലയിൽ ആയിരുന്ന പ്പോൾ തന്നെ യേശു തന്റെ ശിഷ്യ ന്മാരോട് പറഞ്ഞിരുന്നുവെങ്കിലും, ഉയി ർപ്പിക്കപ്പെട്ട ശേഷം യേശുവിനെ കണ്ടത് മഗ്ദലേന മറിയവും, യോവന്നായും, യാക്കോബിന്റെ അമ്മയായ മറിയവും മറ്റ് സ്ത്രീകളായിരുന്നു. അവർ ഇക്കാ ര്യങ്ങൾ അപ്പാസ്തോലന്മാരോട് പറഞ്ഞ പ്പോൾ ഇത് വെറും കെട്ടുകഥ പോലെയേ അവർ പരിഗണിച്ചുള്ളൂ. നാം നമ്മുടെ അനുദിന ജീവിതത്തിൽ നേരിട്ട് കാണാ ത്തതും അനുഭവിക്കാത്തതുമായ കാര്യങ്ങൾ കെട്ടുകഥ പോലെ എടുക്കുന്ന സാഹ ചര്യത്തിൽ പ്രത്യാശയിൽ നിന്നും നിരാശ യിലേക്ക് വഴുതി മാറുന്നു. അതിന്റെ ഫലമായി അവർ പ്രകാശം ഉദിക്കുന്ന നഗരത്തിൽ നിന്നും അസ്തമയത്തിന്റെ ഗ്രാമത്തിലേക്ക് നിരാശയോടെ നടന്ന് നീങ്ങുന്നു.

www.malankaralibrary.com

## Discussions (ചർച്ചകൾ)

വഴി മധ്യേ ഈ രണ്ട് ശിഷ്യന്മാർ ഇക്കഴിഞ്ഞ നാളുകളിൽ ജറുസലേമിൽ സംഭവിച്ച കാര്യങ്ങളെ കുറിച്ച് ചർച്ച ചെയ്താണ് പടിഞ്ഞാറോട്ട് നടന്ന് നീങ്ങുന്നത്. ഇന്ന് നമ്മുടെ പലരുടെയും വിശ്വാസ ജീവിതത്തിൽ ചർച്ചകൾ നടക്കുന്നത് കിഴക്കോട്ടല്ല, പടിഞ്ഞാറോട്ടാണ്. പക്ഷേ പലപ്പോഴും ഇപ്രകാരം ഉള്ള ചർച്ചകൾ നടത്തി ജീവിതത്തിന്റെ വിരാമത്തിലേക്ക് നടന്ന് നീങ്ങുമ്പോൾ ഉയിർപ്പിക്കപ്പെട്ട യേശുവും നമ്മോടൊപ്പം നടക്കുന്നുണ്ട്. പക്ഷേ നാം അവനെ തിരിച്ചറിയാതെ പോകുന്ന സന്ദർഭങ്ങളാണ് ഏറെയും സംഭവിക്കുന്നത്. എന്നിരുന്നാലും ചില തിരിച്ചറിവുകൾ അവിടുന്ന് നമ്മോടൊപ്പം നടന്ന് തരുന്നുണ്ട്. പ്രവാചകന്മാർ പറഞ്ഞിട്ടുള്ളത് വിശ്വസിക്കാൻ കഴിയാതെ ഹൃദയം മന്ദീഭവിച്ച് പോകുമ്പോൾ, താൻ കഷ്ടതകളും ക്രൂശു മരണവും സഹിച്ച് മഹത്വത്തിലേക്ക് പ്രവേശിക്കേണ്ടിയിരുന്നില്ലേ എന്ന് ചോദിക്കുന്നതിനോടൊപ്പം മോശ മുതൽ സകല പ്രവാചകന്മാരും തന്നെപ്പറ്റി വിശുദ്ധ ലിഖിതങ്ങളിൽ എഴിതിയിരിക്കുന്നതിനെ കുറിച്ച് വ്യാഖ്യാനിച്ച് കൊടുക്കുമ്പോഴും നാം പലപ്പോഴും യേശുവിനെ കണ്ടെത്താനാവാതെ, അനുഭവിച്ചറിയാനാവാതെ നാം നമ്മുടെ പടിഞ്ഞാറോട്ടുള്ള യാത്ര അനസ്യൂതം തുടർന്ന് കൊണ്ടേയിരിക്കുന്നു.

## Discovery (കണ്ടെത്തൽ)

അവസാനം ആ രണ്ട് ശിഷ്യന്മാർ എത്തേണ്ടിയിരുന്ന ഗ്രാമത്തോടടുത്തു. എന്നിട്ടും യേശു തന്റെ ശിഷ്യന്മാരോടുള്ള ദിവ്യമായ സ്നേഹത്തെ പ്രതി യാത്ര തുടരുകയാണെന്ന് ഭാവിച്ചു. അപ്പോൾ അവർ അവനെ നിർബന്ധിച്ചു കൊണ്ട് പറഞ്ഞു. ഞങ്ങളോട് കൂടെ താമസിക്കുക. കാരണം നേരം വൈകുന്നു, പകൽ അസ്തമിക്കാറായി. നാം ഓരോരുത്തരും നമ്മുടെ ജീവിതത്തിന്റെ സായാഹനത്തിലെക്ക് നടന്ന് അടുക്കുമ്പോൾ യേശുവിനെ കൂടി ക്ഷണിക്കുന്നവരാകണം. ശിഷ്യന്മാരുടെ ക്ഷണം സ്വീകരിച്ച് യേശു അവരോടൊപ്പം താമസിക്കുവാനായി കയറി. തദനന്തരം അവിടുന്ന് അപ്പം എടുത്ത് ആശിർവദിച്ച് മുറിച്ച് അവർക്ക് നൽകി. അവർ ഭക്ഷിച്ച മാത്രയിൽ അവരുടെ കണ്ണുകൾ തുറക്കപ്പെട്ടു. അവർ അവനെ തിരിച്ചറിഞ്ഞു. വിശുദ്ധ കുർബ്ബനയുടെ സ്വർഗ്ഗീയ അനുഭവമാണ് ഈ കണ്ടെത്തലിലേക്ക് അവരെ കൊണ്ടെത്തിക്കുന്നത്. നാം നമ്മുടെ ലൗകീക യാത്രയിലുടനീളം യേശുവിനെ കാണാതെ അന്ധരായി നടന്ന് നീങ്ങുമ്പോൾ, രക്ഷകനായ യേശുവിന്റെ മഹനീയ സാന്നിധ്യം നാം ഓരോരുത്തരും ആഗ്രഹിക്കണം. അപ്പോൾ നാം നമ്മുടെ കണ്ണ് തുറക്കുന്ന, അവനെ തിരിച്ചറിയുന്ന അനുഭവത്തിലേക്ക് എത്തി ചേരുകയുള്ളൂ. വിശുദ്ധ കുർബ്ബാനയുടെ സംസർഗത്തിൽ ആയിരിക്കുന്നവരെല്ലാം യേശുവിനെ തിരിച്ചറിയുന്നു, കണ്ടെത്തുന്നു, അനുഭവവേദ്യമാക്കുന്നു.

## Decorations (അലങ്കാരങ്ങൾ)

യേശുവിനെ തിരിച്ചറിഞ്ഞപ്പോൾ തന്നെ ആ രണ്ട് ശിഷ്യന്മാർ എഴുന്നേറ്റ് അലങ്കാരങ്ങളുടെ നഗരമായ ജറുസലേമിലേക്ക് തിരിച്ച് പോയി വഴിയിൽ വെച്ച് സംഭവിച്ച കാര്യങ്ങളെല്ലാം മറ്റ് ശിഷ്യന്മാരെ അറിയിച്ച് സുവിശേഷ പ്രഘോഷണത്തിന്റെ പാരമ്യതയിലേക്ക് അവർ എത്തി ചേരുന്നു.

നമ്മുടെ ഓരോരുത്തരുടെയും വിശ്വാസ ജീവിതം ഒരു എമ്മാവൂസ് യാത്രയാണ്. പ്രത്യാശയിൽ നിന്നും നിരാശയിലേക്ക് വഴുതി വീണ്, ചർച്ചകൾ നടത്തിയിട്ടും അവനെ തിരിച്ചറിയാൻ സാധിക്കാതെ വന്നപ്പോഴും, അവനോടൊത്ത് താമസിച്ച് ഭക്ഷിക്കുമ്പോൾ നാം അവനെ കണ്ടെത്തി, അനന്തരം നിത്യ രക്ഷയുടെ കോട്ടകളാൽ അലങ്കരിക്കപ്പെട്ട പട്ടണമായ പ്രത്യാശയുടെ ജറുസലേമിലേക്കുള്ള ഒരു തിരിച്ച് പോക്ക് അനിവാര്യമാണ്. അവിടെയാണ് അതി മോഹനമായ മണവറ സജ്ജമാക്കി നമുക്ക് വേണ്ടി നമ്മുടെ രക്ഷകനായ യേശു ഒരുക്കി വച്ചിരിക്കുന്നത്. അവിടെയാണ് പിതൃ പുത്ര പരിശുദ്ധാത്മ ശക്തി കെടുതികൾ നീക്കി നമ്മെ സംരക്ഷിക്കുന്നത്.

www.malankaralibrary.com



ബിനു തോമസ്



# മലങ്കര സഭാചരിത്രം

**മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സഭാ ജീവിതവും സാമൂഹ്യ ജീവിതവും പോർട്ടുഗീസ് അധിനിവേശം വരെ കഴിഞ്ഞ ലക്കങ്ങളിൽ നാം ചർച്ച ചെയ്ത ചരിത്ര സംഭവങ്ങളുടെ പശ്ചാതലത്തിൽ ഇവിടുത്തെ ക്രൈസ്തവരുടെ സഭാ ജീവിതവും, സാമൂഹ്യ ജീവിതവും സംബന്ധിച്ചുലഭ്യമായ വിവരങ്ങൾ പങ്കു വയ്ക്കുകയും അവ വൈദേശിക അധിനിവേശത്തോടെ എങ്ങനെ സ്വാധീനിക്കപ്പെട്ടുവെന്ന് മനസ്സിലാക്കുകയും ചെയ്യാൻ ശ്രമിക്കാം.**

കഴിഞ്ഞലക്കങ്ങളിൽ പേർഷ്യൻ സഭയുമായി ശക്തമായ ബന്ധത്തിലായ ഒരു സഭയും സമുദായവുമാണ് ഇവിടെയുണ്ടായതെന്ന് നാം കണ്ടു. മതപരവും ഭരണപരവുമായ സ്വാതന്ത്ര്യം അനുഭവിച്ചിരുന്ന ഒരു സമൂഹമായിരുന്നു കേരള ക്രൈസ്തവർ എന്നതും വ്യക്തമാണ്. ഇതര രാജ്യങ്ങളിലെ സഭകളെപ്പോലെ രാഷ്ട്രീയമോ മതപരമോ ആയ ഒരു അധികാര കേന്ദ്രവും നസ്രാണികളെ സ്വാധീനിച്ചിരുന്നില്ല. ആത്മീയ കാര്യങ്ങളിൽ പേർഷ്യൻ സഭയിൽ നിന്നും മെത്രാന്മാരെ സ്വീകരിക്കയും പിന്നീട് സെലൂഷ്യൻ (ബാബിലോൺ) കാതോലിക്ക പാത്രിയാർക്കീസിന് ആത്മീയ നേതൃത്വ സ്ഥാനം നൽകയും ചെയ്തപ്പോഴും സാമൂഹിക ജീവിതം, ഭൗതിക ഭരണം, ഭൗതിക അധികാരം എന്നിവ തദ്ദേശീയമായ വ്യവസ്ഥയിൽ തന്നെയാണ് നിലനിന്നിരുന്നത്.

AD ഒന്നാം നൂറ്റാണ്ടിലും മറ്റും ഇവിടുത്തെ സാമൂഹ്യ ക്രമം മനസ്സിലാക്കാൻ ബുദ്ധിമുട്ടാണെങ്കിലും BC ഒന്നാം നൂറ്റാണ്ടിന് മുമ്പേ യഹൂദ സാന്നിധ്യം മുസിരീസ് (കൊടുങ്ങല്ലൂർ), കുന്നംകുളം, വടക്കൻ പറവൂർ, ചേന്ദമംഗലം എന്നീ പ്രദേശങ്ങളിൽ തെളിയിക്കപ്പെട്ടിട്ടുണ്ട്. മാർ തോമാശ്ലീഹാ പിന്തുടർന്ന് എത്തിയതും സഞ്ചരിച്ചതും ഈ യഹൂദ വ്യാപാരികളെ അല്ലെങ്കിൽ കുടിയേറ്റക്കാരെയും അവരുടെ സഞ്ചാരപഥത്തിലൂടെയോ ആണ്. എല്ലാ ക്രിസ്തുശിഷ്യന്മാരുടെയും സുവിശേഷവത്ക്കരണ രീതി ഇക്കാര്യത്തിൽ സമാനമാണ്. അങ്ങനെ നോക്കുമ്പോൾ അരമായ ഭാഷയുടെയും, യഹൂദ ആരാധന രീതികളുടെയും പശ്ചാത്തലത്തിലുള്ളതും എന്നാൽ തദ്ദേശീയ വിശ്വാസ സ്വീകർത്താക്കളുടെ

www.malankaralibrary.com



സാമൂഹിക പശ്ചാത്തലമുള്ളതുമായ ഒരു സമൂഹം അല്ലെങ്കിൽ ഏഴു സമൂഹങ്ങളായിരിക്കണം ആദ്യ ഘടന. നേരിട്ടുള്ള പേർഷ്യൻ ബന്ധം ക്നായി ത്തോമ്മായുടെയും കൂട്ടാളികളുടെയും കുടിയേറ്റം വഴിയാകും പൂർണ്ണതയിലെത്തിയത്.

രാഷ്ട്രീയമായി വിവിധ നാട്ടുരാജ്യങ്ങളുടെ കീഴിലായിരുന്നപ്പോഴും ഒരു സമുദായമെന്ന നിലയിൽ ആർച്ച് ഡീക്കൻ (അർക്കദി യാക്കോൻ) എന്ന നേതാവിൻ കീഴിലാണ് നസ്രാണികളെ നാം കാണുന്നത്. സുഗന്ധ വിളകൾ / നാണ്യ വിളകൾ ഇവയുടെ കർഷകരും വിപണനക്കാരുമായിരുന്ന നസ്രാണികൾ ആയുധ പരിശീലനം (കളരിയഭ്യാസം) സിദ്ധിച്ച പോരാ ളികളുമായിരുന്നു. ഉന്നതകുല ജാതരെന്ന് അന്നത്തെ സാമൂഹിക വ്യവസ്ഥ കല്പിച്ചിരുന്ന ഇതര ജാതിക്കാരുമായി സഹവർത്തിത്വത്തിലാണ് നസ്രാണികൾ കഴിഞ്ഞത്. വളരെ അടുത്ത നൂറ്റാണ്ടുകളിൽ രൂപപ്പെട്ടതും പ്രചരിപ്പിക്ക പ്പെട്ടതുമായ മാർത്തോമായുടെ ബ്രാഹ്മണ മത പരിവർത്തനം എന്ന മിത്ത് ഈ അപഗ്രഥന ത്തിലൂടെ അർത്ഥശൂന്യമാണെന്ന് നാം തിരിച്ച റിയേണ്ടതുണ്ട്. മാർത്തോമ്മാ ശ്ലീഹായുടെ ഭാരത പ്രവേശനത്തെ, ചരിത്രകാരന്മാർ നിഷേ ധിക്കാൻവരെ കാരണമായി ഈ ബ്രാഹ്മണ പരിവർത്തന കഥ. (കേരള ചരിത്രത്തിലെ 10 കള്ളകഥകൾ എം. ജി. എസ്. നാരായണൻ)

ഉദയംപേരൂർ രേഖകളിലോ മുമ്പുള്ള ഏതെ ങ്കിലും രേഖകളിലോ മാർത്തോമ്മാ നസ്രാ ണികൾ തങ്ങൾ ബ്രാഹ്മണ പരിവർത്തിതരാ ണെന്ന് അവകാശപ്പെടുന്നില്ലായെന്നത് പ്രത്യേകം ശ്രദ്ധിക്കുക.

തങ്ങളുടെ ആരാധന ക്രമങ്ങളും വിശ്വാസ രീതികളും, അനുഷ്ഠാനങ്ങളും മാർത്തോമ്മാ ശ്ലീഹയിൽ നിന്ന് പൂർവ്വികർക്ക് ലഭിച്ചതാ ണെന്നുള്ള വിശ്വാസമുള്ള സുറിയാനി ആരാധന ഭാഷയും, തദ്ദേശീയ ലിപിയിൽ സുറിയാനി എഴുതുന്ന 'കർസോനി' എന്ന വ്യവഹാര ഭാഷയും ഉപയോഗിച്ചിരുന്നവരായിരുന്നു മാർത്തോമ്മാ ക്രിസ്ത്യാനികൾ. 'മാർത്തോമ്മാ മാർഗ്ഗം' എന്ന് ഇവർ വിളിച്ചിരുന്ന ഈ ജീവിത വ്യവസ്ഥ യാണ് സത്യത്തിൽ പോർട്ടുഗൽ അധിനി വേശനത്തിന് മുമ്പുള്ള കേരള സഭ.

തദ്ദേശീയ ഭരണാധികാരികളുമായി സൈനീ കവും, സാമ്പത്തികവുമായി നല്ല ബന്ധത്തി ലായിരുന്നു ഈ സമൂഹം. പൊതുയോഗം എന്ന ഭരണ സംവിധാനവും ഭരണസമിതിയുമായിരുന്നു നസ്രാണികളുടെ സമുദായ ഭരണം നിർവ്വ ഹിച്ചിരുന്നത്. ഇന്ത്യാ മുഴുവന്റെയും അർക്കദി യാക്കനാൽ വിളിച്ചു കൂട്ടപ്പെടുന്ന എല്ലാ ഇടവ കയുടെയും പ്രധിനിധികളും, പട്ടക്കാരും അട ങ്ങുന്ന ആലോചന കാര്യക്കാർ ആയിരുന്നു പൊതുയോഗത്തിൽ ഉണ്ടായിരിക്കുക. സഭാ സമൂഹത്തെ നിയന്ത്രിച്ചിരുന്നത് പേർഷ്യൻ നിയമിത മെത്രാപ്പോലീത്തോയോ, തദ്ദേശീയ നേതാവായ അർക്കദിയാക്കോനോ ആയിരുന്നില്ല മറിച്ച്, ഈ പൊതുയോഗങ്ങൾ ആയിരുന്നു. സഭ മുഴുവന്റെയും നൈയാമിക മായ ആധി പത്യവും, ഭരണ നിലപാടുകളും, നീതിന്യായവും, നിയമനിർമ്മാണ നടത്തിപ്പ് നിലപാടുകളും പൊതുയോഗമാണ് കൈ കൊണ്ടിരുന്നത്. ആർച്ച് ഡീക്കനും അദ്ദേഹത്തിന്റെ ആലോചന സമിതിയും കേവലം നിർവഹണ സ്വഭാവമുള്ള ഒന്നായിരുന്നു. ഇടവക തലത്തിലും ഈ സംവിധാനത്തിന്റെ ചെറുകിട പതിപ്പായ പള്ളി പൊതുയോഗങ്ങൾ ഭരണം നടത്തി പോന്നു. പൊതുയോഗം നിയോ ഗിക്കുന്ന സമിതിയും കൈക്കാരും ഇടവക ഭരണം നടത്തുകയും ചെയ്യും. വൈദികർക്ക് ആകട്ടെ ദേശത്തു പട്ടക്കാർ എന്ന അവകാ ശമല്ലാതെ, പ്രാദേശിക സഭയുടെ ഭരണത്തിൽ പൊതുയോഗത്തെ നിയന്ത്രിക്കാനുള്ള അധികാ രമൊന്നും ഉണ്ടായിരുന്നില്ല.

ഇന്ന് പങ്കാളിത്ത ജനാധിപത്യമെന്ന് വിളിക്ക പ്പെടുന്ന ഈ സമ്പ്രദായം വിജയകരമായി നിർവഹിച്ചിരുന്ന ഉത്തമ ക്രൈസ്തവ സമൂഹ മായിരുന്നു മാർത്തോമ്മാ ക്രിസ്ത്യാനികൾ.

(ശേഷം അടുത്ത ലക്കം...)

www.malankaralibrary.com



# കനിവേറും കരങ്ങൾ



നന്ദി എൻ നാഥാ നിനക്കായിരം,
അൻപെഴും നിൻ മഹാ കരുണയ്ക്കായി

കനിവായ് ചേർത്തു നിൻ ചാരെയെന്നേ,
പോക്കിയെൻ കഷ്ടങ്ങൾ ഒന്നൊന്നായി

മിഴിനീരാൽ അർപ്പിപ്പൂ നിൻമുമ്പിലായ്,
അർച്ചന നന്ദിയായ് ഇന്നുമെന്നും

വാഗ്ദത്തം പോലെന്നെ ചേർത്തോരാം നിൻ,
കരങ്ങൾ മുത്തുന്നു ഞാൻ മോദാലിന്ന്

അനുഗമിച്ചീടാനായ് കനിഞ്ഞീടണേ,
കരങ്ങൾ തൻ നിഴലിൽ നീ കാത്തീടണേ

നിൻ ഹൃത്തോടു ചേർന്നിരിക്കാൻ തടയും,
ആസക്തികളെ ഒന്നായ് അകറ്റീടണേ

രോഗത്തിൽ ശാന്തിയായ് നാഥാ ഇന്നും,
എൻ ദുഃഖത്തിൽ  ആശ്വാസം പകർന്നുതന്നു

ഹൃത്തിൽ നൈർമല്യം നൽകിയല്ലോ,
ഇനി പിന്തിരിയാൻ അനുവദിക്കരുതെ

കരങ്ങളാൽ പൊതിഞ്ഞീടേണമെന്നെ,
നിൻ ചങ്കോടു ചേർത്തിരുത്തേണമെന്നും

എൻ ആശ്വാസമായ്, ആലമ്പമായിനിയും,
കനിവേറും നിൻ കരങ്ങൾ മാത്രം .....



റോയി പൂച്ചേരിൽ
ബഹ്റൈൻ

www.malankaralibrary.com

2024 മാർച്ച് മാസം
മണിവിളക്ക് പേജ് 32 ന്റെ
തുടർച്ച.






**ഫാ. ജോർജ് തേക്കടയിൽ**
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
എക്യുമെനിക്കൽ കമ്മീഷൻ സെക്രട്ടറി
രാഷ്ട്രദീപിക എക്സിക്യുട്ടിവ് ഡയറക്ടർ

# ഏഴരപ്പള്ളികൾ

## മാർത്തോമ്മാ നസ്രാണി സഭകളുടെ പൊതു പൈതൃകം

## കൊടുങ്ങല്ലൂർ (മാല്യങ്കര)

**ക്രിസ്തു** വർഷം 52 ൽ മാർത്തോമ്മാ ശ്ലീഹാ കൊടുങ്ങല്ലൂരുള്ള മാല്യങ്കര എന്ന സ്ഥലത്തു വന്ന് കപ്പലിറങ്ങി എന്നാണ് പറയപ്പെടുന്നത്. കൊടുങ്ങല്ലൂരിന് മുസ്സീരിസ്, മുച്ചിറി, മുയിരിക്കോട്, ശെംഗല, ഷിഞ്ജി, മക്കൊടൈ, മഹാതേവർ പട്ടണം പൊരുളുള്ളതായി ചരിത്രകാരന്മാർ അവകാശപ്പെടുന്നു. കൊടുങ്ങല്ലൂർ പ്രദേശത്ത് പ്രബലമായ ഒരു യഹൂദ സമൂഹം അക്കാലഘട്ടത്തിൽ ഉണ്ടായിരുന്നതായി പറയപ്പെടുന്നു.

റമ്പാൻ പാട്ടിൽ മാല്യങ്കര എന്ന സുറിയാനി അറിയപ്പെടുന്ന ഭാഷയായിരുന്നു (അറമായ) അവരുടെ സംസാരഭാഷ പ്രധാനമായും യഹൂ ദന്മാരുടെ തുടയിൽ മാർത്തോമ്മാ ശ്ലീഹാ സുവിശേഷമറിയിക്കുകയും, തൽഫലമായി അനേകം യഹൂദർ ക്രൈസ്തവ വിശ്വാസം സ്വീകരിക്കുകയും ചെയ്തതായി പറയപ്പെടുന്നു. കേരളത്തിലെ ആദ്യ സംഘം ക്രിസ്ത്യാനികൾ യഹൂദമതത്തിൽ നിന്നും വന്നവരായിരുന്നു എന്ന് ചുരുക്കം. മാർത്തോമ്മാ നസ്രാണികളുടെ മൂല തറവാട് കൊടുങ്ങല്ലൂർ (മാല്യങ്കര, മുസ്സീരിസ്) ആണെന്ന് പറയാം. ഇവിടെ നിന്നും അനേകം ക്രൈസ്തവർ കേരളത്തിന്റെ വിവിധ പ്രദേശങ്ങളിലേയ്ക്ക് കുടിയേറി താമസിച്ചു പോർച്ചുഗീസുകാർ ഭാരതത്തിലെത്തുമ്പോൾ കൊടുങ്ങല്ലൂരായിരുന്നു മാർത്തോമ്മാ നസ്രാണികളുടെ പ്രധാന സഭാകേന്ദ്രം. പോർച്ചുഗീസുകാരുടെ ആധിപത്യത്തോടുകൂടെ മാർത്തോമ്മാ ക്രൈസ്തവർക്ക് കൊടുങ്ങല്ലൂരുണ്ടായിരുന്ന പ്രാധാന്യം കുറഞ്ഞു വന്നു.

www.malankaralibrary.com

ഇവിടെ നിന്നും അനേകം ക്രൈസ്തവർ കേരളത്തിന്റെ വിവിധ പ്രദേശങ്ങളിലേയ്ക്ക് കുടിയേറി താമസിച്ചു പോർച്ചുഗീസുകാർ ഭാരത്തിലെത്തുമ്പോൾ കൊടുങ്ങല്ലൂരായിരുന്നു മാർത്തോമ്മാ നസ്രാണികളുടെ പ്രധാന സഭാകേന്ദ്രം. പോർച്ചുഗീസുകാരുടെ ആധിപത്യത്തോടുകൂടെ മാർത്തോമ്മാ ക്രൈസ്തവർക്ക് കൊടുങ്ങല്ലൂരുണ്ടായിരുന്ന പ്രാധാന്യം കുറഞ്ഞു വന്നു. പതിനഞ്ചാം നൂറ്റാണ്ടു വരെ കൊടുങ്ങല്ലൂർ ക്ഷേത്ര മാതൃകയിൽ ഒരു ദൈവാലയമുണ്ടായിരുന്നുവെന്നും, 1536 ൽ പോർച്ചുഗീസുകാരുമായുണ്ടായ യുദ്ധത്തിൽ മുഹമ്മദീയർ ഈ ദൈവാലയം നശിപ്പിച്ചുവെന്നും ചരിത്രം പറയുന്നു. 1622 ൽ കൊടുങ്ങല്ലൂർ ഡച്ചുകാരുടെയും, 1795 ൽ ഇംഗ്ലീഷുകാരുടെയും നിയന്ത്രണത്തിലായി. 1609 മുതൽ പോർച്ചുഗീസ് മിഷനറിമാർ കൊടുങ്ങല്ലൂർ ആസ്ഥാനമാക്കി ഭരണം നടത്തി പോന്നു. 1886 ൽ അവർ പിൻവാങ്ങി. 1952 ൽ കത്തോലിക്കാ സഭയുടെ പൗരസ്ത്യതിരുസംഘം പ്രീഫെക്ട് കർദ്ദിനാൾ യൂജിൻ ടിസറാങ്ങ് കേരളം സന്ദർശിച്ചപ്പോൾ, കൊടുങ്ങല്ലൂരുള്ള അഴീക്കോട് തുറമുഖത്തുള്ള പള്ളിയിൽ മാർത്തോമ്മാ ശ്ലീഹായുടെ തിരുശേഷിപ്പ് ഇറ്റലിയിലെ ഓർത്തോണാ കത്തീഡ്രലിൽ നിന്നും കൊണ്ടുവന്ന് സ്ഥാപിച്ചു. ഈ തിരുശേഷിപ്പ് മാർത്തോമ്മ ശ്ലീഹായുടെ വലതുകൈയ്യുടെ അസ്ഥിയുടെ ഒരു ഭാഗമാണെന്ന് പറയപ്പെടുന്നു. മൂന്ന് പള്ളികൾ കൊടുങ്ങല്ലൂർ പ്രദേശത്ത് പുരാതനകാലത്ത് ഉണ്ടായിരുന്നതായി പറയപ്പെടുന്നു. മർത്തമറിയം, മാർ തോമാശ്ലീഹാ, മാർ കുറിയാക്കോസ് സഹദാ എന്നിവരുടെ നാമത്തിലായിരുന്നു ഈ മൂന്നു പള്ളികൾ സ്ഥാപിതമായത്.



# പാലയൂർ (പാലൂർ, ചാവക്കാട്

പ്രാചീനകാലത്ത് പാലൂർ എന്നറിയപ്പെട്ടിരുന്ന പാലയൂർ ബ്രാഹ്മണർ കൂടുതലായി താമസിച്ചിരുന്ന പ്രദേശമായിരുന്നുവെന്ന് പറയപ്പെടുന്നു. ക്രിസ്തുവർഷം എട്ടാം നൂറ്റാണ്ടോടെ ആണ് ബ്രാഹ്മണർ കേരളത്തിൽ വസിച്ചു തുടങ്ങിയത് എന്നൊരു പണ്ഡിത അഭിപ്രായം ഉണ്ട്. ഈ വിഷയം സംബന്ധിച്ച് കേരള ചരിത്ര പണ്ഡിതന്മാർ തീർപ്പു കല്പിക്കട്ടെ. ഒരു പക്ഷെ കേരളത്തിന്റെ സാമൂഹിക സാംസ്കാരിക മത മണ്ഡലങ്ങളെ കൂടുതലായി ബ്രാഹ്മിണ മേധാവിത്വം സ്വാധീനിച്ചു തുടങ്ങിയത് എട്ടാം നൂറ്റാണ്ടോടു കൂടി ആയിരുന്നിരിക്കാം. പാലയൂരിൽ ഉണ്ടായിരുന്ന ക്ഷേത്രസ്ഥലവും ക്ഷേത്രകുളവും ഇപ്പോൾ ക്രൈസ്തവ പള്ളി വകയാണെന്ന് പറയപ്പെടുന്നു. പാലയൂർ പ്രദേശത്തും പ്രബലമായ ഒരു യഹൂദ സാന്നിധ്യമുണ്ടായിരുന്നുവെന്ന് പറയപ്പെടുന്നു. യൂദർ പാർത്തിരുന്ന പ്രദേശം ഇന്നും യൂദക്കുന്ന് എന്ന പേരിൽ അറിയപ്പെടുന്നു. ഒരു സംഘം ബ്രാഹ്മണർ പാലയൂർ കുളത്തിൽ മന്ത്രോച്ചാരണത്തോടുകൂടി പിതൃതർപ്പണം നടത്തിക്കൊണ്ടിരുന്ന അവസരത്തിൽ, തോമാശ്ലീഹാ അവിടേയ്ക്ക് കടന്നു വരുകയും, അവരുമായി ഒരു പന്തയത്തിൽ ഏർപ്പെടുകയും ചെയ്തുവത്രെ, തങ്ങളിൽ ആര് മുകളിലേയ്ക്ക് കോരി ഒഴിക്കുന്ന ജലം അന്തരീക്ഷത്തിൽ തന്നെ തങ്ങി നിൽക്കുന്നുവോ ആ കൂട്ടരുടെ വിശ്വാസം മറ്റു കൂട്ടർ സ്വീകരിക്കണമെന്നതായിരുന്നു വ്യവസ്ഥ. അതിൻ പ്രകാരം ബ്രാഹ്മണർ മുകളിലേയ്ക്ക് എറിഞ്ഞ വെള്ളം, അന്തരീക്ഷത്തിൽ തങ്ങി നില്ക്കാതെ വരുകയും, തോമാശ്ലീഹാ മുകളിലേയ്ക്ക് എറിഞ്ഞ വെള്ളം അന്തരീരക്ഷത്തിൽ തങ്ങി നിൽക്കയും ചെയ്തുവത്രെ. പന്തയത്തിൽ ജയിച്ച തോമാശ്ലീഹായുടെ വിശ്വാസം ശങ്കരപുരി, കള്ളി, കാളികാവ്, പകലോമറ്റം, കോയിക്കര, വൈമ്പിള്ളി, നെടുമ്പിള്ള, മാടപുരു തുടങ്ങി മുപ്പത്തിരണ്ട് ഇല്ലക്കാർ സ്വീകരിച്ചുവെന്നും, ക്രിസ്തുമതം സ്വീകരിക്കാൻ വൈമനസ്യം കാണിച്ച് ബാക്കിയുള്ള ബ്രാഹ്മണ ഇല്ലക്കാർ ഇനിയത്തെ കുളി വാമനാടിൽ (വേമ്പനാട്) എന്നു

www.malankaralibrary.com

പറഞ്ഞും, ഇതൊരു ശാപനാട് എന്ന് വിളിച്ചും പറഞ്ഞും പാലയൂർ പ്രദേശം ഉപേക്ഷിച്ച് ഓടി പോയി എന്നാണ് ഐതിഹ്യം. ക്രൈസ്തവ ഹൈന്ദവ പാരമ്പര്യങ്ങൾ ഇതിനെ പിന്തുണയ്ക്കുന്നുണ്ട് എന്ന വസ്തുത മറക്കരുത്. ഇവിടെയുണ്ടായിരുന്ന പള്ളിയിൽ പുരാതന ക്ഷേത്രങ്ങളുടെ വിവിധ ഭാഗങ്ങൾ സൂക്ഷിച്ചിരുന്നുവെന്നും പിൽക്കാലത്ത് പതിനാറാം നൂറ്റാണ്ടിൽ ഇവിടെ വികാരിയായിരുന്ന പോർച്ചുഗീസ് ജസ്യൂട്ട് പാതിരി ഫെനാച്ചിയോ ഇതിന്റെ മൂല്യം അവഗണിച്ച് അന്നുണ്ടായിരുന്ന ദൈവാലയം പുതുക്കി പണിതു എന്നുമാണ് ചരിത്രം. ഇപ്പോൾ ഇവിടെയുള്ള ദൈവാലയം 1948-1954 കാലങ്ങളിൽ പുതുക്കി പണിതതാണ്. എന്നിരുന്നാലും അന്നത്തെ ക്ഷേത്ര കുളവും, പൂജാദികാര്യങ്ങൾക്കായി വെള്ളം എടുത്തിരുന്ന കിണറും, അതു മൂടിയിരുന്ന വട്ടക്കല്ലും ഇപ്പോഴും അവിടെ കാണാൻ സാധിക്കും. ബ്രാഹ്മണരെ (നമ്പൂതിരിമാരെ) സ്നാനപ്പെടുത്തിയതിന്റെ ഓർമ്മയ്ക്കായി എല്ലാ വർഷവും ജൂലൈ 15 ന് പാലയൂർ പള്ളിയൽ പെരുന്നാളും നടത്തി വരുന്നുണ്ട്. ബ്രാഹ്മണരുടെ വാസകേന്ദ്രവും, യഹൂദരുടെ വാണിജ്യ കേന്ദ്രവുമായിരുന്ന പാലയൂർ പ്രദേശം, ക്രിസ്തുമതം സ്വീകരിക്കാൻ വിസമ്മതിച്ച ബ്രാഹ്മണർ, ശപിക്കപ്പെട്ട സ്ഥലം, എന്ന് വിളിച്ച്, ഉപേക്ഷിച്ചു പോയെന്നും, അങ്ങനെ അത് ശാപക്കാട് എന്ന് അറിയപ്പെട്ടെന്നും, ഇന്നും ചാവക്കാട് എന്ന പേരിൽ അറിയപ്പെട്ടു വരുന്നു എന്നതും ഒരു യാഥാർത്ഥ്യമായി നിലകൊള്ളുന്നു.

## കൊല്ലം

കൊടുങ്ങല്ലൂർ നിന്ന് മാർതോമ്മാശ്ലീഹാ തുറമുഖ പട്ടണമായ കൊല്ലത്തേയ്ക്കാണ് പോയതെന്നും അവിടെ സുവിശേഷം പ്രസംഗിച്ച് അനേകരെ ക്രിസ്തുമാർഗ്ഗത്തിലേയ്ക്ക് സ്വീകരിച്ചുവെന്നും പറയപ്പെടുന്നു. കൊടുങ്ങല്ലൂരിൽ മർത്തോമ്മായുടെ ശിഷ്യനായി തീർന്ന കേഫാ എന്നയാളും കൊല്ലത്തേയ്ക്കു വന്നു ശ്ലീഹായെ സഹായിച്ചിരുന്നു. റമ്പാൻ പാട്ട് പറയുന്ന പ്രകാരം, രണ്ടാമത് എണ്ണപ്പെടുന്ന പള്ളി കൊല്ലത്തേതാണ്. കൊല്ലം പള്ളിയുടെ രേഖപ്പെടുത്തപ്പെട്ട ചരിത്രം ആരംഭിക്കുന്നത് 849 ലെ തരിസ്സാപ്പള്ളി ശാസനം മുതൽക്കാണ്. കൊടുങ്ങല്ലൂർ ആസ്ഥാനമായി ഭരിച്ചിരുന്ന സ്ഥാനം രവി കുലശേഖര പെരുമാളിന്റെ സമന്തനായിരുന്ന അയ്യനടികൾ തിരുവടികൾ എന്ന വേണാട് രാജാവാണ് തരിസാപ്പള്ളി ശാസനം നല്കിയത്. കൊല്ലത്തെ തരിസാപ്പള്ളിയ്ക്കും അവിടെയുള്ള ക്രൈസ്തവ സമൂഹത്തിനും നല്കിയ അവകാശങ്ങളും അധികാരങ്ങളും പദവികളും ആനുകൂല്യങ്ങളുമാണ് തരിസാപ്പള്ളി ശാസനം. മൂന്നു ശാസനങ്ങളിൽ ഒന്ന് തിരുവല്ലാ മാർത്തോമ്മാ സഭാകേന്ദ്രമായ പുലാത്തീൻ അരമനയിലും മറ്റൊന്ന് മലങ്കര ഓർത്തഡോക്സ് സഭാകേന്ദ്രമായ കോട്ടയം ദേവലോകം കത്തോലിക്കേറ്റ് അരമനയിലും സൂക്ഷിക്കപ്പെടുന്നു. കേരളത്തിലെ മാർത്തോമ്മാ നസ്രാണി സഭ ഇവിടുത്തെ സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ, സാമ്പത്തിക മണ്ഡലങ്ങളിൽ ചെലുത്തിയിരുന്ന ശക്തമായ സ്വാധീനത്തിന്റെ ഉത്തമ ഉദാഹരണമാണ് തരിസാപ്പള്ളി ശാസനം.

തരിസാപ്പള്ളി ശാസനത്തിന് ശേഷം കൊല്ലത്തെ ക്രൈസ്തവസഭയുടെ സാന്നിദ്ധ്യത്തെപ്പറ്റി പരാമർശിക്കപ്പെടുന്ന ചരിത്ര രേഖകൾ പതിമൂന്നാം നൂറ്റാണ്ടിനും അതിനു ശേഷവുമുള്ളവയാണ്. മാർക്കോ പോളോ എന്ന ഇറ്റാലിയൻ സഞ്ചാരി, യോർദ്ധാനൂസ് കലാനി, ജിയോവണി സി മരിഞ്ഞോളി എന്നിവർ കൊല്ലത്തെ നസ്രാണികളെക്കുറിച്ച് അവരുടെ സഞ്ചാര രേഖകളിൽ പരാമർശിക്കുന്നുണ്ട്. റോമൻ കത്തോലിക്കാ ലത്തീൻ കത്തോലിക്കാ മിഷനറി ആയിരുന്ന യോർദ്ദാനൂസ് കറ്റലാനി 1329 ൽ കൊല്ലത്തെ റോമൻ കത്തോലിക്കാ മെത്രാനായി 1329 ൽ ജോൺ 22മൻ മാർപാപ്പയിൽ നിയമിതനായതായി ചരിത്ര രേഖകളിലുണ്ട്. കൊല്ലത്തെ ക്രിസ്ത്യാനികൾ യോർദ്ദാനുസ് കറ്റലാനിയുമായി സഹകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് 1330 ൽ മാർപാപ്പ ഒരു സന്ദേശമെഴുതി അയച്ചിരുന്നതായി രേഖകളിലുണ്ട്. കൊല്ലത്തെ ശക്തമായ ഒരു നസ്രാണി ക്രൈസ്തവ സാന്നിധ്യമുണ്ടായിരുന്നതായി വിവിധ രേഖകളിൽ നിന്ന് മനസ്സിലാക്കാൻ സാധിക്കും. പതിനാറാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ പൗരസ്ത്യ കാതോലിക്കോസ് മാർ യാഫ്ബാലാഹ ഏലിയാ അഞ്ചാൻ, മാർ യാക്കോബ്, മാർതോമ്മാ, മാർ ദനഹാ എന്നീ പൗരസ്ത്യ സുറിയാനി മെത്രാന്മാരുടെ കത്തുകളിൽ കൊല്ലത്തുള്ള

www.malankaralibrary.com

സുറിയാനി ക്രിസ്ത്യാനികളെപ്പറ്റിയുള്ള വിവരണങ്ങൾ മനസ്സിലാക്കാനാവും. ഈ മെത്രാന്മാർ മാർത്തോമ്മാ നസ്രാണി സമൂഹത്തിന് ആത്മീയ നേതൃത്വം നല്കിയ ഇന്ത്യയുടെ മെത്രാപ്പോലീത്താമാരായിരുന്നു. പതിനാറാം നൂറ്റാണ്ട് മുതൽ പോർച്ചുഗീസ് മിഷനറിമാർ തങ്ങളുടെ രാഷ്ട്രീയ സാമ്പത്തിക സ്വാധീനത്താൽ സുറിയാനി ക്രിസ്തീയ സമൂഹത്തെ തങ്ങളുടെ വരുതിയിലാക്കാൻ ശ്രമിച്ച്, അതിൽ ഒരു പരിധിവരെ വിജയിക്കുകയും ചെയ്തു. പതിനേഴാം നൂറ്റാണ്ടിനുശേഷം ഡച്ചുകാർ തങ്ങളുടെ സ്വാധീനം ഉപയോഗിച്ച് ക്രൈസ്തവ സമൂഹത്തെ തങ്ങളുടെ നിയന്ത്രണത്തിലാക്കി. കൊല്ലം കാദീശാപള്ളി (മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ), കൊല്ലം തേവലക്കര മാർത്തമറിയം മലങ്കര ഓർത്തഡോക്സ് സുറിയാനി പള്ളി, കൊല്ലം തുറമുഖത്തുള്ള ശുദ്ധീകരണ നാഥയുടെ നാമത്തിലുള്ള ലത്തീൻ കത്തോലിക്കാ പള്ളി തുടങ്ങിയവ ഇന്ന് കൊല്ലത്തെ പ്രധാനപ്പെട്ടതും പഴമയേറിയതുമായ ദൈവാലയങ്ങളാണ്.



# നിരണം

ഏഴരപ്പള്ളികളിൽ ഒന്നായ നിരണം പള്ളി, കൊടുങ്ങല്ലൂർ, കൊല്ലം പള്ളികൾക്കു ശേഷം മൂന്നാമതായി സ്ഥാപിച്ചതെന്ന് കരുതപ്പെടുന്നു. പത്തനംതിട്ട ജില്ലയിൽ തിരുവല്ലായ്ക്ക് പടിഞ്ഞാറ് അപ്പർ കുട്ടനാട് (മേൽക്കുട്ടനാട്) നിരണത്ത് ക്രിസ്തുവർഷം 54 ൽ ഈ പള്ളി (സഭാ സമൂഹം) സ്ഥാപിച്ചുവെന്ന് വിശ്വസിക്കപ്പെടുന്നു. പുഴകളാലും, കായലുകളാലും, തണ്ണീർത്തടങ്ങളായും അനുഗ്രഹിക്കപ്പെട്ട നിരണം പ്രദേശത്ത് പുരാതനകാലം മുതൽ തന്നെ പ്രധാനപ്പെട്ട ഒരു നെൽകൃഷി കേന്ദ്രവും, വ്യാപാര കേന്ദ്രവുമായിരുന്നു. നിരണം പ്രദേശത്തുള്ള തൃക്ക്പാലേശ്വരം എന്ന സ്ഥലത്ത് മാർത്തോമ്മാ ശ്ലീഹാ എത്തിച്ചേരുകയും അവിടെ ഒരു കുരിശു സ്ഥാപിക്കുകയും ചെയ്തതായി പറയപ്പെടുന്നു. എന്നാൽ അവിടെ വസിച്ചിരുന്ന ബ്രാഹ്മണർ ശക്തമായി എതിർക്കുകയും കുരിശ് എടുത്ത് ആറ്റിലെറിയുകയും ചെയ്തുവത്രെ പ്രസ്തുത കുരിശ് പിന്നീട് മറ്റൊരിടത്തു മാറ്റി സ്ഥാപിക്കുകയും അവിടൊരു പള്ളി പണിയുകയും ചെയ്തു. പ്രസ്തുത സ്ഥലത്താണ് വി.മർത്തമറിയാമിന്റെ നാമത്തിൽ ഇന്നുള്ള നിരണം ഓർത്തഡോക്സ് വലിയ പള്ളി സ്ഥിതി ചെയ്യുന്നത്. തിരുവിതാംകൂർ പ്രദേശത്ത് ഉള്ള എല്ലാ സഭകളുടെയും തലപ്പള്ളിയായി നിരണം പള്ളി കരുതപ്പെടുന്നു. ഓർത്തഡോക്സ് സഭ നിരണം ഭദ്രാസനത്തിന്റെ ആസ്ഥാന ദൈവാലയമാണ് നിരണം മർത്തമറിയം വലിയപള്ളി. മാർത്തോമ്മാശ്ലീഹാ നിരണം പ്രദേശത്തുള്ള പട്ടമുക്ക്, തയ്യിൽ, മാങ്കി, മടത്തിലാൻ എന്നീ നമ്പൂതിരി ഇല്ലങ്ങളിലെ ആളുകളെ ക്രിസ്തീയ വിശ്വാസത്തിലേയ്ക്ക് സ്വീകരിച്ചു എന്ന് പറയപ്പെടുന്നു. മലങ്കരയിലെ (മലബാർ) ഒത്തിരിയേറെ ചരിത്ര സംഭവങ്ങൾക്ക് സാക്ഷിയായ പള്ളിയാണ് നിരണം പള്ളി. രണ്ടാം മാർത്തോമ്മാ, അഞ്ചാം മാർത്തോമ്മാ എന്നിവർ കബറടങ്ങിയിരിക്കുന്ന പള്ളിയാണിത്. പോർച്ചുഗീസുകാരനായ ഗോവാ മെത്രാപ്പോലീത്ത അലക്സിസ് ഡി മെനേസിസ് ജലമാർഗ്ഗം യാത്ര ചെയ്ത് നിരണം പള്ളിയിലേയ്ക്ക് വന്നതായി ചരിത്രം രേഖപ്പെടുത്തുന്നു. പകലോമറ്റം കുടുംബക്കാരായ മാർത്തോമ്മാ മെത്രാന്മാർ സഭാഭരണം നിർവഹിച്ചത് പലപ്പോഴും നിരണം കേന്ദ്രീകരിച്ചായിരുന്നുവെന്ന് ചരിത്രം രേഖപ്പെടുത്തുന്നു. മാർത്തോമ്മാശ്ലീഹാ ആദ്യം കുരിശു നാട്ടിയ തൃക്ക്പ്പാലേശ്വരത്താണ് മാർത്തോമ്മാ സഭയുടെ കീഴിൽ ഇന്നുള്ള യെരുശലേം മാർത്തോമ്മാ പള്ളി എന്ന് പറയപ്പെടുന്നു.

തുടരും...

www.malankaralibrary.com





Rev. Fr. Maria John
Eparchy of Marthandam
அருட்தந்தை மரிய ஜாண்

# மார்த்தாண்டத்தின் மாமேதையாம் ஆயர் இலாறன்ஸ் மார் எஃப்ரேம்

சூரியன் என அர்த்தம் கொண்ட மார்த்தாண்டன் என்ற பெயரிலிருந்து மார்த்தாண்டம் என்னும் இடப்பெயர் உருவானதாக பல்வேறு விளக்கங்கள் நாம் கூறக் கேட்டிருக்கின்றோம். இருப்பினும் மார்த்தாண்டம் என்ற சொல்லில் நம் மலங்கரை திருஅவைச் சார்ந்த சில சொற்களும் அடங்கியிருப்பதை நாம் காண முடிகின்றது. குறிப்பாக மார், மார்த்தா, தாண்டவம் என்ற சொற்கள் மார்த்தாண்டம் என்னும் சொல்லுக்குள் அடங்கியிருக்கின்றன.

நமது சிறியன் மரபில் மிக முக்கியமான ஒரு சொல்லாக பயன்படுத்தப்பட்டு வருவது "மார்" என்ற ஒரு சொல்லாகும். மார் என்ற சொல் இறைமை, புனிதம் மற்றும் மதிப்புக்குரிய என்ற மூன்று அர்த் தங்களை கொள்கின்றது. "மார்" என்ற சொல் மலங்கரை மறைமாவட்டங்களுள் மார்த்தாண்டம் என்ற சொல்லில் மட்டுமே அடங்கியிருக்கிறது என்பதை எண்ணி நாம் பெருமை கொள்வோம். இரண்டாவது சொல்லாக "மார்த்தா" என்ற சொல்லானது அடங்கியிருக்கின்றது. "மார்த்தா" என்ற அரமேயச்சொல் "தலைவி" என்ற பொருள் கொண்டுள்ளது. ஆண்டவர் இயேசு கிறிஸ்து வாழ்ந்த காலத்தில் கிறிஸ்துவோடு நெருங்கிய உறவினராக கிறிஸ்துவுக்கு உறுதுணையாக இருந்த நபராக மார்த்தாவை நாம் விவிலியத்தில் வாசிக்கக் கேட்டிருக்கின்றோம். இப்புனிதையின் பெயரும் மார்த்தாண்டம் என்ற சொல்லுக்குள் அமைந்திருக்கின்றது. மேலும் "தாண்டவம்" என்றால் இறைவன் மகிழ்வுடன் வீற்றிருக்கும் நிலையைக் குறிக்கும் சொல் ஆகும்.

இவ்வாறு இறைத்தன்மை கொண்ட புனிதமான அல்லது மதிப்புக்குரிய இடம் தான் மார்த்தாண்டம். இறை ஆன்மீக உணர்வு நிறைவாக நிரம்பி வழிந்து கொண்டிருக்கும் நிலையை மார்த்தாண்டம் என்ற இடப்பெயரின் வழியாக நம்மால் உணர்ந்து கொள்ள முடிகிறது.

இயல்பிலேயே இத்தகைய முக்கியத்துவம் கொண்ட மார்த்தாண்டம் பகுதியில் மேலும் இம்மண்ணுக்கு புனிதத்தை வாழ்ந்து காட்டிய மாமேதை ஆயர் இலாறன்ஸ் மார் எஃப்ரேமின் 25 ஆம் ஆண்டு

www.malankaralibrary.com

நினைவுத் திருநாளை ஏப்ரல் 8, 2022 அன்று அவரது உடல் துயில் கொள்ளும் பேராலயத்தில் வைத்து கொண்டாடப்பட்டது.

`மார்த்தாண்டம் மறைமாவட்டத்தில் துவக்கக் காலங்களில் களியக்காவிளை மற்றும் மார்த்தாண்டம் என்ற இரு தலங்கள் மட்டுமே அமைந்திருந்தன. அவற்றுள் முக்கியமாக களியக்கா விளைப் பகுதியில் பிரான்சிஸ்கன் துறவு சகோதரர்கள் மற்றும் சி எம் ஐ துறவு அருட்தந்தையர்கள் மலங்கரை மக்கள் சமூகங்களை உருவாக்கினர். மார்த்தாண்டம் பகுதியில் மோன்சிஞ் ஞோர் ஜோசப் குழிஞ்ஞாலில் அவர்கள் மரியாவின் புதல்வியர் அருட்சகோதரிக ளோடு இணைந்து மறைபணித்தலங்களை உருவாக்கினார். இவை வெகு வேகமாக வளர்ந்து வந்தன. ஆயர் இலாறன்ஸ் மார் எஃப்ரேம் அவர்களின் முக்கிய பணித்தளம் மார்த்தாண்டம் பகுதியை கடந்து நாகர்கோயில் பகுதியில் அமைந்திருந்தது.

சுமார் இருபத்தைந்து ஆண்டுகளுக்கு முன்னர் திருவனந்தபுரத்தில் பட்டம் புனித ஞானப்பிரகாசியார் குருத்துவ பயிற்சியகத்தில் பயின்று கொண் டிருக்கும் காலத்தில் பல வேளைக ளிலும், பட்டம் பேராயர் இல்லத்தில் பல்வேறு பணிகளுக்காக செல்ல வேண்டியது வழக்கம். அப்போது முதல் முறையாக ஆயர் இலாறன்ஸ் மார் எஃப்ரேம் ஆண்டகை அவர்களை நேரடியாக சந்தித்தபோது மனதிற் குள்ளே ஒரு பய உணர்வு. உடனடி யாக அவர் என்னை அறிந்திருந்தவராய் என்னை அழைத்துக் கொண்டு என் வீட்டில் அப்பா எப்படி இருக்கிறார் நலம் தானா என்று நலம் விசாரித்தார். எனது அப்பா தக்கலை தபால் நிலையத்தில் பணிபுரிந்த காலத்தில் பல நேரங்களிலும் அவரை சந்திக்க சென்றதாக கூறியுள்ளார்.

தொடர்ந்து குருத்துவ பயிற்சியக வாழ்வில் பணிகள் எவ்வாறு உள்ளன என்பதை பற்றி விசாரித்து ஊக்கமூட்டு வார். அவரது ஜெப வாக்குறுதிகளையும் ஆசீர்வாதங்களையும் தந்து அனுப்பு வார். இவ்வாறு அரவணைப்போடு கட்டி அணைத்து ஒரு தந்தைக்குரிய பாசத்தை என்னிடம் காட்டினார். இவர் மிகப்பெரிய ஆளுமைக்கு சொந்தக்காரர் என்ற உணர்வு எனக்கு எனக்கு இருந்ததில்லை. என் அப்பாவை போன்று அவரை என் உள்ளத்தில் பதித்து வைத்தேன்.

அவரது இறப்புக்கு பின்னர் அவரது உடல் மக்கள் பார்வைக்காக வைக்க ப்பட்டிருந்த போது அவரது உடலுக்குச் செய்ய வேண்டிய கடைசி பணிவிடைகளை செய்வதற்கு கிடைத்த மிகப்பெரும் வாய்ப்பு எண்ணி பெருமைப்படுகிறேன்.

கடந்த ஆண்டுகளில் ஜெர்மனி நாட்டில் நான் பணிபுரிந்த போது மலங்கரை கத்தோலிக்க மக்களுக்காக திருப்பலி ஒப்புக் கொடுக்க செல்வது வழக்கம். திருப்பலி முடிந்து அங்கிருந்த மக்கள் வெளியே வந்து உடனடியாக என்னிடம் கேட்டனர். நீங்கள் எங்கிருந்து வருகிறீர்கள்? நானும் மார்த்தாண்டம் மறைமாவட்டத்தில் இருந்து வருகிறேன் என்றேன். உடனடியாக ஆறுதல் நிறைந்த வார்த்தைகளை என்னிடம் எடுத்துக் கூறினர். "மார்த்தாண்டத்தின் எஃப்ரேம் ஆயர் அன்று எங்களோடு கலந்துரையாட வராமல் இருந்தி ருந்தால் இன்று நாங்கள் எவருமே இங்கு இருந்திருக்க மாட்டோம்". என்று கூறினர்.

`முற்காலங்களில் மலங்கரை மக்கள் ஜெர்மனியில் செவிலியர்களாக பணி யாற்றினர். இத்தகையொருள் பலர் புதிய மொழி. சுற்றுச்சூழல் மற்றும் ஒவ்வாமை காரணமாக பாதிக்கப் பட்டார்கள் சோர்வடைந்து தாய்நாட்டுக்கு

www.malankaralibrary.com

திரும்ப வேண்டும் என வருத்தத்தோடு சோர்வடைந்திருந்த காலத்தில் ஆயர் இலாறன்ஸ் மார் எஃப்ரேம் அவர்கள் உரோமாபுரியில் இறையியல் கற்ற காலத்தில் வாய்ப்பு கிடைக்கும் போதெல்லாம் இம்மக்களை வந்து சந்தித்து அவர்களை ஆற்றுப்படுத்தினார். அவர்களுள் ஒரு குடும்பத்தினர் இப்போதும் வருடத்திற்கு ஒருமுறை விடுமுறைக்கு வருகின்றபோது ஆயரின் கல்லறைக்கு வந்து ஜெபிப்பது வழக்கமாக உள்ளது. இவ்வாறு ஆயர் அவர்களின் நற்செய்திப் பணி எல்லை கடந்தும் செயல்பட்டது என்பது மிகத் தெளிவு.

மாபெரும் ஆளுமையை கொண்ட ஆயர் இலாறன்ஸ் மார் எஃப்ரேம் மார்த்தாண்டத்தின் மாமேதை என்று அழைக்கப்படுவதே தகுதியானது. மார்த்தாண்டம் மக்களுக்கு மொழி இன வேறுபாடு இன்றி இவர் வழங்கிய நன்மைகள் ஏராளம் ஏராளம். அனைத்து தரப்பு மக்களுக்கும் இவர் முக்கியமானவர். இவரை மார்த்தாண்டத்தின் மாமேதை என வாழ்த்துவது சரியானதே ஆகும்.

அருள்தந்தை மரிய அற்புதம் தொகுத்த "ஆயர் இலாறன்ஸ் மார் எஃப்ரேம்" என்னும் நூல் ஆயரைப் பற்றிய மிகுதியான வாழ்க்கைத் தரவுகளை கொண்டுள்ளது. இத்தரவுகளையும் பணி புரிந்த நாகர்கோயில் மறைவ ட்டத்தின் தற்போதைய நிலையையும் மக்கள் அனுபவங்களையும் ஒருங்கிணைத்து எளியோரும் புரிந்து கொள்ளும் விதமாக குறு வினா விடை வடிவில் நூல் ஒன்றும் தொகுக்கப்பட்டுள்ளது. ஆயர் இலாறன்ஸ் மார் எஃப்ரேம் அவர்கள் திட்டமிட்டு துவங்கிய பணிகள் ஒவ்வொன்றும் அடிப்படையாகவே அமைந்திருந்தன. இந்த அடிப்படையின் மீது எவ்வாறு அவரது வழித்தோன்றல்களும்,



Fr. Maria John is second from the left of those standing.


இறைமக்களும் துறவியரும் இணைந்து இப்பணியினை மேம்படச் செய்தனர் என்பதும் மிக முக்கியமானதே ஆகும். மார்த்தாண்டம் மறைமாவட்டத்தின் வளர்ச்சிக்கு ஆயர் இலாறன்ஸ் மார் எஃப்ரேம் அவர்கள் திட்டங்களை வகுத்தார். ஆயர் யூஹானோன் மார் கிறிஸோஸ்டம் அவர்கள் திட்டங்களுக்கான அஸ்திவாரம் அமைத்தார். ஆயர் வின்செண்ட் மார் பவுலோஸ் அவர்கள் அதன் மேல் நோக்கிய கட்டும் பணிகளை செய்து வருகிறார். தொடர்ந்து வருபவர்களும் இவ்வாறே தங்கள் பணிகளை தொடர்வர் என்பது உறுதி.

ஆயர் இலாறன்ஸ் மார் எஃப்ரேம் அவருடைய மறைவிற்குப் பின்னர் அவரது பாதம் பதிந்த இடங்களில் எத்தகைய வளர்ச்சிப் பணிகள் நடைபெற்றன என்பதையும் எவ்வாறு தொடர்ந்து வளர்ச்சியின் பாதையில் இறைமக்கள் வழிநடத்தப்படுகின்றனர் என்பதையும் கண்கூடாக காண முடியும்.

www.malankaralibrary.com

# THERE'S A PLACE FOR YOU

**There's a place for you in the Heart of Jesus Yes, a place for you in the Heart of our Lord.**



1. There is no life / that seriously is troubled
There is no life / that seriously is broken
There is no life / that is a whole confusion
Which can't find shelter/in his heart

No serious guilt / that ever one can sense
No serious wound / that ever one might have
All kind of icebergs / can dissolve
In the warmth / of his lo-oving heart

2. So come my friend / come closer to our Lord
So come my friend / come close he is waiting
So come my friend/he wipes away all tears
He gives you shelter/in His Heart

Don't ever doubt / his tender loving care
Don't ever doubt / he knows you by your name
He wants you back so /
You'll find comfort in his Hea-a-a-art.



**Sr. Mariane Farrugia DSH**
Philippines

www.malankaralibrary.com



# ലോറൻസ് മാർ അപ്രേം തിരുമേനി

## ത്യാഗോജ്ജ്വലനായ മിഷനറി



ഫാ. ഡോ. തോമസ് കുഴിനാപ്പുറത്ത്

**ഭാഗ്യസ്മരണാർഹനായ ലോറൻസ് മാർ അപ്രേം തിരുമേനിയെ കുറിച്ച് ഓർക്കുമ്പോൾ ആദ്യം മനസ്സിൽ വരുന്ന വാക്കുകളാണീ ശീർഷകം. മലങ്കര സുറിയാനി കത്തോലിക്കാ സഭ കണ്ട പ്രഗത്ഭരായ മിഷനറിമാരിൽ മുൻപന്തിയിൽ നിൽക്കുന്ന ഒരാളാണ് അദ്ദേഹം.**

### ജീവിതത്തിലൂടെ

1928 മെയ് 15 നായിരുന്നു തിരുമേനിയുടെ ജനനം. തിരുവനന്തപുരം ജില്ലയിൽ, നെയ്യാറ്റിൻകര താലൂക്കിൽ, നെല്ലിക്കാക്കുഴി വില്ലേജിൽ, വെള്ളെലുമ്പ് എന്ന സ്ഥലത്ത് കാകത്തോട്ടം കുടുംബത്തിൽ ജസ്റ്റസ് ഉപദേശിയുടെയും വിക്ടോറിയയുടെയും മൂത്ത മകനായി ആ വലിയ മിഷനറി ജനിച്ചു. സി. എസ്. ഐ. സഭാംഗങ്ങളായിരുന്ന മാതാപിതാക്കൾ പുനരൈക്യ പ്രസ്ഥാനത്തിന്റെ ആദ്യനാളുകളിൽ തന്നെ മലങ്കര സുറിയാനി കത്തോലിക്കാ സഭാംഗങ്ങളായി.

ലോറൻസിന്റെ പ്രാഥമിക വിദ്യാഭ്യാസം കാഞ്ഞിരംകുളത്തെ ഒരു ഇംഗ്ലീഷ് മീഡിയം സ്കൂളിലായിരുന്നു. അക്കാലത്തു മാർ ഈവാനിയോസ് തിരുമേനിയുടെ സെക്രട്ടറിയും തിരുവനന്തപുരം അതിഭദ്രാസനത്തിന്റെ മൈനർ സെമിനാരി റെക്ടറും പിൽക്കാലത്ത് കോതമംഗലം രൂപതയുടെ മെത്രാനുമായിരുന്ന ഫാ. മാത്യു പോത്തനാംമൂഴി, കാഞ്ഞിരംകുളം കേന്ദ്രീകരിച്ച് മിഷൻ പ്രവർത്തനം നടത്തിയിരുന്നു. അദ്ദേഹം ലോറൻസിനെ ആർച്ച്ബിഷപ്പ് ഹൗസിലേക്ക് കൂട്ടികൊണ്ടുവരികയും മാർ ഈവാനിയോസ് തിരുമേനിക്ക് പരിചയപ്പെടുത്തുകയും ചെയ്തു. തുടർന്ന് അപോസ്തോലിക് സ്കൂളിൽ ചേർന്ന് 10) ക്ലാസ്സ് 1944 ൽ വിജയകരമായി പൂർത്തിയാക്കുകയും ചെയ്തു. മൈനർ സെമിനാരി പരിശീലനം 1946 ൽ പൂർത്തീകരിച്ച് മേജർ സെമിനാരി പരിശീലനത്തിനായി മാംഗ്ലൂർ സെന്റ് ജോസഫ്സ് സെമിനാരിയിൽ ചേർന്നു. 1953 മെയ് 14 ന് ആർച്ച്ബിഷപ്പ് ബെനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനിയാൽ

www.malankaralibrary.com

ഫാ. ലോറൻസ് ജെ. തോട്ടം വൈദികനായി അഭിഷിക്തനായി. തുടർന്ന് ഒന്നര വർഷക്കാലം മൈനർ സെമിനാരി അധ്യാപകനായി സേവനം ചെയ്തു. 1954 മുതൽ 1962 വരെ സെന്റ്. അലോഷ്യസ് മൈനർ സെമിനാരി റെക്ടർ ആയി വൈദിക വിദ്യാർഥികളുടെ പരിശീലനത്തിൽ നിർണായക പങ്കുവഹിച്ചു. ഇക്കാലത്ത് തിരുവനന്തപുരത്തും പരിസരപ്രദേശങ്ങളിലും മിഷൻ പ്രവർത്തനങ്ങളിൽ അദ്ദേഹം നിതാന്ത ജാഗ്രത പുലർത്തി. അദ്ദേഹം തുടങ്ങിയ മിഷൻ കേന്ദ്രങ്ങളുടെ എണ്ണം 30 ൽ കവിയും. തുടർന്ന് ലോറൻസച്ചനെ ഉപരിപഠനത്തിനായി റോമിലേക്കയച്ചു. മിസിയോളജിയിൽ ഡിപ്ലോമയും സോഷ്യോളജിയിൽ ഗ്രിഗോറിയൻ സർവകലാശാലയിൽ നിന്ന് ബിരുദവുമായി 1964 ൽ മടങ്ങിയെത്തിയ അദ്ദേഹത്തെ പിരപ്പൻകോട് ആരംഭിച്ച കുഷ്ഠരോഗാശുപത്രിയുടെ ഡയറക്റ്ററായി നിയമിച്ചു. എല്ലാവരും ശുശ്രൂഷ ചെയ്യാൻ മടിക്കുന്ന ഈ മേഖലയിൽ അദ്ദേഹം 13 വർഷം സേവനം ചെയ്തു. ഇക്കാലയളവിൽ കാത്തലിക്ക് ഹോസ്പിറ്റൽ അസോസിയേഷൻ ഓഫ് ഇന്ത്യ (CHAI) യുടെ വൈസ് പ്രസിഡന്റായി സേവനം ചെയ്തു. ഹെൽത്ത് ഫോർ വൺ മില്യൺ (HOM) എന്ന സംഘടനയ്ക്ക് അദ്ദേഹം രൂപം കൊടുത്തതും ഇക്കാലയളവിൽ ആണ്. തുടർന്ന് കന്യാകുമാരി ജില്ല കേന്ദ്രീകരിച്ച് അദ്ദേഹം നടത്തിയ പ്രേഷിത പ്രവർത്തനത്തിലൂടെ രൂപം കൊണ്ട മിഷൻ കേന്ദ്രങ്ങളും ജീവകാരുണ്യ കേന്ദ്രങ്ങളും നിരവധിയാണ്. കന്യാകുമാരി ജില്ലയിൽ കിരാത്തൂർ കേന്ദ്രമാക്കി ഒരു ഹൈസ്കൂളും 5 പ്രൈമറി സ്കൂളുകളും അദ്ദേഹം ആരംഭിക്കുകയുണ്ടായി. 52ാം വയസ്സിൽ ഫാ. ലോറെൻസ് ജെ. തോട്ടം തിരുവനന്തപുരം അതിഭദ്രാസനത്തിന്റെ സഹായമെത്രാനായി നിയമിതനായി. പുനരൈക്യ സുവർണജൂബിലി ആഘോഷവേളയിൽ 1980 ഡിസംബർ 27ന് കോട്ടയത്തു വെച്ച് ലോറെൻസ് മാർ അപ്രേം എന്ന പേരിൽ അദ്ദേഹം അഭിഷിക്തനായി. സുദീർഘമായ 14 വർഷം അതിഭദ്രാസന സഹായ മെത്രാനായി ശുശ്രൂഷ ചെയ്തു.



1994 ഒക്ടോബർ 10 ന് ആർച്ച്ബിഷപ്പ് ബെനഡിക്ട് മാർ ഗ്രീഗോറിയോസ് കാലം ചെയ്തപ്പോൾ തിരുവനന്തപുരം അതിഭദ്രാസനത്തിന്റെ അഡ്മിനിസ്ട്രേറ്റർ ആയി ലോറൻസ് മാർ അപ്രേം തിരുമേനി തെരഞ്ഞെടുക്കപ്പെട്ടു. മാർത്താണ്ഡം ഭദ്രാസനം സ്ഥാപിതമായപ്പോൾ അതിന്റെ പ്രഥമ മെത്രാനായി 1996 ഡിസംബർ 16 ന് മാർ അപ്രേം തിരുമേനി നിയമിതനായി. സ്ഥാനാരോഹണം 1997 ജനുവരി 23 ന് മാർത്താണ്ഡം ക്രിസ്തുരാജ കത്തീഡ്രലിൽ നടന്നു. എന്നാൽ മൂന്ന് മാസങ്ങൾക്കുള്ളിൽ അഭിവന്ദ്യ തിരുമേനി രോഗബാധിതനാവുകയും 1997 ഏപ്രിൽ 8 ന് കാലം ചെയ്യുകയും ചെയ്തു.

## പ്രേഷിത സാക്ഷ്യം

ലോറൻസ് മാർ അപ്രേം തിരുമേനിയെ നേരിട്ട് കാണുന്നതിന് മുമ്പേ അദ്ദേഹത്തിന്റെ ചിത്രമാണ് ഞാൻ കണ്ടിട്ടുള്ളത്. എന്റെ ജ്യേഷ്ഠ സഹോദരൻ സെമിനാരിയിൽ നിന്നും കൊണ്ടുവന്ന ഫാ. ലോറെൻസ് ജെ. തോട്ടത്തിന്റെ പൗരോഹിത്യ രജത ജൂബിലി സുവനീറിൽ നിന്നുമാണ് ആ ചിത്രം ഞാൻ കണ്ടത്. പക്ഷെ എന്തുകൊണ്ടോ ആ ചിത്രം ഇന്നും മായാതെ മനസ്സിൽ പതിഞ്ഞു നിൽക്കുന്നു. സെമിനാരിയിൽ ചേർന്ന് ആദ്യ വർഷം തന്നെ (1984) അഭിവന്ദ്യ പിതാവിനെ അടുത്തറിയുന്നതിന് അവസരം ലഭിച്ചു. ഞങ്ങളുടെ മൈനർ സെമിനാരിയിലെ ആദ്യ വർഷം, പട്ടം ആർച്ച്ബിഷപ്സ് ഹൗസിൽ തന്നെയായിരുന്നു.

www.malankaralibrary.com

ഞങ്ങൾ വി. കുർബാനയ്ക്ക് കൂടി കഴിഞ്ഞാൽ ഞങ്ങളുടെ ഉച്ചാരണത്തിലെ പിശകുകൾ തിരുത്തി തരുക അഭി. പിതാവിന്റെ പതിവായിരുന്നു. എനിക്കിന്നും അഭിമാനത്തോടെ മലയാള ഭാഷ കൈകാര്യം ചെയ്യാൻ സാധിക്കുന്നതിന് അഭിവന്ദ്യ മാർ അപ്രേം പിതാവിനോട് ഞാൻ ഏറെ കടപ്പെട്ടിരിക്കുന്നു.

1994 ഡിസംബർ 26 ന് എന്നെ പൗരോഹിത്യത്തിലേക്ക് കൈപിടിച്ചുയർത്തിയതും അഭിവന്ദ്യ പിതാവായിരുന്നു. അന്നെനിക്ക് തന്ന ദൗത്യമായിരുന്നു, "Go and start a mission at Attingal". കേവലം ഒരു ചെറിയ തുണ്ടു ഭൂമി മാത്രമുണ്ടായിരുന്നിടത്ത് ഒരു ഓലക്കുടിലിൽ 1995 ആഗസ്ത് 5 ന് ആറ്റിങ്ങൽ മിഷനിലെ ആദ്യത്തെ വി.കുർബാന അർപ്പിക്കപ്പെട്ടു.

അഭിവന്ദ്യ പിതാവും ഞാനുമായിരുന്നു കാർമികർ. ഇന്ന് ആറ്റിങ്ങൽ മിഷൻ വളർന്നു ഒരു വലിയ ഇടവ കയായി. മനോഹരമായ പുതിയ ദേവാലയമായി കൂദാശയ്ക്കായി ഒരുങ്ങുമ്പോൾ ആ പ്രേഷിത സൂരി സ്വർഗത്തിലിരുന്ന് സന്തോഷിക്കുന്നുണ്ടാവും.

ഇതുപോലെ എത്രയെത്ര മിഷൻ കേന്ദ്രങ്ങൾ, ജീവകാരുണ്യ പദ്ധതികൾ. ആ വലിയ പ്രേഷിതന്റെ തീക്ഷ്ണത നിറഞ്ഞ മിഷൻ പ്രവർത്തനത്തിന്റെ ത്യാഗസ്മരണകൾ മനസ്സിൽ കൊണ്ടു നടക്കുന്ന വൈദികരും സന്യസ്തരും, അല്മയരും ഇന്നും ഏറെയുണ്ട്.

അഭിവന്ദ്യ പിതാവിന്റെ ത്യാഗോജ്ജ്വലമായ പ്രേഷിതസ്മരണകൾക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

## ശ്രദ്ധിക്കാം...

**യേശു മിശിഹായുടെ വാഗ്ദാനങ്ങൾക്കു ഞങ്ങൾ യോഗ്യരാകുവാൻ സർവ്വേശ്വരന്റെ പരിശുദ്ധ മാതാവേ ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.**

(ത്രികാല ജപം (കർത്താവിന്റെ മാലാഖ), ജപമാല പ്രാർത്ഥന എന്നിവയിലുള്ള അപേക്ഷ)

ഈ അപേക്ഷയിൽ യേശു മിശിഹായുടെ വാഗ്ദാനങ്ങൾക്കു ഞങ്ങൾ യോഗ്യരാകുവാൻ എന്നതിനു മറുപടിയായി സർവ്വേശ്വരന്റെ പരിശുദ്ധ മാതാവേ ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ എന്നതിനു പകരം സർവ്വേശ്വരന്റെ പരിശുദ്ധ ദൈവമാതാവേ ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ എന്നു ചൊല്ലുന്നത് ശരിയല്ല. ഇതു വഴിയായി ആവർത്തനം മൂലമുള്ള അഭംഗി മാത്രമല്ല അർത്ഥവ്യത്യാസവും സംഭവിക്കുന്നു.



### ശരിയായ രൂപം

യേശു മിശിഹായുടെ വാഗ്ദാനങ്ങൾക്കു ഞങ്ങൾ യോഗ്യരാകുവാൻ സർവ്വേശ്വരന്റെ പരിശുദ്ധ മാതാവേ ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ

### തെറ്റായ രൂപം

യേശു മിശിഹായുടെ വാഗ്ദാനങ്ങൾക്കു ഞങ്ങൾ യോഗ്യ രാകുവാൻ സർവ്വേശ്വരന്റെ പരിശുദ്ധ ദൈവമാതാവേ ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ

www.malankaralibrary.com





**റോബിൻ എം ചരിവുപുരയിടം**
കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ്
സംസ്ഥാന വൈസ് പ്രസിഡന്റ്

# ആടുകളുടെ മണമുള്ള ഇടയൻ

**സാ**ധാരണക്കാരിൽ സാധാരണക്കാരനായി, നാട്ടിൻ പുറത്തിന്റെ നൈർമ്മല്യവും, തനി നാടൻ ജീവിത ശൈലിയും മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ തിരുവല്ല അതിഭദ്രാസനത്തിന്റെ നാലാമത്തെ അദ്ധ്യക്ഷനായിരുന്ന ഭാഗ്യസ്മരണാർഹനായ ഐസക് മോർ യൂഹാനോൻ മെത്രാപ്പോലീത്തയുടെ മുഖമുദ്രയായിരുന്നു. രോഗപീഡകളുടെ ക്ലേശങ്ങളിലും അത് വകവയ്ക്കാതെ തീഷ്ണതയോടെ മിഷൻ പ്രവർത്തനങ്ങളിൽ മുന്നിട്ടിറങ്ങിയ കർമ്മയോഗി.

ബാല്യവും പഠന കാലവും അവിഭക്ത തിരുവല്ല ഭദ്രാസനത്തിലെ എറണാകുളം ജില്ലയിൽ ഇടയ്ക്കാട്ടുവയൽ തിരുമറയൂരിൽ, പിതൃ വഴിയിൽ കൂട്ടപ്ലാക്കൽ കുടുംബത്തിന്റെയും, മാതൃ വഴിക്ക് തൈക്കാട്ടിൽ കുടുംബത്തിന്റെയും പാരമ്പര്യങ്ങളും ശ്രേഷ്ഠതയും പേറി 1930 ജൂലൈ മാസം ഒന്നാം തീയതി പ്രധാന പുരോഹിതനായ അഹറോന്റെ പെരുന്നാൾ ദിവസമാണ് വന്ദ്യ പിതാവ് ഭൂജാതനായത്. പിതാവ് വർക്കി പ്രശസ്തനായ വിഷവൈദ്യനും സാമൂഹിക പ്രവർത്തകനുമായിരുന്നു, അമ്മ മറിയാമ്മ. ഐസക് എന്ന മാമോദീസ പേര് സ്വീകരിച്ച ശിശുവിന് മൂന്ന് വീതം സഹോദരീ സഹോദരൻമാർ ഉണ്ടായിരുന്നു. ഇളയ സഹോദരൻ ഫാ. ജേക്കബ് കൂട്ടപ്ലാക്കൽ തിരുവല്ല അതിഭദ്രാസനത്തിലെ വൈദികനായിരുന്നു. 1939 നവംബർ 19 ന് 9ാം വയസിൽ ബാലനായ ഐസക് മാതാപിതാക്കൾക്കൊപ്പം കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു. പ്രാഥമിക വിദ്യാഭ്യാസം മങ്ങാടപ്പള്ളി LP സ്കൂളിലും തുടർപഠനം പിറവം എം കെ എം യു പി സ്കൂളിലും, ഹൈസ്കൾ പഠനം സെന്റ് ജോസഫ് ഹൈസ്കൂളിലും ആയിരുന്നു. 1941ൽ ഇ എസ് എൽ സി പഠനത്തിന് ശേഷം അഭിവന്ദ്യ ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്തയുടെ പ്രത്യേക

www.malankaralibrary.com

താത്പര്യപ്രകാരം തിരുവല്ലയിൽ വൈദിക പരിശീലനത്തിന് ചേർന്നു. 1948 ൽ ഒരു വർഷത്തെ മൈനർ സെമിനാരി പഠനത്തിന് ശേഷം ഉപരി പഠനത്തിനായി റോമിലെ പ്രൊപ്പഗാന്ത കോളേജിൽ ചേർന്നു. ഈ കാലഘട്ടത്തിൽ അദ്ദേഹം ഗുരുതരമായ രോഗപീഡകൾക്ക് അടിമയായി ചികിത്സയ്ക്കും ശസ്ത്രക്രിയയ്ക്കും വിധേയനായെങ്കിലും പഠനം വിജയകരമായി പൂർത്തിയാക്കി. കർദ്ദിനാൾ സിജിസ് മോണ്ടി തിരുമേനിയിൽ നിന്ന് 1954 ഡിസംബർ 7 ന് ഐസക് ശെമ്മാശൻ കശ്ശീശ്ശോ പട്ടം സ്വീകരിച്ചു. എട്ടാം തീയതി സെന്റ് പോൾസ് ബസിലിക്കയിൽ പ്രഥമ ദിവ്യബലിയർപ്പിച്ചു. 1955 മുതൽ 57 വരെ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ സഭാനിയമത്തിൽ ഉപരിപഠനം നടത്തി .



## അജപാലന ശുശ്രൂഷയിലേക്ക്...

1957 ഡിസംബറിൽ തിരുവല്ലയിൽ തിരികെയെത്തിയ ഐസക്കച്ചൻ 1958 ജനുവരിയിൽ കുന്നംകുളം പള്ളിയിൽ സഹവികാരിയായി അജപാലന ശുശ്രൂഷ ആരംഭിച്ചു. തുടർന്ന് അനാരോഗ്യവും, ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തതയും, കാലാവസ്ഥയുടെ കാഠിന്യവും, ഭൂപ്രകൃതിയുടെ ദുർഘടതയും വകവയ്ക്കാതെ കേരളത്തിന്റെ വടക്കൻ ജില്ലകളിലും തമിഴ്നാട്ടിലെ നീലഗിരിയിലും, കർണാടകയിലെ തെക്കൻ പ്രദേശങ്ങളിലും തീഷ്ണതയോടെ മിഷൻ പ്രവർത്തനങ്ങളുമായി സധൈര്യം മുന്നോട്ട് പോയി. ചേലക്കര, പീച്ചി, കൊമ്പഴ, കരിമ്പ, പാർലിക്കാട്, മാന്ദാമംഗലം, ചുവന്ന മണ്ണ്, നിലമ്പൂർ, മൂത്തേടം, മൈലാടും പൊട്ടി, കരുവാരക്കുണ്ട് , പുളിയക്കോട്, ചെറുകര, , എടക്കര,ബത്തേരി, പുത്തൂർ, എന്നിവടങ്ങളിൽ സഭയ്ക്ക് ശക്തമായ വേരോട്ടം നൽകിയത് അദ്ദേഹത്തിന്റെ അക്ഷീണ പ്രയത്നങ്ങളാണ്. ബത്തേരി, നിലമ്പൂർ, കുന്നംകുളം വൈദിക ജില്ലകളുടെ വികാരിയായും അദ്ദേഹം സേവനം ചെയ്തു. ചുരുക്കത്തിൽ ഇന്നത്തെ ബത്തേരി, മുവാറ്റുപുഴ, പുത്തൂർ ഭദ്രാസനങ്ങൾ ഈ തീഷ്ണമതിയായ മിഷണറിയുടെ കർമ്മഫലമാണ് എന്നതിൽ തർക്കമില്ല. തിരുവല്ല ഭദ്രാസനത്തിൽ ആദ്യമായി പ്രോട്ടോ പ്രിസ് ബിറ്റർ (ജില്ലാ വികാരി) ആയി നിയമിക്കപ്പെട്ടത് ഐസക്കച്ചൻ ആയിരുന്നു.

## മേൽപട്ട പദവിയിലേക്ക്...

പദവികളും, ആർഭാടങ്ങളും, അഘോഷങ്ങളെയും അധികം സേവന ശുശ്രൂഷകൾക്ക് പ്രാധാന്യം നൽകിയ ഐസക്കച്ചനെ 1978 നവമ്പർ 18 ന് വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ തിരുവല്ല ഭദ്രാസനത്തിന്റെ നാലാമത്തെ അദ്ധ്യക്ഷനായി നിയമിച്ചു. 1978 ഡിസംബർ 21 ന് തിരുവല്ല സെന്റ് ജോൺസ് ഭദ്രാസന ദൈവാലയത്തിൽ വച്ച് അദ്ദേഹത്തിന് റമ്പാൻ സ്ഥാനം നൽകി. 28 ന് തിരുമൂലപുരത്ത് തയ്യാറാക്കിയ മാർ തെയോഫിലോസ് നഗറിൽ വച്ച് ഐസക്ക് റമ്പാനെയും ബത്തേരി ഭദ്രാസനാധിപനായി നിയമിക്കപ്പെട്ട സിറിൽ മലഞ്ചരുവിൽ റമ്പാനെയും (പ്രഥമ കാതോലിക്കാ ബാവ) മെത്രാൻമാരായി ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ വാഴിച്ചു. അന്ത്യോക്യൻ സുറിയാനി കത്തോലിക്കാ സഭയിലെ ജോസഫ് മൂണിയർ മെത്രാപ്പോലീത്തയും, ചായൽ രൂപത സ്ഥാനിക മെത്രാൻ പൗലോസ് മാർ പീലക്സിനോസ് തിരുമേനിയും

www.malankaralibrary.com

സഹകാർമ്മികരായിരുന്നു. 'ഒരിടയനും, ഒരു തൊഴുത്തും' എന്നതായിരുന്നു ഐസക് പിതാവിന്റെ ആപ്തവാക്യം.

എട്ട് വർഷവും നാല് മാസവും മാത്രമേ പ്രധാനാചാര്യ ശുശ്രൂഷയിൽ തുടരാൻ ഐസക് പിതാവിന് സാധിച്ചുള്ളുവെങ്കിലും ആ കാല ഘട്ടത്തിൽ തിരുവല്ല ഭദ്രാസനത്തിന്റെ വളർച്ച ദ്രുതഗതിയിലായിരുന്നു. മേൽപട്ട സ്ഥാനം അധികാരത്തിനും അവകാശത്തിനും വേണ്ടിയല്ല, അത് സേവനത്തിനുള്ള ഒരു ദൈവ ദാനമാണ് എന്നുറച്ചു വിശ്വസിച്ചിരുന്ന അദ്ദേഹം എളിമയുടെ ആൾരൂപം ആയിരുന്നു.

സരസമായി സംസാരിക്കുകയും സ്നേഹ ബന്ധങ്ങൾ ഊട്ടി ഉറപ്പി ക്കുയും ചെയ്തിരുന്ന പിതാവ് എത്ര ക്ലേശകരമായ യാത്രകളും രോഗ പീഡകളുടെ പേരിൽ ഉപേക്ഷിച്ചി രുന്നില്ല. ഒരിക്കൽ പുഷ്പഗിരി ആശു പത്രിയിൽ ആയിരുന്ന പിതാവിനെ കാണാൻ ഹൈറേഞ്ചിൽ നിന്ന് വൈദികരെത്തിയെങ്കിലും അവർക്ക് ഐസക് പിതാവിനെ നേരിൽ കാണാൻ സാധിച്ചില്ല. അവരെ കണ്ട് സംസാ രിക്കാൻ സാധിക്കാത്തതിൽ ദു:ഖി തനായ പിതാവ് താമസിയാതെ പ്രസ്തുത വൈദികരെ കാണാൻ വണ്ടൻമേട്ടിൽ എത്തി. ഇതൊന്നും അറിയാതെ പിതാവിന്റെ ആഗമ നോദ്ദേശം ആരാഞ്ഞ കൊച്ചച്ചനോട് ഇന്ന് സാമൂഹ്യ മാദ്ധ്യമങ്ങളിലൂടെ പ്രശസ്തമായ ഒരു പ്രയോഗത്തിന്റെ രീതിയിൽ; 1980കളിൽ ഐസക് പിതാവ് നൽകിയ മറുപടി 'ഞാൻ തിരുവല്ലയിൽ നിന്ന് കുമളി വഴി കോട്ടയത്തക്ക്' പോവുന്ന വഴി ഇവിടെ കയറി എന്നായിരുന്നു.

## ശ്രേഷ്ഠമായ നേതൃത്വം.

ചില്ലിക്കാശ് സമ്പാദ്യമില്ലാതിരുന്ന പിതാവ് നമ്മെ അത്ഭുതപ്പെടുത്തുക തന്നെ ചെയ്തു. ലോകത്തെ പ്രശസ്ത സുറിയാനി പഠനകേന്ദ്രമായ കോട്ടയത്തെ സീരി, ഗുഡ് സമരിറ്റൻ ഹോം, മരിയൻ ചിൽഡ്രൻസ് ഹോം കുമളി, ലേക്ക് ക്യൂൻ, സെൻറ് ജോസഫ്സ് ഐ ടി സി മല്ലപ്പള്ളി, മാർ സേവേറിയോസ് ഐ ടി സി പിറവം, സെൻറ് ജോൺസ് കോളജ് തിരുവല്ല, മാതാ സെൻട്രൽ സ്കൂൾ ആലപ്പുഴ, സെൻറ് ജോസഫ്സ് സെൻട്രൽ സ്കൂൾ മുണ്ടക്കയം, സെൻറ് മേരീസ് സെൻട്രൽ സ്കൂൾ റാന്നി, സെൻറ് ജോൺസ് കത്തീഡ്രൽ ഹാൾ തിരുവല്ല എന്നീ സ്ഥാപനങ്ങൾ ഇക്കാര്യത്തിന് ഉത്തമ ദൃഷ്ടാന്തങ്ങളാണ്. 1980ലെ' പുനരൈക്യ സുവർണ്ണ ജൂബിലി ആഘോഷം, 1984 ലെ തിരുവല്ല ഭദ്രാസന സുവർണ്ണ ജൂബിലി ആഘോഷം, 1986 ലെ വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പായുടെ കേരള സന്ദർശനം എന്നീ ചരിത്ര സംഭവങ്ങളെ സഭാചരിത്രത്തിൽ സുവർണ്ണ ലിപികളിൽ ആലേഖനം ചെയ്യാൻ അദ്ദേഹത്തിന്റെ നേതൃത്വത്തിന് സാധിച്ചു. ചുരുക്കത്തിൽ പ്രതിസന്ധികളിൽ പതറാത്ത ഇടയൻ, കാരുണ്യത്തിന്റെ ആൾരൂപം, തീഷ്ണമതിയായ മിഷണറി, നിഷ്കപടനായ ഇടയശ്രേഷ്ഠൻ, ദൈവാ ശ്രയബോധമുള്ള ശ്രേഷ്ഠ ആചാര്യൻ എന്നൊക്കെ ഭാഗ്യ സ്മരണാ ർഹനായ ഐസക് മാർ യൂഹാനോൻ പിതാവിനെ വിശേഷിപ്പിക്കാം. ആ ധന്യ ജീവിതം 1987 ഏപ്രിൽ 28 ന് സ്വർഗ്ഗീയ ഗേഹത്തിലേക്ക് യാത്രയായി. ഏപ്രിൽ 30ന് സെൻറ് ജോൺസ് അതി ഭദ്രാസന ദൈവാലയത്തിൽ വന്ദ്യ തിരുമേനിയെ ആദരപൂർവ്വം കബറടക്കി.



www.malankaralibrary.com



# അടുത്തുചെല്ലുന്ന ഏവരേയും നിറഞ്ഞ ചിരിയോടെ സ്വീകരിച്ച സി. നാഹീർ എസ്.ഐ.സി

സി. നാഹീർ ഇളമാട് തട്ടാരഴികത്തു പുത്തൻവീട്ടിൽ പരേതരായ റ്റി ജി അലക്സാണ്ടറിന്റെയും കുഞ്ഞമ്മ അലക്സാണ്ടറിന്റേയും സീമന്ത പുത്രിയായി 1943 നംവംബർ 29 നാണ് ഗ്രേസിക്കുട്ടി മുഖത്തലയിലെ അമ്മവീടായ വേളിക്കാട്ട് പുത്തൻ വിട്ടിൽ ജനിച്ചത്. അമ്മ വീട്ടിൽ വച്ചുതന്നെ വിശ്വാസവഴികളിലൂടെ ഗ്രേസിക്കുട്ടി നടക്കാനാരംഭിച്ചു. രണ്ടു സഹോദരിമാർ കൂടി ഗ്രേസിക്ക് ഉണ്ടായിരുന്നു. 1949 മുതൽ ആദിച്ചനല്ലൂർ, ഇളമാട്, ആയർ, വാളകം എന്നിവിടങ്ങളിലായി പഠന കാലം പൂർത്തിയാക്കി കുടുംബത്തിലെ വിശ്വാസ ജീവിതവും വേദപാഠ പഠനങ്ങളും ചെറുപ്പം മുതൽ ഗ്രേസിക്കുട്ടിയിൽ ദൈവവിളിയുടെ വിത്തുകൾ പാകിയിരുന്നു. എങ്കിലും സന്യാസത്തിലേക്കുള്ള തന്റെ ഉൾവിളി തിരിച്ചറിഞ്ഞ് 1964 മെയ് മാസത്തിലാണ് നാലാഞ്ചിറ മഠത്തിൽ അർത്ഥിനിയായി എത്തിയത്. ഇവിടെ ഒരു വർഷത്തെ പരിശീല നത്തിനുശേഷം തിരുവല്ലയിൽ പോസ്റ്റുലൻസി പരിശീലനത്തിനായി അയക്കപ്പെട്ടു. തുടർന്ന് വീണ്ടും നാലാഞ്ചിറയിലെത്തി, സി. മോനിക്കായുടെ നേതൃത്വത്തിൽ നോവിഷ്യറ്റ് പരിശീലനം പൂർത്തിയാക്കി 1967 മെയ് 17 ന് ആദ്യവ്രതാനുഷ്ഠാനം നടത്തി. ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രീഗോറി യോസ് പിതാവിൽ നിന്ന് നാഹീർ എന്ന പേരും സ്വീകരിച്ചു. പ്രകാശിക്കുന്നത് എന്നാണ് ഈ പദത്തിനർത്ഥം.

വ്രതാനുഷ്ഠാനശേഷം സിസ്റ്ററിനെ കുറച്ച് കാലത്തേക്ക് കുണ്ടറയിലേക്കും തുടർന്ന് പെരുമ്പുഴയിലേക്കും അയച്ചു. തൊട്ടടുത്തവർഷം സിസ്റ്ററിനെ ബഥനി ഹോസ്റ്റലിൽ താമസിച്ചുകൊണ്ട് നഴ്സറി ട്രെയിനിംഗ് പഠിച്ചു. പേരൂർക്കട സ്കൂളിലാണ് സിസ്റ്റർ തന്റെ അദ്ധ്യാപന ജീവിതം ആരംഭിക്കുന്നത്. കുണ്ടറ, അമ്പിളികോണം, ഈരേഴ, കുടശ്ശനാടി, കുരിയോട്, ചന്ദനപ്പള്ളി, വെണ്മണി, വട്ടക്കരിക്കം, നാലാഞ്ചിറ ക്രഷ്, കായംകുളം എന്നീ സ്കൂളുകളിലൂടെ കുഞ്ഞുങ്ങളെ ആദ്യാക്ഷരങ്ങൾ പഠിപ്പിച്ചു. വെറുമൊരു അദ്ധ്യാപിക മാത്രമായിരുന്നില്ല സിസ്റ്റർ തന്റെ മുമ്പിലിരിക്കുന്ന കുഞ്ഞുങ്ങൾ നന്മ നിറഞ്ഞ, അനേകം കഴിവുകൾ ഉള്ള കുട്ടികളാണെന്ന് സിസ്റ്റർ തിരിച്ചറിഞ്ഞിരുന്നു. കുട്ടികളെ ആത്മവി ശ്വാസം ഉള്ളവരും ധൈര്യമുള്ളവരുമായി വളർത്തികൊണ്ടു വരുന്നതിൻ സിസ്റ്റർ സർവ്വാത്മനാ പരശ്രമിക്കുമായിരുന്നു. ഒരു അമ്മ മനസ്സോടെ ബോർഡിംഗ് മിസ്ട്രസ്സായും സിസ്റ്റർ സേവനം ചെയ്തിട്ടുണ്ട്. സമൂഹത്തിന്റെ വിദ്യാലയങ്ങൾ കൂടാതെ സഭയുടെ സ്കൂളുകളിലും സിസ്റ്റർ ശുശ്രൂഷ ചെയ്തിരുന്നു.

www.malankaralibrary.com

വിദ്യാഭ്യാസ പ്രവർത്തനങ്ങേൾ കൂടാതെ നല്ലൊരു നഴ്സ് കൂടിയായിരുന്നു സിസ്റ്റർ നാഹിർ ആദ്യകാലങ്ങളിൽ നാലാഞ്ചിറയിൽ മഠത്തിന്റേതായി ഉണ്ടായിരുന്ന ക്ലിനിക്കിൽ സിസ്റ്റർ സേവനം ചെയ്തതിരുന്നത് ഇപ്പോഴും ഓർക്കുന്നു. പിരപ്പൻകോട് കുഷ്ഠരോഗാശുപത്രിയുടെ പ്രവർത്തനങ്ങളിലും സിസ്റ്റർ സഹകരിച്ചിരുന്നു. കൂടാതെ കുറവൻകോണം ചെഷയർഹോമിലും സിസ്റ്ററിന്റെ സേവനങ്ങൾ ലഭ്യമായിട്ടുണ്ട്. ഇതിൽ നിന്നും ഒരു സമർപ്പിത എന്ന നിലയിൽ പരിധികളില്ലാത്ത ഒരു വ്യക്തിത്വമായിരുന്നു സിസ്റ്ററിന്റേത് എന്ന് നമുക്ക് മനസിലാക്കാം. തന്നെക്കൊണ്ട് എന്താണോ ആവശ്യം അതിനനുസരിച്ച് പ്രവർത്തിക്കാനുള്ള വലിയ ഒരു മനസ് സിസ്റ്ററിനുണ്ടായിരുന്നു.

ഇതിലുപരിയായി ഒരു സമർപ്പിത എന്ന നിലയിൽ തീഷ്ണമതിയായ ഒരു മിഷനറിയായിരുന്നു. സിസ്റ്റർ താനായിരുന്ന ഇടങ്ങളിലെല്ലാം ഇടവശം പള്ളികളിൽ സിസ്റ്റർ സജീവമായി പങ്കുചേർന്നു. വിശാസ പരിശീലനത്തിലും കുഞ്ഞുങ്ങളുടെ രൂപീകരണത്തിലും സിസ്റ്റർ ബദ്ധശ്രദ്ധയായിരുന്നു. നിഷ്കളങ്കമായി ചിരിക്കുന്നതിന് സിസ്റ്ററിന് സാധിക്കുമായിരുന്നു. ആദ്യകാലങ്ങളിലെ ഇല്ലായ്മകളിൽ പങ്കുചേരുകയും മറ്റുള്ളവരുടെ ഇല്ലായ്മകളെ തന്നാലാവും വിധം പരിഹരിക്കുന്നതിന് ശ്രമിക്കുകയും ചെയ്തിരുന്ന സിസ്റ്റർ നാഹീർ 2024 മാർച്ച് 20-ാം തീയതി നിത്യസമ്മാനത്തിനായി കർത്താവിങ്കൽ യാത്രയായി.

(സി. നാഹീർ എസ്.ഐസി യുടെ മൃതസംസ്കാരത്തിലെ അനുശോചനത്തിൽ നിന്നും തയ്യാറാക്കിയത്.)

# ഓർമ്മയിൽ ശ്രേഷ്ഠാചാര്യന്മാർ



**അഭി. ആബൂൻ ഐസക് മാർ യൂഹാനോൻ മെത്രാപ്പോലീത്ത**
**28 ഏപ്രിൽ 1987**



**അഭി. ആബൂൻ ലോറൻസ് മാർ അപ്രേം മെത്രാപ്പോലീത്ത.**
**8 ഏപ്രിൽ 1997**

www.malankaralibrary.com

# ഓർമ്മയിൽ ആചാര്യന്മാർ

ܕܘܟܪܢܐ ܕܟܘܡܪܐ



ആചാര്യേശാ നിൻരഹസ്യങ്ങൾ
പരികർമിച്ചൊരു ആചാര്യന്നേകുക
പുണ്യം നാഥാ സ്തോത്രം!

## Thiruvananthapuram

| | | |
|---|---|---|
| Rev. Fr. Zacharias Ezhiath | : | 15-04-1980 |
| Rev. Fr. Thomas Inchackalody | : | 16-04-1974 |
| Rev. Fr. Mathai Vilayil | : | 20-04-1947 |
| Rev. Fr. Mathai Malancharuvil | : | 02-04-1989 |
| Rev. Fr. Jacob Kizhakkedath | : | 26-04-1996 |
| Rev. Fr. Geevarghese Peedikayil | : | 25-04-1960 |
| Rev. Fr. Abraham Mathai Kattoor | : | 30-04-1935 |

## Pathatnamthitta

| | | |
|---|---|---|
| Rt. Rev. Daniel Vadakkekara Corepiscopo | : | 01-04-2016 |

## Thiruvalla

| | | |
|---|---|---|
| Rev. Fr. Thomas Elavunkal | : | 09-04-1998 |
| Rev. Fr. Samuel Nilackal | : | 08-04-2002 |
| Rev. Fr. Mathew Chempothinal | : | 15-04-2002 |
| Rev. Fr. L. John | : | 04-04-1973 |
| Rev. Fr. Behanan Cherupalathil | : | 10-04-2016 |

## Bethany

| | | |
|---|---|---|
| Fr. Vincent Xaviervilas OIC | : | 01-04-2008 |
| Fr. Joshua Thavalathil OIC | : | 02-04-1983 |
| Bro. Dominic Vimal OIC | : | 18-04-2010 |
| Bro. Joseph Shejn OIC | : | 18-04-2010 |

# വന്ദ്യ സന്ന്യാസിനിമാർ

"നിൻ ദയയിങ്കൽ ശരണിതയായ് നിദ്രയടഞ്ഞൊരു
സോദരിയെ നിൻ മഹിമോദയ ദിവസത്തിൽ
നിൻ കാരുണ്യം കാട്ടേണം"

## Congregation of the Daughters of Mary (DM)

| | | |
|---|---|---|
| Sr.Tresa Thomas DM | : | 13-04-2019 |
| Sr.Mary Sophia DM | : | 16-04-2021 |
| Sr.Berkumans DM | : | 17-04-2010 |
| Sr.Mary Delphina DM | : | 17-04-2022 |
| Sr.Gino Francis DM | : | 18-04-1995 |
| Sr.Beninga DM | : | 20-04-2008 |
| Sr.Dolorous DM | : | 20-04-2011 |
| Sr.Mary Jose DM | : | 25-04-2023 |
| Sr.Elseena DM | : | 27-04-2021 |
| Sr.Theodocia DM | : | 29-04-2019 |
| Sr.Cabrini DM | : | 30-04-2020 |

www.malankaralibrary.com

# ഉത്തരം കണ്ടെത്തിയാലോ

## ആദ്യം ഉത്തരം അയക്കുന്ന 3 പേർക്ക്

## ആകർഷമായ സമ്മാനം



**മണിവിളക്ക്** ലക്കം ഒന്നിലെ (ജനുവരി 2024) ചോദ്യങ്ങളാണ് നൽകിയിരിക്കുന്നത്. ഇത് ഒരു പേപ്പറിൽ വരച്ച് ശരിയുത്തരങ്ങൾ എഴുതി ഫോട്ടോ എടുത്തു അയക്കുക. **നിങ്ങളുടെ പേര്, ഇടവക, വൈദിക ജില്ല, ഭദ്രാസനം** എന്നിവ എഴുതാൻ മറക്കരുത്.

അയക്കേണ്ട email : editor@manivilaku.com

Whatsapp No : +919947825254

അവസാന തീയതി : 2024 May 2

### ഇടത്തുനിന്ന് വലത്തോട്ട്

1. മാർത്തോമ്മാ നസ്രാണികളുടെ പൊതുവായ ജീവിതശൈലിയെ സൂചിപ്പിക്കുന്ന പദമാണ്.................

2. പ്രാർത്ഥനയുടെ നിയമമാണ്.................. നിയമം.

4. .................ആണ് ഒരു സഭയ്ക്ക് പ്രസക്തി നൽകുക

6. രാഷ്ട്രത്തോടും സമൂഹത്തോടും ഒരു ഭാരതീയ പൗരൻ നിർവഹിക്കേണ്ട കടമയാണ്..................

### മുകളിൽ നിന്ന് താഴോട്ട്


1. അന്ത്യോക്യൻ സഭയുടെ ചരിത്രം ആരിൽ നിന്ന് ആരംഭിക്കുന്നു?

3. മാർത്തോമ്മാ ശ്ലീഹായുടെ സുവിശേഷ ചൈതന്യത്താൽ ക്രിസ്തു മാർഗ്ഗം സ്വീകരിച്ചവർ .................എന്ന് വിളിക്കപ്പെട്ടു.

5. സൃഷ്ടിയായ നമ്മുടെ അസ്ഥിത്വം പൂർണ്ണ മാകുന്നത് ആരിലാണ്?


7. .................ജീവിതശൈലി മാനസിക പിരിമുറുക്കങ്ങളിലേക്ക് നമ്മെ നയിക്കുന്നു.

8. ക്രിസ്തീയതയുടെ അടയാളമാണ് ..................



9. ഒമ്പതാം നൂറ്റാണ്ടിൽ കേരളത്തിൽ എത്തിയ മാർ സഷോർ, മാർ പ്രോത്ത് എന്നീ പൗരസ്ത്യ മെത്രാന്മാർ അറിയ പ്പെടുന്നത് ഏത് പേരിലാണ്?

www.malankaralibrary.com



വിശുദ്ധനായ മോർ യുലിയോസ് മാർപാപ്പയുടെ നാമധാരിയായ മുവാറ്റുപുഴ
ഭദ്രാസനത്തിന്റെ ദ്വിതീയ മെത്രാൻ

# അഭിവന്ദ്യ ആബൂൻ എബ്രഹാം മോർ യുലിയോസ്

മെത്രാപ്പോലീത്തായ്ക്ക്

# നാമഹേതുക പെരുന്നാൾ ആശംസകൾ

www.malankaralibrary.com





# ജങ്ക് ഫുഡിനെ നമ്മുടെ ചങ്ക് ഫുഡ് ആക്കണ്ട

**ജങ്ക് എന്ന വാക്കിന്റെ അർത്ഥം തന്നെ ഉപയോഗശൂന്യമായി കളയുന്ന വസ്തു എന്നാണല്ലോ. പഞ്ചസാരയും കൊഴുപ്പും മൂലം വളരെ ഉയർന്ന കലോറി അടങ്ങിയതും എന്നാൽ പോഷക മൂല്യം വളരെ കുറവുള്ള ആഹാരങ്ങളെയാണ് ജങ്ക് ഫുഡ് എന്ന് വിളിക്കുന്നത്. ദോഷകരമാണെന്ന് അറിയാമെങ്കിലും കഴിക്കാത്തവരോ താത്പര്യമില്ലാത്തവരോ ആയുള്ളവർ വളരെ വിരളമാണ്.**




**ജോബി ബേബി**

**കുവൈത്തിൽ മിനിസ്ട്രിഓഫ് ഹെൽത്തിന്റെ കീഴിൽ രജിസ്റ്റേർഡ് നഴ്സായി ജോലി നോക്കുന്നു**

**ലേഖകൻ.** Email- jobybaby1989@gmail.com


## എന്തുകൊണ്ടാണ് ഇത്?

കഴിക്കാനുള്ള എളുപ്പം, മനോഹരമായ നിറം,ആകൃതി, രുചി, മണം, സമയലാഭം, കുറഞ്ഞ വില എന്നിവയെല്ലാം ഇതിലേക്ക് ആകർഷിക്കുന്ന ഘടകങ്ങളാണ്. നമ്മുടെ കാശുകൊടുത്തു വാങ്ങുന്ന ഇ ജങ്ക് ഫുഡുകൾ ശരീരത്തിൽ എത്തിയാൽ തലവേദന, ദന്തക്ഷയം, അമിതവണ്ണം, ജീവിത ശൈലീ രോഗങ്ങളായ പ്രമേഹം, കൊളസ്ട്രോൾ, ഹൃദയ സംബന്ധമായ അസുഖങ്ങൾ, കാൻസർ എന്നിവയും ഉദര രോഗങ്ങൾ, മലബന്ധം, വിറ്റാമിനുകളുടെ അഭാവം മൂലമുള്ള അസുഖങ്ങൾ എന്നിങ്ങനെയുള്ള പണിയാണ് നമുക്ക് തിരിച്ചു തരുക. മാരകമായ അസുഖങ്ങൾ വന്നു കഴിഞ്ഞാൽ ജങ്ക് ഫുഡ് പോയിട്ട് നല്ല ഫുഡ് പോലും നമുക്ക് ആസ്വദിച്ചു കഴിക്കാനാവില്ല. ജങ്ക് ഫുഡിലുള്ള അമിത കാർബോഹൈഡ്രേറ്റ്, ഫാറ്റ് എന്നിവ രക്തത്തിലെ പഞ്ചസാര ടപ്പേ എന്നങ് കൂട്ടും. ഫലമോ അലസത ഉറക്കം തൂങ്ങൽ, മയക്കം എന്നിവ ഉണ്ടാകും.പിന്നെ എങ്ങനെ പഠിക്കും?എങ്ങനെ ജോലിക്ക് പോകും?

www.malankaralibrary.com

# പരസ്യങ്ങളിൽ വീണ് പോകരുതേ...




പാക്കറ്റ് ഫുഡുകൾ വാങ്ങുമ്പോൾ അതിൽ ഷുഗർ ഫ്രീ, ഫാറ്റ് ഫ്രീ, കൊളെസ്ട്രോൾ ഫ്രീ എന്നൊക്കെ കാണാം.കൊളെസ്ട്രോൾ ഫ്രീ എന്ന ലേബലിൽ വിൽക്കുന്ന പാക്കറ്റ് ഫുഡിനോട് ആളുകൾക്കു താത്പര്യം കൂടുതലായി രിക്കും. ഇതാണ് കച്ചവട തന്ത്രം. സച്ചുറേറ്റട് ഫാറ്റ്, ട്രാൻസ് ഫാറ്റ് എന്നിവ അതിൽ ധാരാളമായി അടങ്ങിയിരിക്കുന്നതായി കാണാം. ഫാറ്റ് ഫ്രീ ഭക്ഷണങ്ങളിൽ കൊഴുപ്പ് ചേർക്കുന്നതിന് പകരം ഉപ്പും മധുരവും കൂടുതലായി ഉൾപ്പെടുത്തും. കൊഴുപ്പിന് പകരമായി ചേർക്കുന്ന വസ്തുക്കൾ വളരെ വില കുറഞ്ഞവയും ശരീരത്തിന് ഹാനികരമായവയും ആയിരിക്കും. പല ഡ്രിങ്ക്സുകളിലും പഞ്ചസാരയ്ക്ക് പകരമായി ഹൈ ഫ്രക്ടോസ് കോൺ സിറപ്പ് ഉപയോഗിക്കുന്നത് ഇത് ജീവിതശൈലീ രോഗങ്ങളുടെ പ്രധാന കാരണമാണ്.

## രുചിക്ക് പിന്നിലെ രാസവസ്തുക്കൾ

ഫാസ്റ്റ് ഫുഡുകളിൽ മണവും രുചിയും കൂട്ടനാണ് എം എസ് ജി ഉപയോഗിക്കുന്നത്. ഭക്ഷണം വീണ്ടും വീണ്ടും നമുക്ക് കഴിക്കാൻ തോന്നിപ്പിക്കും. അതിനാൽ വ്യാവസായിക ഭക്ഷണോത്പാദകർ ഇത് വളരെയധികം ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നു. ഇത് നമ്മുടെ ശരീരത്തിൽ ഒരു ശതമാനത്തിൽ കൂടുതൽ ആകരുത് എന്നതാണ് നിയമം.പാലകടക്കാരും ഇത് അഞ്ച് ശതമാനം വരെ ഉപയോഗിക്കാറുണ്ട്.തുടർച്ചയായ ഇതിന്റെ ഉപയോഗം തലവേദന, ഛർദി, അമിതവണ്ണം എന്നിവയ്ക്കും കാരണമാകാം.പാക്കറ്റ് ഫുഡുകളിൽ സോഡിയത്തിന്റെ അളവ് വളരെ കൂടുതലാണ്.ഇത് രക്തസമ്മർദ്ദം, കിഡ്നി തകരാറുകൾക്ക് കാരണമാകുന്നു.

## മാരകമായ അസുഖങ്ങളിലേക്ക് എത്തിക്കാൻ മാറ്റം അനിവാര്യം

ധാരാളം വെള്ളം കുടിക്കുക.ദാഹത്തിന്റെ ലക്ഷണങ്ങൾ ഭക്ഷണത്തിനോടുള്ള ആസക്തിയായി തെറ്റിദ്ധരിക്കാം. ഭക്ഷണത്തിൽ പ്രോട്ടീന്റെ അളവ് കൂട്ടുക. ഇത് ദീർഘ നേരം വയർ നിറഞ്ഞിരിക്കാൻ സഹായിക്കും. സോഫ്റ്റ് ഡ്രിങ്ക്സുകൾക്ക് പകരം പഴവർഗ്ഗങ്ങൾ ധാരാളമായി ഉൾപ്പെടുത്തുക. ഇത് നാരുകൾ ശരീരത്തിൽ എത്താൻ സഹായിക്കും. പച്ചക്കറികളുടെ ഉപയോഗം വിറ്റാമിൻ കുറവ് നികത്തു ന്നതിന് സഹായകമാണ്. സമീകൃത ആഹാരം ശീലമാക്കുക. ഇടവേളകളിൽ നട്ട്സ്,സീഡ്സ് ഡ്രൈ ഫ്രൂട്ട്സ് എന്നിവ ഉൾപ്പെടുത്തുക. ജങ്ക് ഫുഡുകൾക്ക് പകരം ആവിയിൽ വേവിച്ച ആഹാരങ്ങൾ, എള്ളുണ്ട,കടലമിട്ടായി എന്നിവയെല്ലാം ഭക്ഷണത്തിൽ ഉൾപ്പെടുത്താവുന്നതാണ്. നല്ല കൊഴുപ്പ് അടങ്ങിയ ആഹാരങ്ങൾ ശീലമാക്കുക. വൈവിധ്യമാർന്ന ഭക്ഷണങ്ങൾ കഴിവതും വീണ്ടിലുണ്ടാക്കി കഴിക്കാൻ ശ്രമിക്കുക. വ്യായാമം ദിനചര്യയുടെ ഭാഗമാക്കുക. അങ്ങനെ ആ പഴയ നാടൻ സംസ്കാരങ്ങൾ നമ്മുടെ ജീവിതത്തിലേക്ക് തിരികെ കൊണ്ട് വരാം. ആരോഗ്യമുള്ള ഭക്ഷണം രോഗങ്ങൾ ഇല്ലാത്ത ജീവിതം അതാവട്ടെ നമ്മുടെ മുദ്രാവാക്യം.

www.malankaralibrary.com





# വംശീയത അഥവാ Racism



Adv shini Mary Sanu
(Kerala Highcourt)

**വംശീയത** സമൂഹത്തിലെ എല്ലാവരോടും സാർവത്രിക സാഹോദര്യത്തിനും തുല്യ പരിഗണനയ്ക്കും എതിരായിട്ട് ഉള്ള ഒരു സംഗതിയാണ്. ഒരു വ്യക്തിക്ക് ആത്മാഭിമാന അവകാശങ്ങൾ നിഷേധിക്കപ്പെടുകയും ജീവിതത്തിന്റെ പൂർണ്ണമായ സാധ്യതകൾ പര്യവേക്ഷണം ചെയ്യാൻ കഴിയാതിരിക്കുകയും ചെയ്യുന്നത് മനുഷ്യന്റെ അന്തസ്സിനു വിരുദ്ധമാണ്. മറ്റ് ഗ്രൂപ്പുകളെ വെറുക്കാനും ചിലപ്പോൾ അക്രമം ആരംഭിക്കാനും ഇത് ആളുകളെ പ്രേരിപ്പിക്കുന്നു. ഇത് സങ്കുചിത ചിന്തയിലേക്കും പെരുമാറ്റത്തിലേക്കും നയിക്കുകയും മറ്റ് ഗ്രൂപ്പുകൾക്കെതിരായ പല തരത്തിലുള്ള മുൻവിധികളെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു. ഇത് സാമൂഹിക അന്തരീക്ഷത്തെ നശിപ്പിക്കുകയും ആത്യന്തികമായി സമൂഹത്തിലെ മനുഷ്യ ആസ്തികളുടെ ഉപഒപ്റ്റിമൽ വിനിയോഗത്തിൽ കലാശിക്കുകയും ചെയ്യുന്നു. സമൂഹത്തിന്റെ ഈ സാങ്കൽപ്പിക വിഭജനം, വർഗ്ഗീയതയാൽ ഉത്തേജിപ്പിക്കപ്പെടുന്നത് സമൂഹത്തിന് ഹാനികരമാണ്, കാരണം അത് സാമൂഹിക ഐക്യത്തെ തകർക്കുന്നു. വംശീയത സാങ്കൽപ്പിക വിഭജനം വർദ്ധിപ്പിക്കുക മാത്രമല്ല, ഗ്രൂപ്പ് ശ്രേണി തുടരുകയും ചെയ്യുന്നു. ഈ സമ്പ്രദായം സമൂഹത്തിന്റെ പ്രവർത്തനത്തിൽ പലമടങ്ങ് സ്വാധീനം ചെലുത്തുന്നു.

## വംശീയതയുടെ രാഷ്ട്രീയ പ്രത്യാഘാതങ്ങൾ

അടിസ്ഥാന സാമ്പത്തിക അവസരങ്ങളുടെ നിഷേധത്തിലേക്കും ശബ്ദം നഷ്ടപ്പെടുന്നതിലേക്കും നയി ക്കുന്ന അസമത്വ രാഷ്ട്രീയ അവകാശങ്ങളുടെ ഫലമാണിത്. ദാരിദ്ര്യം, തൊഴിലില്ലായ്മ തുടങ്ങിയ സവിശേഷതകൾ ഭാഗികമായി ഇത്തരം കാരണങ്ങളുടെ ഫലമാണ്. വംശീയത മനുഷ്യന്റെ വളർച്ചാ സാധ്യതകളെ വ്രണപ്പെടുത്തുന്നു, ഇത് സാമ്പത്തിക മേഖലയിൽ മനുഷ്യന്റെ സാമ്പത്തിക സാധ്യതകളെ വ്രണപ്പെടുത്തുന്നു. ഈ സ്ട്രാറ്റിഫിക്കേഷൻ ഉപയോഗിച്ച്, അനൗപചാരിക ജോലികൾ ഏറ്റെടുക്കാനും ഔപചാരിക സമ്പദ്‌വ്യവസ്ഥയുടെ പരിധിക്കപ്പുറം എന്നെന്നേക്കുമായി തുടരാനും ആളുകൾ നിർബന്ധിതരാകുന്നു.

## വംശീയതയുടെ സാമൂഹിക പ്രത്യാഘാതങ്ങൾ

വംശീയത സമൂഹത്തെ ക്രിമിനൽ വൽക്കരിക്കുന്നതിലേക്ക് നയിക്കുന്നു, ഇത് സാമൂഹിക ഐക്യത്തെ വ്രണപ്പെടുത്തുകയും അടിച്ചമർത്തപ്പെട്ട സമുദായങ്ങളോടുള്ള വിദ്വേഷം വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഇത് അടിച്ചമർത്തപ്പെട്ട സമുദായങ്ങളെ കളങ്കപ്പെടുത്തലിന്റെ ഒരിക്കലും അവസാനിക്കാത്ത ചക്രത്തിലേക്ക് കുടുക്കുന്നു. ഇത് അടിച്ചമർത്തപ്പെട്ടവരോടുള്ള വെറുപ്പിന് കാരണമാവുകയും ആൾക്കൂട്ടക്കൊലപാതകങ്ങൾ, അവർക്കെതിരായ പരസ്യമായ അക്രമം തുടങ്ങിയവയ്ക്ക് കാരണമാവുകയും ചെയ്തു. ജാതി വർഗ്ഗീകരണം, തൊട്ടുകൂടായ്മ തുടങ്ങിയ സവിശേഷതകൾ വംശീയതയുടെ ഫലമാണ്. ചുരുക്കത്തിൽ ഈ 21 ആം നൂറ്റാണ്ടിലും നമ്മുടെ സമൂഹം വംശീയത നേരിടുക എന്നതും ഏറ്റവും ദുഖകരമായ ഒരു അവസ്ഥയാണ്.

www.malankaralibrary.com





**Dr. Joe Abraham**
Assistant Professor, Community Medicine
Pushpagiri Medical College, Tiruvalla.

# Stay Cool and Be Aware: Protecting Yourself from HEAT- RELATED ILLNESSES

***As the summer season reaches its peak in Kerala, with late March temperatures soaring and government-issued heat advisories becoming more common, it's crucial to stay vigilant about staying cool and hydrated. This is a critical time to be aware of the health risks associated with hot weather and how to protect yourself from heat-related illnesses.***

***Climate change is leading to hotter temperatures worldwide, making us more susceptible to heat-stroke, dehydration, and other health problems. While these illnesses can be serious, most are preventable with simple precautions.***

## Who is most at risk?

- Older adults (over 65): Their bodies are less efficient at regulating temperature.
- People with chronic health conditions: Especially those affecting the heart, lungs, or kidneys.
- Young children: Their bodies are still developing the ability to regulate temperature.
- Anyone engaging in strenuous activity outdoors: This includes manual labor, exercise, and sports.

The dangers of heat:

- Increased hospital admissions and deaths: From heart attacks, strokes, and other complications.
- Mental health issues: Heat can worsen anxiety, depression, and other mental health conditions.
- Reduced work productivity: Heat can lead to fatigue, decreased concentration, and increased errors.

www.malankaralibrary.com

## How to stay cool and safe

• Stay hydrated: Drink plenty of water throughout the day, even if you don't feel thirsty. Avoid sugary drinks and alcohol, as they dehydrate you.
• Limit outdoor activity: Avoid strenuous activity during the hottest part of the day, usually between 11 am and 3 pm.
• Wear loose, lightweight clothing: Preferably made from breathable fabrics like cotton.
• Find cool spaces: Whenever possible, seek out places with air conditioning or fans or shade to escape the heat. Libraries, community centers, or even shaded areas in parks can provide relief from high temperatures.
• Take cool showers or baths: This helps lower your body temperature.
• Use fans strategically: While fans can provide comfort, they become less effective in high humidity (>37°C). Consider misting fans for additional cooling in dry conditions.

**If you are exercising or working outdoors:**
• Schedule activities for cooler times of the day: Early morning or evening is preferable.
• Take frequent breaks in the shade: Rest and rehydrate regularly.
• Monitor yourself and others for signs of heat illness: These include headachte, dizziness, nausea, vomiting, muscle cramps, and excessive sweating.t
If you extperience any of these symptoms, seek medical attention immediately. Heat-stroke is a life-threatening emergency and requires prompt cooling measures.

**Remember, being prepared and taking precautions can help you stay safe and healthy during the hot summer months. Enjoy the sunshine responsibly and prioritize your health!**

---



## ഓർക്കാം...

**മലങ്കര പാരമ്പര്യമനുസരിച്ച് ക്രൂശിതരൂപമില്ലാത്ത കുരിശ് ഉപയോഗിക്കുന്നതിന്റെ കാരണമെന്താണ് ?**

യേശുവിന്റെ രക്ഷാകരമായ പീഢാനുഭവത്തെയും മരണത്തെ ജയിച്ച പുനരുത്ഥാനത്തെയും രണ്ടാം വരവിനെയും സൂചിപ്പിക്കുന്നത് കൊണ്ടാണ് ക്രൂശിതരൂപമില്ലാത്ത കുരിശ് ഉപയോഗിക്കുന്നത്. മലങ്കര പാരമ്പര്യമനുസരിച്ച് ഉയിർപ്പിന് പ്രാധാന്യം നല്കുന്നതിനാലാണിത്

www.malankaralibrary.com

# സാത്താൻ സേവ അഥവാ ആന്റിക്രൈസ്റ്റ്



**അഭിലാഷ് ലാസർ ജോർജ് തേരകത്ത്**
സെന്റ് ജോസഫ് മലങ്കര കത്തോലിക്ക സുറിയാനി ചർച്ച്, ഇളമണ്ണൂർ



**പാശ്ചാത്യ രാജ്യങ്ങളിൽ സുലഭമായ ഇത്തരം പേരുകൾ ഇത്തരം പ്രവർത്തനങ്ങൾ എങ്ങനെ യാണ് നമ്മുടെ നാട്ടിലും വന്നത് എന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ?**
**ആരാണ് ഇതിന് നേതൃത്വം നൽകുന്നത്?**
**എന്താണ് ഇവരുടെ ഉദ്ദേശം?**

**കഴിഞ്ഞ കുറേ കാലങ്ങളായി നമ്മുടെ ഇടയിൽ ഉയർന്നുവരുന്ന ഒരു വാക്കാണ് സാത്താൻ സേവ അല്ലെങ്കിൽ ആന്റിക്രൈം, ആന്റി ജീസസ് ക്രൈസ്റ്റ്, ബ്ലാക്ക് മാജിക്. ഇങ്ങനെ നിരവധി പേരുകളാണ് നമുക്ക് കാണാൻ കഴിയുന്നത്.**

**നമ്മുടെ** ഈ കൊച്ചു കേരളത്തിൽ തിരുവനന്തപുരം മുതൽ അങ്ങ് വടക്കേ അറ്റത്തെ കാസർഗോഡ് വരെ ഇവരുടെ പ്രവർത്തനങ്ങൾ സുലഭമാണ് എന്നാണ് അറിയാൻ കഴിയുന്നത്. യുവ തലമുറയെ ആകർഷിക്കുന്ന ഇവരുടെ വശീകരണരീതി ലഹരി, വ്യഭിചാരം, ആഭിചാരം, തുടങ്ങിയവ പ്രോത്സാഹിപ്പിക്കുന്ന ഇവരുടെ പ്രവർത്തനങ്ങൾ, സാത്താനെ ദൈവമായി കാണുകയും

www.malankaralibrary.com

അവനെ ആരാധിക്കുകയും, ദൈവത്തിന് ഇഷ്ടമില്ലാത്തത് ചെയ്തുകൊണ്ട് അവനെ പ്രീതിപ്പെടുത്തുകയും ചെയ്യുന്ന ഒരുകൂട്ടം ആളുകളുടെ സംഘടനയാണ് സാത്താൻ സേവ.

ഈ കഴിഞ്ഞ ദിവസങ്ങളിൽ നാം ഉണരുമ്പോൾ മനുഷ്യമനസ്സിനെ പോലും മരവിപ്പിക്കുന്ന വാർത്തകളാണ് കാണാൻ കഴിയുന്നത്. നരബലി മുതൽ സ്വയം ശരീരത്തിൽ ക്രൂരമായി മുറിവേൽപ്പിച്ച് അതിൽ ആത്മസംതൃപ്തി കണ്ടെത്തി ആത്മഹത്യ ചെയ്തതുവരെ നമ്മൾ കണ്ടുകഴിഞ്ഞു.

സ്വന്തം മാതാപിതാക്കളെയും സഹോദരിയെ മടക്കം കൊന്ന് കത്തിച്ച കേഡൽ ജിൻസൺ, സാമ്പത്തിക അഭിവൃദ്ധിക്കായി രണ്ടു സ്ത്രീകളെ ക്രൂരമായി കൊന്ന് നരബലിക്കിയ മുഹമ്മദ് ഷാഫി ഭഗവത് സിംഗ് ലൈല, മന്ത്രവാദത്തിന്റെ ഭാഗമായി കട്ടപ്പനയിലെ ഇരട്ട കൊലപാതകവും കമ്പക്കാനും കൂട്ട ക്കൊലയും. തിരുവനന്തപുരത്തെ ആത്മഹത്യയും എല്ലാം സാത്താനെ പ്രീതിപ്പെടുത്താൻ വേണ്ടിയുള്ളതാണ് എന്ന് ചിന്തിക്കുമ്പോൾ ലജ്ജ തോന്നുന്നു.

പ്രിയമുള്ളവരെ സാത്താന്റെ പരാക്രമം തുടങ്ങിയത് ഇന്നോ ഇന്നലെയോ അല്ല പിതാവായ ദൈവം അവനെ സ്വർഗ്ഗത്തിൽ നിന്നും വെട്ടി താഴെ ഇട്ട നാൾ മുതൽ അവൻ മനുഷ്യരോടും ദൈവത്തോടും പ്രതികാര ദാഹിയായി അലയുകയാണ്.

അതിന് ഏറ്റവും വലിയ ഉദാഹരണമാണ് ഹവ്വയെ സർപ്പത്തിന്റെ രൂപേണ സമീപിച്ച അവന്റെ കുബുദ്ധി.

അതിനെല്ലാം ശേഷം പുതിയ നിയമത്തിൽ വരുമ്പോഴും ദൈവത്തിന്റെ പുത്രനായ ഈശോയെ പോലും അവൻ പരീക്ഷണത്തിൽ അകപ്പെടുത്തി. ഈശോയോട് അവൻ പറഞ്ഞു നിന്റെ മുട്ടുകൾ എന്റെ മുന്നിൽ കുമ്പിട്ട് സാഷ്ടാംഗം പ്രണാമിച്ച് എന്നെ ആരാധിച്ചാൽ ഇവയുള്ളതെല്ലാം നിനക്ക് നൽകുമെന്ന് വാഗ്ദാനം നൽകി എന്നാൽ നമ്മുടെ ദൈവമായ കർത്താവ് അവനെ ആട്ടിയോടിച്ചത് നമുക്കറിയാമല്ലോ.

പ്രിയമുള്ളവരെ ദൈവത്തിനെതിരെ പരീക്ഷണവുമായി ഇറങ്ങിത്തിരിച്ചവനാണ് സാത്താൻ അവനെ ആട്ടിയോടിക്കേണ്ടതും നമ്മുടെ കടമയാണ്. ദൈവപുത്രനായ ഈശോയെ പോലും അവൻ പരീക്ഷണ വസ്തുവാക്കി. ദൈവനാമത്തിൽ ഈശോ അവനെ ആട്ടിയോടിച്ചതുപോലെ ബലഹീനരായ നമുക്കും അവനെ ഓടിക്കാം.

## സാത്താൻ സേവ കേരളത്തിലുണ്ടോ?

2017ൽ കോട്ടയത്തുള്ള ഒരു യുവതി ചില വെളിപ്പെടുത്തലുകൾ നടത്തി. കേരളത്തിൽ സാത്താൻസേവ വിശ്വാസികളെ ഒന്നിച്ചു ചേർത്ത് മാസ് പ്രെയർ നടത്താൻ പോകുന്നു എന്ന്. കൊച്ചിയിലെ ഒരു ദ്വീപിൽ വച്ച് രഹസ്യമായി സാത്താൻ ആരാധകർ യോഗം ചേരാൻ പോവുകയാണെന്നാണ് ആ റിപ്പോർട്ടിൽ പറയുന്നത്. ക്രിസ്തുമത വിശ്വാസികളായ ആയിരം കന്യകമാരുടെ രക്തം വീഴ്ത്തിയുള്ള പ്രത്യേക പൂജകളാണ് ഇവർ ലക്ഷ്യം വയ്ക്കുന്നത് എന്നും റിപ്പോർട്ടിൽ സൂചിപ്പിക്കുന്നുണ്ട്. ഇതിന്റ അടിസ്ഥാനത്തിൽ പോലീസിന്റെ രഹസ്യന്വേഷണ വിഭാഗം അന്വേഷണം ആരംഭിച്ചിട്ടുണ്ട് എന്നതും ചില ഓൺലൈൻ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നുണ്ട്. ഇതിനായുള്ള സംഘങ്ങൾ പല പേരുകളിൽ പല സ്ഥലങ്ങളിൽ ഒത്തുചേരുന്നു എന്നും റിപ്പോർട്ടുകൾ പറയുന്നു. ഇവരെ തമ്മിൽ ബന്ധിപ്പിക്കുന്ന വാട്സ്ആപ്പ് ഗ്രൂപ്പുകളും നിലവിൽ ഉണ്ട്. കൊച്ചി കേന്ദ്രികരിച്ചുള്ള പ്രധാന സംഘമാണ് സാത്താൻ സേവ വിശ്വാസികളെ ഒരുമിച്ച് ചേർത്ത് പ്രാർത്ഥന നടത്തുന്നതെന്നും ഈ റിപ്പോർട്ടിൽ പറയുന്നു.



www.malankaralibrary.com

# എതിർക്രിസ്തു അഥവാ Antichrist

**എതിർക്രിസ്തു** എന്ന പ്രയോഗത്തിന് ക്രിസ്തുവിന്റെ എതിരാളി എന്നോ, ക്രിസ്തുവിന്റെ നാമത്തെയും അവകാശത്തെയും അപഹരിക്കു ന്നവനെന്നോ അർത്ഥം കല്പിക്കാം.

യോഹന്നാന്റെ ലേഖനങ്ങളിൽ മാത്രമേ ഈ പദം കാണപ്പെടുന്നുള്ളൂ; (1യോഹ, 2:18, 2:18; 22; 4:3; 2യോഹ, 1:7). എങ്കിലും എതിർക്രിസ്തുവിനെ കുറിച്ചുള്ള ആശയം തിരുവെഴുത്തുകളിൽ ഉടനീളം കാണാം. എതിർക്രിസ്തുവിനെ കുറിച്ചും എതിർ ക്രിസ്തുക്കളെ കുറിച്ചും യോഹന്നാൻ പറയുന്നുണ്ട്. ഇവിടെ കേരളത്തിൽ പലയിടങ്ങളിലും ഇവർക്ക് അനുയായികളും ആരാധനാലയങ്ങളും ഉണ്ട്. ആളുകളെ അവരുടെ വരുതിയിൽ ആക്കാൻ അവർ പരസ്യമായി ശ്രമിച്ചു തുടങ്ങിയിരിക്കുന്നു. യുവതലമുറയെ വരുതിയിലാക്കാൻ നവമാധ്യമങ്ങളിൽ അവർ ചതികുഴികൾ ഒരുക്കിയിരിക്കുന്നു. ക്രിസ്തീയ സഭ ഇല്ലായ്മ ചെയ്യുക എന്ന ഒറ്റ ഉദ്ദേശമാണ് അവരുടെ ലക്ഷ്യം. കത്തോലിക്കാ സഭയുടെ അരമനയിൽ നിന്നും തിരുവോസ്തി മോഷ്ടിച്ച് അവരുടെ കുർബാന അല്ലെങ്കിൽ കറുത്ത കുർബാന നടത്താറാണ് പതിവ്. കഴിഞ്ഞ ചില ഏതാനും വർഷങ്ങളായി ഈ സംഘം പള്ളികളിലേക്ക് ആക്രമണവും മോഷണവും നടത്തുന്നതായി കണ്ടുവരുന്നു. കൊച്ചി, കോഴിക്കോട് ,ഇടുക്കി, കോട്ടയം, തൃശ്ശൂർ, തിരുവനന്തപുരം പോലുള്ള നഗരങ്ങളിൽ ഇവർക്ക് ആരാധനാ കേന്ദ്രങ്ങൾ ഉണ്ടെന്നാണ് കേന്ദ്ര രഹസ്യ അന്വേഷണ വിഭാഗത്തിന്റെ അറിയിപ്പ്.

വിദേശരാജ്യങ്ങളിൽ ക്രിസ്തുമതക്കാരെ മാത്രം ലക്ഷ്യം വെച്ചുകൊണ്ടാണ് ഇവരുടെ പ്രവർത്തനം എങ്കില്ലും കേരളത്തിൽ ഇതര മതസ്ഥരെയും ഇവരുടെ വരുതിയിലാക്കാൻ പ്രവർത്തിക്കുന്നുണ്ട്. അതിനു വലിയ ഉദാഹരണമാണ് കഴിഞ്ഞദിവസം തിരുവനന്തപുരത്ത് ഉണ്ടായ മൂന്ന് ആത്മഹത്യാ. നഗരത്തിൽ ലഹരിക്കും നിശാ പാർട്ടിക്കും പിടി വീണതോടെ സ്വാതന്ത്ര്യമായി ലഹരിയും സെക്സും ഉപയോഗിക്കാനുള്ള സ്വാതന്ത്ര്യം ഇവർക്കുള്ളതുകൊണ്ടും യുവതി യുവാക്കളെ ഇതിലേക്ക് കൂടുതലായി ആകർഷിക്കുന്നു.

ഫേസ്ബുക്ക് പോലുള്ള നവമാധ്യമങ്ങളിൽ ഇവർക്ക് 20 ഓളം ഗ്രൂപ്പുകൾ ഉണ്ട് എന്നാണ് റിപ്പോർട്ട്. 666 എന്ന നമ്പറാണ് ഇവരുടെ പ്രൊഫൈലുകളിൽ നൽകി വരുന്നത്. ഗ്രൂപ്പുകളിൽ അംഗമാകുന്ന വരെ തന്ത്രപൂർവ്വം പ്രലോഭിപ്പിച്ച് ആരാധനാ സ്ഥലത്ത് എത്തിക്കുകയാണ് പതിവ്. ഇതിനായി ഒരു പ്രത്യേക സംഘം തന്നെ ഉണ്ട് എന്നാണ് അറിയുന്നത്. ഇവിടെ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും പിന്തുടരുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്യുന്നവർക്ക് 7 വർഷം വരെ തടവും 50000 രൂപ പിഴയും ശുപാർശ ചെയ്യുന്ന ബില്ല് ജസ്റ്റിസ് K.T തോമസ് ചെയർമാനായ നിയമപരിഷ്കരണ കമ്മീഷൻ 2019 ൽ സർക്കാരിന് സമർപ്പിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് ആഭ്യന്തരവകുപ്പ് കഴിഞ്ഞവർഷം കരട് തയ്യാറാക്കിയത്. എന്നാൽ ഇതിൽമേൽ തുടർനടപടികൾ ഉണ്ടായില്ല എന്നാണ് അറിയാൻ കഴിഞ്ഞത്.

പ്രിയമുള്ളവരെ നിയമങ്ങളും നിയമപാലകരെയും കാറ്റിൽ പറത്തി ഈ സംഘടന നഗരം മധ്യത്തിൽ തന്നെയുണ്ട്. ഒരുപക്ഷേ ഇന്ന് മൂന്നു പേരാണെങ്കിൽ നാളെയത് മുപ്പതിനായിരം ആയിട്ട് മാറും എന്നത് തീർച്ചയാണ്. ഇവരുടെ കെണിയിൽ പെടാതെ നിങ്ങൾ ജാഗ്രതയുള്ളവർ ആയിരിക്കുക. ഇവരുടെ ആരാധനാ സ്ഥലങ്ങൾ കണ്ടുപിടിച്ച് നിയമത്തിന്റെ മുൻപിൽ കൊണ്ടുവരാനും അത് നശിപ്പിക്കാനും നമ്മുടെ ഭരണകൂടത്തിന് കഴിയട്ടെ.

ശ്രദ്ധിക്കുക ആത്മഹത്യ ഒന്നിനും ഒരു പരിഹാരവും ആവുകയില്ല. ദൈവം തരുന്ന ജീവിതമാണ് ലഹരി എന്ന് തിരിച്ചറിവ് ഉണ്ടാവുക...

സാത്താന്റെ കെണിയിൽ അകപ്പെടാതിരിക്കാൻ പ്രാർത്ഥിക്കുക.

എല്ലാവർക്കും നന്മ ആശംസിച്ചുകൊള്ളുന്നു.

www.malankaralibrary.com


# കചടതപ

“കചടതപ” എന്ന ഈ പംക്തിയിലൂടെ കുട്ടികളുടെയും യുവജ ങ്ങളുടെയും സർഗാത്മകമായ കഴിവുകൾ വളർത്തുവാനും, പുതിയ ആശയങ്ങളുടെ പങ്കുവയ്ക്കലിനും, രൂപീകരണത്തിനും ഇടയാകട്ടെ.

## വര



**Joel Sunil**
**Class:8**
St. Joseph's Malankara Catholic Church, Valakuzhy



www.malankaralibrary.com



# ഘടികാരം



**ഒരു** വാച്ചു റിപ്പയർ തന്റെ കഴിവുകളെല്ലാം ഉപയോഗിച്ച് നല്ല ഒരു ക്ലോക്കുണ്ടാക്കി. ആ ഘടി കാരം വീടിന്റെ ഭിത്തിയിൽ ഉറപ്പിച്ചു. ഘടികാരം കൃത്യമായി ഒരു സെക്കൻഡു പോലും തെറ്റാ തെ ഓടാൻ തുടങ്ങി. കുറച്ചു നേരം ഭംഗിയായി ഓടിക്കഴിഞ്ഞപ്പോൾ ക്ലോക്കിന് ഒരു സംശയം: 'അടുത്ത ദിവസവും എനിക്ക് ഇപ്രകാരം ഓടു വാൻ കഴിയുമോ? ഞാനില്ലാതാകും വരെ, സമയം കൃത്യമായി കാണിക്കാൻ എനിക്കു സാധിക്കുമോ?'

ഘടികാരത്തിന്റെ സംശയം മനസ്സിലാക്കി, അതിനു രൂപകല്പന ചെയ്ത മനുഷ്യൻ അതി നോട് ഇങ്ങനെ പറഞ്ഞു 'നീ ഓടുന്നിടത്തോളം ഓടുക. പിന്നീടുള്ള കാര്യങ്ങൾ ഞാനാണു നോക്കുന്നത്. നിന്നെ ഉണ്ടാക്കാമെങ്കിൽ നിനക്കു സംഭവിക്കുന്ന കോടുപാടുകൾ പോക്കുവാനും എനിക്കു കഴിയും നീ സംശയിക്കാതെ ഓടുന്ന തിനു തയ്യാറായാൽ മാത്രം മതി. നീ എന്റെ കരങ്ങളിലായിരിക്കുന്നിടത്തോളം നീ നിന്നു പോകാതെ നിന്നെ ഓടിക്കുവാനുള്ള ചുമതല എനിക്കാണ്. ക്ലോക്കിനു കാര്യം മനസ്സിലായി അതു ഭയവും സംശയവും അവസാനിപ്പിച്ച് കൃത്യമായി ഓടുവാൻ തുടങ്ങി.

എല്ലാ കാര്യങ്ങളും നമ്മുടെ സൃഷ്ടാവായ ദൈവത്തിനു വിട്ടുകൊടുക്കുന്നതാണ് ഏറ്റവും നല്ലത്. അവിടുന്നു ചെയ്യുന്നതെന്താണെന്ന് അവിടുത്തേക്കറിയാം. നമ്മുടെ ജീവിതത്തിൽ പൗലോസ് അപ്പോസ്തോലന്റെ ഈ വാക്കുകൾ ഓർക്കാം...
'എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്കു സാധിക്കും.' (ഫിലിപ്പി 4 : 13)



**Anusha A**
Adoor

ദൈവശാസ്ത്രം

www.malankaralibrary.com



**ജെയ്മോൻ അയ്യനേത്ത്**

സെന്റ് മേരീസ് മലങ്കര സുറിയാനി
കത്തോലിക്കാ പള്ളി, അഞ്ചൽ

# വിശുദ്ധ കുർബാനയിലെ യേശു സാന്നിദ്ധ്യം ചോദ്യം ചെയ്യപ്പെടുമ്പോൾ...

**വിശുദ്ധ** കുർബാനയിലെ യേശുക്രിസ്തുവിന്റെ മഹനീയ സാന്നിദ്ധ്യം പോലെ വേദപുസ്തകത്തിൽനിന്ന് സ്പഷ്ടമായും വ്യക്തമായും തെളിയിക്കാവുന്ന മറ്റൊരു വിശ്വാസ വിഷയവുമില്ല. സുവിശേഷകൻമാരായ നാലുപേരും ഇത് സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടുമുണ്ട്. ഒരാൾ എഴുതിയതിനു മറ്റൊരാളുടെ വാക്കുകളിൽ പൂരണം കണ്ടെത്തേണ്ട ആവശ്യമില്ല എന്നവണ്ണം നാലുപേരും വ്യക്തമായ ഭാഷയിൽ തെളിച്ചു പറഞ്ഞിട്ടുള്ളതാണ് കുർബാനയുടെ കാര്യം. അർത്ഥ സുവിശേഷകന്മാർ മാത്രമല്ല, വ്യതിയാനത്തിനോ ശങ്കയ്ക്കോ ഇടമില്ലാത്തവിധം വി. പൗലോസും തന്റെ ലേഖനങ്ങളിൽ സ്പഷ്ടമായി അത് ആവർത്തിച്ചുറപ്പിച്ചിരിക്കുന്നു.

വളരെ കരുതലോടെ പശ്ചാത്തലമൊരുക്കി വ്യക്തമായ മുന്നറിയിപ്പും വാഗ്ദാനവും നൽകിക്കൊണ്ടാണു കർത്താവു വി. കുർബാന സ്ഥാപിച്ചത്. അതൊരു സാധാരണ കാര്യമല്ലെന്നും ഗഹനമായ രഹസ്യമുൾക്കൊള്ളുന്ന ഒരദ്ഭുതം അതിലുണ്ടെന്നും ഈ പശ്ചാത്തല സജ്ജീകരണവും വാഗ്ദാനവും സൂചിപ്പിക്കുന്നു. തന്റെ തിരുമൊഴികൾ കേൾക്കാൻ തടിച്ചുകൂടിയിരുന്ന പത്തയ്യായിരം ജനങ്ങൾക്കു ഭക്ഷിക്കാനൊന്നുമില്ലെന്നുകണ്ട് അഞ്ചപ്പവും രണ്ടു മത്സ്യവും വിഭജിച്ചു നൽകി അവരെ സംതൃപ്തരാക്കിത്തീർത്തതിനുശേഷം ആ സംഭവം പശ്ചാത്തലമാക്കിക്കൊണ്ടാണ് താൻ നൽകാൻ പോകുന്ന മറ്റൊരു അപ്പത്തെക്കുറിച്ച് അവിടുന്നു സംസാരിക്കുന്നത്. വരാൻ പോകുന്ന തലമുറകളിലെ കോടാനുകോടി മനുഷ്യർക്കു നൽകാൻ പോകുന്ന ജീവന്റെ അപ്പം;

www.malankaralibrary.com

സ്വർഗ്ഗത്തിൽനിന്നു പണ്ടു പിതാക്കന്മാർക്കു വർഷിച്ചുകൊടുത്ത മന്നായെക്കാൾ വിശിഷ്ടവും ശ്രേഷ്ഠവുമായ ഒരു അപ്പം, അങ്ങനെയൊരപ്പം താൻ നൽകാൻ പോകുന്നുവെന്നു കർത്താവു മുൻകൂട്ടി അറിയിച്ചതായി വി. യോഹന്നാന്റെ സുവിശേഷം 6ാം അദ്ധ്യായത്തിൽ നാം വായിക്കുന്നു. ഇങ്ങനെ ഒട്ടേറെ ചിന്തകൾ വിശുദ്ധ ബൈബിൾ വായിക്കുന്നതിലൂടെ നമുക്ക് ലഭിക്കുന്നു.

വിശുദ്ധ കുർബാനയിലെ യേശു സാന്നിദ്ധ്യത്തെ പലപ്പോഴും സംശയത്തോടെ കാണുന്നവരായിരുന്നു ശാസ്ത്ര ലോകം. എന്നാൽ ലോകമെമ്പാടും പല സമയങ്ങളിലുമായി നടന്ന ദിവ്യകാരുണ്യ അത്ഭുതങ്ങൾ 33 വയസ്സുള്ള, ഗോഗുൽത്തായിൽ ബലിയാടായ, നമ്മുടെ രക്ഷിതാവും നാഥനുമായ കർത്താവേശു മിശിഹായുടെ സാന്നിധ്യം വിശ്വാസികൾക്ക് എന്നതിനപ്പുറം ശാസ്ത്രലോകത്തിനും ലോകത്തിലെ എല്ലാ ജനങ്ങൾക്കും തെളിയിച്ചു കൊടുക്കപ്പെട്ടവയായിരുന്നു. യഹൂദന്മാർ ഒരുമിച്ച് കൂടുമ്പോൾ അപ്പം മുറിച്ച് പങ്കിടുന്ന സ്നേഹവിരുന്ന് നടത്തുന്നത് പതിവായിരുന്നു. ആ പതിവ് നമ്മുടെ കർത്താവ് ആവർത്തിച്ചിരുന്നു. പലതവണ യേശു തന്റെ ഒപ്പമുള്ളവർക്ക് അപ്പം പങ്കിട്ട് നൽകിയതായി സുവിശേഷ ഭാഗങ്ങളിൽ കാണാം. ഉയർപ്പിന് ശേഷവും അവൻ ശിഷ്യന്മാർക്ക് അപ്പം പങ്കിട്ട് നൽകുന്ന ഒരു സംഭവം ഉണ്ട്. ആ പതിവ് തുടരണമെന്നും തന്റെ ഓർമ്മയ്ക്കുള്ള സ്നേഹ വിരുന്നായി അത് മാറ്റണമെന്നും മാത്രമാണോ കർത്താവുദ്ദേശിച്ചത്? അങ്ങനെയായിരുന്നെങ്കിൽ ശരീരം അപ്പത്തിന്റെ രൂപത്തിൽ നൽകുമെന്ന വാഗ്ദാനവും മുന്നറിയിപ്പും അവനു വേണ്ടിയിരുന്നില്ല. എന്റെ ഓർമ്മയ്ക്കായി 'അപ്പമുറിക്കൽ' എന്ന സ്നേഹവിരുന്ന് തുടരണം എന്നല്ലാതെ ഇത് എന്റെ ശരീരമാകുന്നു എന്ന് പറയേണ്ടിയിരുന്നില്ല. അപ്പം കയ്യിൽ എടുത്ത് ഇത് എന്റെ ശരീരമാണെന്ന് പറയുമ്പോൾ അപ്പത്തിന്റെ ഉള്ളടക്കം സർവ്വശക്തനായ വക്താവിന്റെ ഇച്ഛ അനുസരിച്ച് മാറുന്നു. ആ മാറ്റം കണ്ണുകൊണ്ട് കാണാൻ കഴിയാത്തത് നമ്മുടെ കണ്ണിന്റെ പരിമിതി നിമിത്തമാണ്.

വിശ്വാസത്തിന്റെ കണ്ണുകൊണ്ട് നോക്കുമ്പോൾ വിശുദ്ധ കുർബാനയുടെ രഹസ്യം മുഴുവൻ തെളിഞ്ഞു വിളങ്ങുന്നത് കാണുവാൻ നമുക്ക് സാധിക്കും. 'എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്ക് സാധിക്കും' എന്ന വചനത്തിൽ അടിയുറച്ച് വിശ്വസിച്ചു കൊണ്ട് വി. ദിവ്യകാരുണ്യാനുഭവത്തിൽ നമുക്ക് മുന്നേറാം.



www.malankaralibrary.com

# തനിയെ ഒരാൾ



ലിബി



# നമുക്കിടയിലെ സൂപ്പർ ഹീറോ

'കരുണയുള്ളവർ ഭാഗ്യവാന്മാർ എന്തെന്നാൽ അവരുടെ മേൽ കരുണയുണ്ടാകും' എന്ന തിരുവചനം അക്ഷരം പ്രതി തന്റെ ജീവിതംകൊണ്ട് തെളിയിച്ചുകാണിച്ച ഓട്ടിസം ബാധിച്ച മനുഷ്യരുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന ഭൂമിയിൽ മനുഷ്യനായി പിറന്ന സ്വർഗ്ഗത്തിന്റെ ദൂതൻ ശ്രീ. രാജൻ കൈപ്പള്ളിൽ.

മാവേലിക്കര ഭദ്രാസനത്തിലെ ചെങ്ങന്നൂർ വൈദീക ജില്ലയിലെ ഇലഞ്ഞിമേൽ ഇടവകയിലെ അംഗങ്ങൾ ആയ കൈപ്പള്ളിൽ ഉമ്മൻ ഉണ്ണൂണിയുടെയും മറിയാമ്മ ഉണ്ണൂണ്ണിയുടെയും മകനായി 1958 ഫെബ്രുവരി 23 ന് ജനിച്ചു. 1958 മെയ് 7 ന് അവിഭക്ത തിരുവനന്തപുരം അതിഭദ്രാസന മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് ബെനഡിക്ട് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായാൽ മാമോദീസാ മുക്കപ്പെട്ടു. മാമോദീസാ സമയത്തു അഭിവന്ദ്യ തിരുമേനിയുടെ കുരിശിൽ പിടിക്കുകയും ചിരിക്കുകയും ചെയ്ത അദ്ദേഹത്തിനെ കണ്ട് അദ്ദേഹത്തിന്റെ അപ്പനോട് 'ഇവനെ എനിക്ക് വിട്ടുതരണം സെമിനാരിയിൽ ചേർക്കണം' എന്നു അഭിവന്ദ്യ പിതാവ് പറയുകയുണ്ടായി. ചെറുപ്രായത്തിലേ തന്നെ നിലാലംബരോട് കരുണയുണ്ടായിരുന്ന അദ്ദേഹം അക്കാലത്തു തന്നെ ദൈവീക കാര്യങ്ങളോട് ആഭിമുഖ്യം പുലർത്തിയിരുന്ന വ്യക്തിത്വം ആയിരുന്നു. തന്റെ പത്താമത്തെ വയസിൽ തന്നെ മദ്ബഹാ ശുശ്രൂഷകനായി. ലീജിയൻ ഓഫ് മേരിയിലും, 197273 കാലഘട്ടത്തിലെ KCSL (Kerala Catholic Students League) ന്റെ ഭദ്രാസന പ്രസിഡന്റ് ആയി സേവനം അനുഷ്ഠിക്കുകയും കൂടാതെ സൺഡേ സ്കൂൾ, MCYM എന്നീ സംഘടനകളിലും പ്രവർത്തിക്കുകയുണ്ടായി.

പത്തു വയസ്സുള്ളപ്പോൾ തന്നെ അപ്പനോടൊപ്പം ആശുപത്രി സന്ദർശിച്ചിരുന്ന അദ്ദേഹത്തിന് ചെറുപ്രായത്തിൽ തന്നെ രോഗികളോട് അനുകമ്പ ഉണ്ടായിരുന്നു. തന്റെ പിതാവിന്റെ ഏറ്റവുമടുത്ത സുഹൃത്തായിരുന്ന ഡോക്ടർ കോശി സൗജന്യമായി പാവപ്പെട്ടവർക്ക് ചികിത്സ ലഭ്യമാക്കിയിരുന്ന വ്യക്തിത്വം ആയിരുന്നു. ഡോ. കോശിയുടെ ജീവിതം ശ്രീ രാജനെ ചെറുപ്രായത്തിൽ നന്നേ സ്വാധീനിച്ചിട്ടുണ്ട്.

www.malankaralibrary.com

സെമിനാരിയിൽ പോകണം എന്ന് ആഗ്രഹം ഉണ്ടായിരുന്നെങ്കിലും അന്നത്തെ സാഹചര്യത്തിൽ സാധിച്ചില്ല; തമ്പുരാന്റെ ഹിതം മറ്റൊന്നായിരുന്നു.

1978 ൽ വന്ദ്യ ഫാ. ഗീവർഗീസ് ചരുവിള ഇടവക വികാരിയായി സേവനം അനുഷ്ഠിക്കുന്ന കാലഘട്ടത്തിൽ ജോലിസംബന്ധമായ ആവശ്യങ്ങൾക്ക് മുംബൈ, ഡൽഹി, കൽക്കട്ട, മദ്രാസ് എന്നിവിടങ്ങളിൽ പോകുവാൻ ഇടയാകുകയും ഇവിടെയെല്ലാം ജോലി ചെയ്യുകയും ചെയ്തിരുന്നു .

1986 ൽ വന്ദ്യ കോശി അച്ചന്റെ (അഭിവന്ദ്യ ജോഷ്വ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്താ) കാർമികത്വത്തിൽ കുണ്ടറ മുളവന പണയിൽ ലൂക്കോസിന്റെയും ഏലിയാമ്മയുടെയും മകൾ ലീലാമ്മയുമായുള്ള വിവാഹം നടന്നു. 1988 മാർച്ച് 10 ന് മകൻ റോബിൻ രാജൻ ജനിച്ചു. ജനന സമയത്തുണ്ടായ ചില ബുദ്ധിമുട്ടുകൾ കാരണം മകന് വേണ്ടത്ര ഓക്സിജൻ ലഭിക്കാത്തതിനാൽ 15 ദിവസത്തോളം ഐസിയുവിൽ ആയിരുന്നു. 15 ദിവസം കഴിഞ്ഞു മകനെ തിരികെ ഏല്പിക്കുമ്പോൾ ഇത് ഒരു സാധാരണ കുട്ടി അല്ലെന്നും ധാരാളം വൈകല്യങ്ങൾ ഉള്ള മകൻ ആണെന്നും ഡോക്ടർ പറയുകയുണ്ടായി. നടക്കുവാനും മറ്റും ബുദ്ധിമുട്ട് ഉണ്ടായിരുന്ന മകനെ 1996 വരെയും മാതാപിതാക്കൾ ഡൽഹിയിൽ താമസിച്ചു കൊണ്ട് വിദഗ്ദ്ധ ചികിത്സ നൽകുകയും കണ്ണിലെ കൃഷ്ണമണിപോലെ പരിപാലിക്കുകയും ചെയ്തു. അക്കാലത്ത് ഭാര്യ ശ്രീമതി ലീലാമ്മ ഡൽഹി അകകണ്ടൽ നഴ്സ് ആയി സേവനം അനുഷ്ഠിച്ചു വരികയായിരുന്നു.

ഇന്ദിരാഗാന്ധിയെ പരിചരിച്ചതിനുള്ള അവാർഡ് കരസ്ഥമാക്കിയ വ്യക്തി ആയിരുന്നു ശ്രീമതി ലീലാമ്മ. ശ്രീ രാജൻ കൈപ്പള്ളിൽ ഡൽഹിയിലുള്ള ഒരു ലെതർ ആൻഡ് പ്രഷ്യസ് സ്റ്റോൺസ് കമ്പനിയിൽ ജോലി ചെയ്യുകയായിരുന്നു. നിരന്തരം അപസ്മാരം വന്നു കൊണ്ടിരുന്ന മകന്റെ അവസ്ഥ വളരെ ബുദ്ധിമുട്ടിൽ ആയിരുന്നു. ദിവസത്തിൽ അറുപതിലധികം തവണ മകൻ റോബിന് അപസ്മാരം വരിക പതിവായിരുന്നു. 1996 ൽ മകന് വേണ്ടത്ര ശ്രദ്ധ കൊടുക്കുവാൻ വേണ്ടി മാതാപിതാക്കൾ ഡൽഹിയിലുള്ള തങ്ങളുടെ ജോലി ഉപേക്ഷിച്ചു നാട്ടിലേക്ക് വരികയും തിരുവല്ല പുഷ്പഗിരി ആശുപത്രിയിൽ ചികിത്സ ആരംഭിക്കുകയും ചെയ്തു. മാതാപിതാക്കൾ പ്രാർത്ഥിക്കുമ്പോൾ ഒക്കെയും സംസാരിക്കാൻ സാധിക്കില്ല എങ്കിലും ആ പ്രാർത്ഥനകൾ



www.malankaralibrary.com



ചൊല്ലുവാൻ താത്പര്യം കാട്ടിയിരുന്നുവെന്നത് ദൈവത്തിന്റെ വലിയ ഒരു അത്ഭുതമായി മാതാപിതാക്കൾ ഇരുവരും കാണുന്നു.

തന്റെ മകന് വേണ്ടി ഒരു വീൽ ചെയർ സംഘടിപ്പിക്കുവാൻ പല വാതിലുകളും മുട്ടിയെങ്കിലും അദ്ദേഹത്തിനു നിരാശയായിരുന്നു ഫലം. എല്ലാ വഴിയും അടഞ്ഞപ്പോൾ ഒരു സുഹൃത്തുമായി ചേർന്നുകൊണ്ട് പുതുതായി 17 വീൽ ചെയറുകൾ നിർമ്മിക്കുകയും 16 എണ്ണം ഇതുപോലെ അർഹതപ്പെട്ടവർക്ക് കൊടുക്കുകയും ചെയ്തു . ഈ സംഭവം ഒരു അപ്പന്റെ അല്ലെങ്കിൽ ഒരു മനുഷ്യന്റെ തോറ്റുകൊടുക്കുവാനുള്ള മനസ്സില്ലായ്മയെയാണ് കാണിക്കുന്നത്.

മകന്റെ ഈ രോഗാവസ്ഥമൂലം ശ്രീ രാജൻ കേരളത്തിലെ എല്ലാ ജില്ലകളിലും സഞ്ചരിച്ചു തന്റെ മകനെപോലെ വൈകല്യമുള്ള കുട്ടികൾ എത്രപേർ ഉണ്ടെന്ന് ഒരു സർവേ നടത്തുവാൻ തീരുമാനിച്ചു. ഏകദേശം ആയിരത്തിനു മുകളിൽ കുട്ടികളെ അദ്ദേഹത്തിന് കണ്ടെത്തുവാൻ സാധിച്ചു. അവരിൽ ഭൂരിഭാഗം ആളുകൾക്കും ഇത്തരത്തിലുള്ള സ്പെഷ്യൽ സ്കൂളുകളിൽ കുട്ടികളെ വിടുവാനും വേണ്ടത്ര പരിചരണ കൊടുക്കുവാനും സാധിച്ചിരുന്നില്ല. അപ്പോൾ തന്റെ പ്രദേശത്തു എന്തുകൊണ്ട് ഇത്തരത്തിലുള്ള കുട്ടികൾക്ക് വേണ്ടിയുള്ള ഒരു സെന്റർ തുടങ്ങികൂടാ എന്ന ആശയം അദ്ദേഹത്തിന്റെ മനസിൽ ഉദിക്കുകയും തിരുവല്ല കേന്ദ്രീകരിച്ചു സെന്റർ ഫോർ ഓട്ടിസം ഇന്ത്യ എന്ന പേരിൽ ഒരു സ്ഥാപനം തുടങ്ങുകയും ചെയ്തു. അതേപോലെ തന്നെ അദ്ദേഹത്തിന്റെ വീടിനടുത്തുള്ള അഞ്ചേക്കർ സ്ഥലത്ത് മാത്തുണ്ണി മാത്യുസ് സെന്റർ എന്ന പേരിൽ 36 വ്യക്തികൾ ചേർന്ന് ഒരു ട്രസ്റ്റ് രൂപീകരിക്കുകയും ഒരു പകൽ വീട് തുടങ്ങുകയും അതിന്റെ ചുമതല ശ്രീ രാജൻ കൈപ്പള്ളിൽ ഏറ്റെടുക്കുകയും ചെയ്തു. അവിടെതന്നെ വൈകല്യമുള്ള കുട്ടികളെ കൃഷിയിൽ പ്രോത്സാഹിപ്പിക്കുവാനും അദ്ദേഹം ശ്രദ്ധിച്ചിരുന്നു. മൂന്നു പഞ്ചായത്തുകളിൽ നിന്നായി 100 കുട്ടികളെ കൃഷി ചെയ്യുവാൻ തെരഞ്ഞെടുക്കുകയും അതിൽ ഏറ്റവും മികച്ചരീതിയിൽ കൃഷി ചെയ്ത 10 കുട്ടികൾക്ക് അവാർഡ് ഏർപ്പെടുത്തുകയും സാമ്പത്തികമായി സഹായിക്കുകയും ചെയ്തുകൊണ്ട് വൈകല്യമുള്ള കുട്ടികളെ മാനസികമായും ആരോഗ്യപരമായും മുന്നോട്ട് കൊണ്ടുവരാൻ അദ്ദേഹം ശ്രമിയ്ക്കുന്നു.

കാലുകൾ നഷ്ട്ടപെട്ട ആളുകളോട് സംസാരിക്കുവാൻ അവസരം ഉണ്ടായപ്പോൾ അവരിൽ പലരും പുറം ലോകമൊന്ന് കാണുവാൻ ആഗ്രഹം ഉണ്ട് എന്ന് പറഞ്ഞതുമൂലം life and limb എന്ന പേരിലുള്ള ജർമനിയിൽ നിന്നും കൃത്രിമ കാലുകൾ ഇറക്കുമതി ചെയ്യുന്ന ഒരു സംഘടനയുമായി ബന്ധപ്പെട്ടു 1 ലക്ഷം മുതൽ മൂന്നു ലക്ഷം രൂപാവരെ വിലയുള്ള കൃത്രിമ കാലുകൾ കൊടുക്കുകയും ആ കാലുകൾ ലഭിച്ചത് മൂലം പലർക്കും ജോലിയും ബിസിനസും ചെയ്തുകൊണ്ട് സ്വന്തമായി ജീവിത മാർഗ്ഗവും ഉണ്ടായി. ഇതുവരെ 1070 വികലാംഗർക്ക് കൃത്രിമ കാലുകളും 10070 ആളുകൾക്ക് വീൽചെയറും എത്തിച്ചുകൊടുക്കുകയും ചെയ്തു.

14 ജില്ലകളിൽ മെഡിക്കൽ സൗജന്യ ക്യാമ്പുകൾ പല സംഘടനകളുമായി ചേർന്ന് നടത്തി. ആൻഡമാൻ നിക്കോബാർ ദ്വീപുകളിൽ മലങ്കര യാക്കോബായ സുറിയാനി ഓർത്തഡോക്സ്

www.malankaralibrary.com

സഭയുടെ നിരണം മെത്രാ പോലീത്താ ആയിരുന്ന മോർ കൂറിലോസ് ഗീവർഗീസ് തിരുമനസുമായി ചേർന്ന് അഭിവന്ദ്യ തിരുമേനിയുടെ സുഹൃത്ത് വഴിയായി നടത്തിയ അന്വേഷണത്തിൽ ഏതാണ്ട് ഏഴായിരത്തിപതിനെട്ട് വൈകല്യമുള്ളവരെ കണ്ടെത്തുവാൻ അദ്ദേഹത്തിന് സാധിക്കുകയും മെഡിക്കൽ സർട്ടിഫിക്കറ്റ് കൊടുക്കുകയും അതുമൂലം മൂവായിരം രൂപാ വീതം അവർക്ക് പെൻഷൻ ലഭിക്കുവാനും ഇടയായി.

വീണ്ടും പല യാത്രകൾ അദ്ദേഹം നടത്തുകയും ആ യാത്രകളിലെല്ലാം ഇതുവരെ അൻപത്തിആറായിരത്തി എഴുനൂറ്റി പതിനേഴ് ആളുകളെ കണ്ടെത്തുകയും അവർക്ക് വേണ്ട സഹായങ്ങൾ ചെയ്തു കൊടുക്കുകയും ചെയ്തു. കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെയും, സർക്കാരിന്റെ സോഷ്യൽ സെക്കുരിറ്റി മിഷന്റെയും, ലയൺസ് ക്ലബ്ബ്, റോട്ടറി ക്ലബ് തുടങ്ങിയവയുടെയും 53 മറ്റ് അവാർഡുകളും ശ്രീ രാജൻ കൈപ്പള്ളിൽ സാറിന് ലഭിച്ചിട്ടുണ്ട്.

ഇപ്പോൾ അദ്ദേഹം മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ MCA എന്ന സംഘടനയുടെ മാവേലിക്കര ഭദ്രാസന സമിതിയുടെ മാനേജിങ് കമ്മറ്റി മെമ്പർ ആയി സേവനം അനുഷ്ഠിക്കുന്നതിനോടൊപ്പം ഓട്ടിസം ബാധിച്ച കുട്ടികളുടെ ജീവിതകഥ പറയുന്ന ഒരു പുസ്തകത്തിന്റെ പണിപ്പുരയിൽ ആണ്. അതോടൊപ്പം തന്നെ അദ്ദേഹത്തിനെ സ്വപ്നം ആണ് കേരളത്തിലെ എല്ലാ ജില്ലകളിലും തിരുവല്ലയിൽ ഉള്ളതുപോലെയുള്ള ഓട്ടിസം ബാധിച്ച കുട്ടികൾക്കു വേണ്ടിയുള്ള ഓരോ സെന്ററുകൾ സ്ഥാപിക്കണം എന്നത് അത് നടപ്പിലാ ക്കുവാൻ സർവ്വശത്തനായ ത്രിയേക ദൈവം അദ്ദേഹത്തെ സഹായിക്കട്ടെ.

ശ്രീ രാജൻ കൈപ്പള്ളിൽ സാറിന്റെ മനസ്സ് നിറയെ ദൈവത്തോടുള്ള അപേക്ഷകൾ മാത്രമാണ് ഓട്ടിസവും മറ്റു വൈകല്യങ്ങളുമുള്ള ഒരു കുട്ടികളും ജനിക്കരുതേ എന്ന അപേക്ഷ. സർവശക്തനായ ത്രിയേക ദൈവം അദ്ദേഹത്തോട് ഒപ്പം ഉണ്ട് എന്നത് നമുക്ക് വ്യക്തമാണ് കാരണം കുറച്ചു വർഷങ്ങൾക്ക് മുന്നേ വളരെ വലിയ ഒരു ബൈക്കപകടത്തിൽ പെടുകയും അതിൽനിന്ന് കൈക്ക് ഒരു ചെറിയ ഒടിവ് ഉണ്ടായി എന്നതൊഴിച്ചാൽ യാതൊന്നും സംഭവിച്ചില്ല എന്നത് ഇനിയും ദൈവത്തിന് അദ്ദേഹത്തെകൊണ്ടു ഭൂമിയിൽ ഒരുപാട് കാര്യങ്ങൾ ചെയ്യുവാൻ ഉണ്ട് എന്നത് വ്യക്തമാകുന്നു.

സാറിന്റെ പത്നി ശ്രീമതി ലീലാമ്മയെ പറ്റി പറയുവാനാണെങ്കിൽ മറ്റൊരു ലേഖനം തന്നെ വേണ്ടിവരും. അകകണ്ട ആശുപത്രിയിലെ ആരും കൊതിക്കുന്ന നഴ്സ് ഉദ്യോഗം വിട്ടിട്ടു തന്റെ മകനുവേണ്ടി നാട്ടിൽ വരികയും കഴുത്തിലും തലയിലും ക്യാൻസർ എന്ന രോഗം പിടിപെടുകയും 5 ശസ്ത്രക്രിയകൾക്ക് വിധേയയാകുകയും ചെയ്തിട്ടും തന്റെ മനസാന്നിധ്യവും താൻ എല്ലാദിവസവും അനുഭവിക്കുന്ന വിശുദ്ധ കുർബാനയുടെയും പ്രാർത്ഥനയുടെയും ശക്തിയാൽ ആണ് ഇന്നോളം തന്റെ മകനെ യാതൊരു മുഷിപ്പും കൂടാതെ പരിചരിക്കുവാൻ ശ്രീമതി ലീലമ്മക്ക് സാധിക്കുന്നത്. സ്വന്തം കുഞ്ഞിനെ കൊല്ലുകയും ഉപേക്ഷിച്ചു പോകുകയും ഒക്കെ ചെയ്യുന്ന പല സ്ത്രീകൾക്ക്



www.malankaralibrary.com



ഇടയിലും മറ്റുള്ളവർക്ക് ഒരു മാതൃക തന്നെ യാണ് ശ്രീമതി ലീലാമ്മ. ഇപ്പോൾ ഇരുവരു ടെയും മകനായ റോബിന് 36 വയസ്സുണ്ട് ഈ 36 വർഷവും തന്റെ മകന് വേണ്ടിയും മറ്റുള്ള കുട്ടികൾക്കവേണ്ടിയുമുള്ള ശുശ്രൂഷയിൽ ഈ ദമ്പതിക ൾക്ക് ശരിക്കും ഒന്ന് ഉറങ്ങു വാൻ പോലും സാധിച്ചിട്ടില്ല എന്നത് വളരെ അത്ഭുതത്തോടെ നോക്കിക്കാണുന്ന കാര്യമാണ്. മനുഷ്യർക്ക് ഇങ്ങനെയും ജീവി ക്കുവാൻ സാധി ക്കുമോ എന്ന ചിന്ത ഇവരുടെ ജീവിതകഥ അറിഞ്ഞവരെല്ലാവരുടെയും മനസ്സിൽ ഉണ്ടാകുന്നതാണ്.

വെറുപ്പിന്റെയും ദുഷിപ്പിന്റെയും വൈരാഗ്യത്തിന്റെയും കള്ളങ്ങ ളുടെയും വഞ്ചനയുടെയും ചതി യുടെയും സകലമാന കൊള്ള രുതായ്മ കളുടെയും ഈ കാ ലത്തും ഈ ലോകത്ത് നന്മ വറ്റാത്ത ഇങ്ങനെയൊക്കെ നിന്ന് പോകുന്നത് ശ്രീ രാജൻ സാറി നെപോലെയുള്ള വ്യക്തികൾ ഇവിടെ ജീവിച്ചിരിക്കുന്നത് കൊ ണ്ടാണ് ഇവരൊക്കെ കാരണം ആണ് ദൈവത്തിന്റെ കൃപ നിർ ത്താതെ ഈ ലോകത്തിലേക്ക് ഇറങ്ങി വരുന്നത് എന്നു നമുക്ക് പറയുവാൻ സാധിക്കും. "Not all heros wear capes" എന്ന് പറയു ന്നതുപോലെ സത്യത്തിൽ ശ്രീ രാജൻ കൈപ്പള്ളിൽ സാർ ഒരു ഹീറോ തന്നെയാണ് നമ്മുടെ ഇടയിൽ നമ്മോടൊപ്പം ആയിരുന്നു കൊണ്ടു തന്റെ ജീവിതം കൊണ്ട് ചെയ്യാൻ ആവുന്നതെല്ലാം മറ്റുള്ള വർക്കുവേണ്ടി ചെയ്യുന്ന 'ആൾ ക്കൂട്ടത്തിൽ തനിയെ ഒരാൾ'




www.malankaralibrary.com





# മലങ്കര സഭ ഏപ്രിൽ മാസത്തിൽ

**1954 ഏപ്രിൽ 22** തിരുവല്ല ഭദ്രാസനത്തിന്റെ സഹായ മെത്രാൻ സക്കറിയാസ് മാർ അത്താനിയോസ് തിരുമേനിയുടെ മെത്രാഭിഷേകം.

**1987 ഏപ്രിൽ 28** ഐസക്ക് മാർ യൂഹാനോൻ തിരുമേനി കാലം ചെയ്തു

**1988 ഏപ്രിൽ 16** ആർച്ച് ബിഷപ്പ് ബെനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി സി.ബി.സി.ഐ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു.

**1997 ഏപ്രിൽ 8** ലോറൻസ് മാർ അപ്രേം തിരുമേനി കാലം ചെയ്തു.

**2005 ഏപ്രിൽ 1** അനൗദ്യോഗിക പ്രാരംഭ സൂനഹദോസ് തിരുവല്ല ചെറുപുഷ്പഗിരി അരമനയിൽ

**2005 ഏപ്രിൽ 2** ജോൺപോൾ രണ്ടാമൻ മാർപാപ്പ കാലം ചെയ്തു.

**2005 ഏപ്രിൽ 8** റോമിൽ നടന്ന ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ കബറടക്ക ശുശ്രൂഷയിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയെ പ്രതിനിധീകരിച്ച് മോറോൻ മോർ സിറിൽ ബസേലിയോസ് കത്തോലിക്കാബാവയും തിരുവല്ല ഭദ്രാസനാനദ്ധ്യക്ഷൻ അഭിവന്ദ്യ ഐസക് മാർ ക്ലീമിസ് തിരുമേനിയും പങ്കെടുത്തു.

**2010 ഏപ്രിൽ 13** ബത്തേരി ഭദ്രാസനനദ്ധ്യക്ഷൻ അഭിവന്ദ്യ ജോസഫ് മാർ തോമസ് തിരുമേനിയുടെ സ്ഥാനാരോഹണം.

**2010 ഏപ്രിൽ 15** പുത്തൂർ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാൻ അഭിവന്ദ്യ ഗീവർഗീസ് മാർ ദിവന്നാസിയോസ് തിരുമേനിയുടെ സ്ഥാനാരോഹണം.

**2018 ഏപ്രിൽ 10** അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനി പത്തനംതിട്ട ഭദ്രാസനത്തിന്റെ കോ അഡ്ജുത്തോർ ബിഷപ്പായും അഭിവന്ദ്യ യുഹാനോൻ മാർ തെയഡോഷ്യസ് തിരുമേനി മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ കോ അഡ്ജുത്തോർ ബിഷപ്പായും നിയമിതരായി.

**2018 ഏപ്രിൽ 12** അഭിവന്ദ്യ യുഹാനോൻ മാർ തെയഡോഷ്യസ് തിരുമേനി മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ കോ അഡ്ജുത്തോർ ബിഷപ്പായി സ്ഥാനമേറ്റെടുത്തു.

**2018 ഏപ്രിൽ 29** അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനി പത്തനംതിട്ട ഭദ്രാസനത്തിന്റെ കോ അഡ്ജുത്തോർ ബിഷപ്പായി സ്ഥാനമേറ്റെടുത്തു.